കാഞ്ഞിരപ്പള്ളി രൂപതാ മുഖപത്രം

# ദർശകൻ

DARSAKAN

വാല്യം: 14 ലക്കം: 02 | നേരായ ജീവിതം ശരിയായ ദർശനം | ഫെബ്രുവരി 2025

# നഷ്ടപ്പെടുത്തരുത് നമ്മുടെ കൗമാരത്തെ

## യുദ്ധകാലാടിസ്ഥാനത്തിൽ ഒരു സമഗ്രമായ പദ്ധതി വേണം

2024 ആഗസ്റ്റ് വരെ 8 മാസം കൊണ്ട് കുട്ടികൾ ഉൾപ്പെട്ട 39 മയക്കുമരുന്ന് കേസുകളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ 741 കേസുകളിലായി 1510 കുട്ടികൾ ഉൾപ്പെട്ട മറ്റു കുറ്റകൃത്യങ്ങൾ. അതിൽ തന്നെ രണ്ട് കൊലപാതക കേസുകൾ. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് മയക്കുമരുന്ന് കയ്യിൽ വെച്ചതിന് പിടിക്കപ്പെട്ടത് 1600 കുട്ടികൾ. ഇത് കേരള പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്കാണെങ്കിൽ ചെറുതും വലുതുമായ ഇത്തരം കേസുകൾ വിദ്യാലയങ്ങളിൽ എത്രമാത്രമുണ്ടെന്ന് സ്കൂളുമായി ബന്ധപ്പെടുന്നവർക്കറിയാം.

2025 ജനുവരി 21ന് നിയമസഭയിൽ ശ്രീ അൻവർ സാദത്ത് എം.എൽ.എ.യുടെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിൽ കുട്ടികൾ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നതിന്റെ ഒരു കണക്ക് അവതരിപ്പിക്കുന്നുണ്ട്. 2024 ആഗസ്റ്റ് വരെ 8 മാസം കൊണ്ട് കുട്ടികൾ ഉൾപ്പെട്ട 39 മയക്കുമരുന്ന് കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ 741 കേസുകളിലായി 1510 കുട്ടികൾ ഉൾപ്പെട്ട മറ്റു കുറ്റകൃത്യങ്ങൾ. അതിൽ തന്നെ രണ്ട് കൊലപാതക കേസുകളും. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് മയക്കുമരുന്ന് കയ്യിൽ വെച്ചതിന് പിടിക്കപ്പെട്ടത് 1600 കുട്ടികൾ. അധ്യാപകർക്കും കുട്ടികളുമായി ഇടപെടുന്ന ഏതൊരു വ്യക്തിക്കുമറിയാം ഈ കണക്കുകളെക്കാളും എത്രയോ വലുതാണ് റിപ്പോർട്ട് ചെയ്യപ്പെടാതെ കടന്നുപോകുന്ന കുട്ടികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളെന്ന്.

സമൂഹം ഒറ്റക്കെട്ടായി പരിശ്രമിച്ചാൽ മാത്രമേ നമ്മുടെ കൗമാരത്തെ തിരിച്ചുപിടിക്കാനാവൂ. അക്രമം നിറഞ്ഞ ഒരു സമൂഹത്തിന് എങ്ങനെയാണ് കുട്ടികളെ നേർവഴിക്ക് നയിക്കാൻ സാധിക്കുക. മാതൃഭൂമി ദിനപത്രത്തിൽ എഴുത്തുകാരി ശാരദക്കുട്ടി എഴുതിയതുപോലെ; ''കൊന്നുകളയും തട്ടിക്കളയും, കാണിച്ചു തരാം'' ഇതൊന്നും നമ്മളാദ്യമായി പാലക്കാട്ടെ 16-കാരൻ കുട്ടിയിൽനിന്നല്ല കേൾക്കുന്നത്. ''തള്ളേ കണ്ടു മരിക്കില്ല, കൈയും വെട്ടും കാലും വെട്ടും വേണ്ടിവന്നാൽ തലയും വെട്ടും'' എന്നൊക്കെ ഭീഷണിമുഴക്കിയവർ കുട്ടികൾമാത്രമായിരുന്നില്ല. ഉത്തരവാദപ്പെട്ട നേതൃപദവികളിലിരുന്നുകൊണ്ട് ഇത്തരം ഭീഷണികൾ ആവർത്തിക്കുന്നവർ പാലക്കാട്ടെ കുട്ടിയെ എന്തുപറഞ്ഞാകും ഗുണദോഷിക്കുക? സിനിമാക്കാർക്കുമാത്രമല്ല രാഷ്ട്രീയനേതൃത്വങ്ങൾക്കും, ഒന്നുപറഞ്ഞ് രണ്ടാമത്തേതിന് ഭാര്യയെ ശാസിക്കുകയും താക്കീതുനൽകുകയും ചെയ്യുന്ന കുടുംബസംവിധാനങ്ങൾക്കും ഇത്തരം അപചയങ്ങളിൽ കാര്യമായ പങ്കുണ്ട്. സമൂഹത്തെ മൊത്തം ബാധിക്കുന്ന ജ്വരത്തിന്റെ ഒരു വിഹിതം പുതുതലമുറയ്ക്കും കിട്ടാതിരിക്കില്ല'.



ഈ ലക്കം ദർശകൻ പൊതുസമൂഹത്തിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്ന ഇന്നത്തെ കൗമാര ജീവിതങ്ങളെക്കുറിച്ചുള്ള സുപ്രധാന വിഷയമാണ് കൈകാര്യം ചെയ്യുന്നത്. കുട്ടികളുടെ പെരുമാറ്റ വ്യതിയാനങ്ങൾക്കുള്ള കാരണങ്ങളും പ്രതിവിധികളുമാണ് ഇവിടെ ചർച്ച ചെയ്തിരിക്കുന്നത്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്നവർ നൽകുന്ന ക്രിയാത്മകമായ നിർദേശങ്ങളും ഈ ലക്കം ദർശകനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

PAGE 06 | 07 | 08 | 09

# പെരുകുന്ന ആത്മഹത്യകൾ ഉയർത്തുന്ന വെല്ലുവിളികൾ



ഡോ. സിബി മാത്യൂസ്
മുൻ ഡിജിപി

പ്രതിവർഷം എട്ടുലക്ഷത്തിൽപരം വിലപ്പെട്ട മനുഷ്യജീവനുകളാണ് 'ആത്മഹത്യ' എന്ന ദുരന്തത്തിലൂടെ ലോകത്ത് നഷ്ടപ്പെടുന്നത്. ഇതിൽ ഉദ്ദേശം അറുപതുശതമാനം അമ്പതു വയസിനു താഴെ, പ്രവർത്തനശേഷിയും കാര്യക്ഷമതയുമുള്ള പ്രായക്കാരാണ് എന്നത് ദുരന്തത്തിന്റെ ആഘാതം വർധിപ്പിക്കുന്നു. 2021 –ൽ ഭാരതത്തിലാകമാനം ആത്മഹത്യ ചെയ്തവരുടെ എണ്ണം 1,64,033 ആയിരുന്നു. ലോകരാജ്യങ്ങളിൽ ആകെ സംഭവിച്ചതിന്റെ 20.5 ശതമാനം. മഹാരാഷ്ട്ര, മധ്യപ്രദേശ്, പശ്ചിമബംഗാൾ, തമിഴ്നാട്, കർണാടക എന്നീ അഞ്ചു സംസ്ഥാനങ്ങളാണ് ആത്മഹത്യകളുടെ കാര്യത്തിൽ എണ്ണംകൊണ്ട് മുമ്പിൽ.

## എഡിറ്റോറിയൽ

# ഒരു മോറൽ റെഡ് അലർട്ടിനുള്ള സമയമായി

'ഏതൊരു സമൂഹത്തിന്റെയും സാംസ്കാരികതയുടെ അളവുകോൽ ആ സമൂഹം അവിടത്തെ കുട്ടികളെയും സ്ത്രീകളെയും എങ്ങനെ പരിഗണിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. മഹാത്മാഗാന്ധിയുടെ വാക്കുകളാണിവ. 2020 ആയപ്പോൾ ഭാരതത്തിന്റെ ശരാശരി പ്രായം 29 ആയെന്നാണ് 2020ൽ പ്രസിദ്ധീകരിച്ച ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് രേഖയുടെ ആമുഖത്തിൽ അന്നത്തെ മാനവ വിഭവ ശേഷി മന്ത്രി പ്രകാശ് ജാവഡേക്കർ എഴുതിയത്. അതായത് ലോകത്തെ ഏറ്റവും ചെറുപ്പക്കാർ ഉള്ള രാജ്യമായി ഇന്ത്യ മാറിയെന്ന്. എന്നാൽ ആ ചെറുപ്പക്കാരുടെ ഗുണമേന്മ എത്രയുണ്ട് എന്ന് ചോദിച്ചാൽ നമ്മൾ ആശങ്കപ്പെടേണ്ടിയിരിക്കുന്നു. ഗാന്ധിജി എഴുതിയതുപോലെ ഒരു സമൂഹത്തിന്റെ സംസ്കാരം അവിടുത്തെ കുട്ടികളെ നോക്കി മനസ്സിലാക്കാമെങ്കിൽ ഇന്ന് കേരളം അപകടകരമായ ഒരു സാഹചര്യത്തിലൂടെയാണ് കടന്നു പോവുന്നത്. നമ്മുടെ ചെറുപ്പക്കാർക്കും കുട്ടികൾക്കും അപകടകരമായ നിലയിലുള്ള മൂല്യശോഷണം സംഭവിച്ചിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്.

നവമാധ്യമ ഭാഷയിലെ അമ്മാവൻ വൈബ് കൊണ്ടോ അച്ഛൻ അമ്മ വൈബു കൊണ്ടോ പുതിയ തലമുറയെ മനസ്സിലാക്കാനുള്ള മുതിർന്നവരുടെ കഴിവുകേടുകൊണ്ട് പറയുന്നതല്ല ഇത്. 18 വയസ്സിൽ താഴെ പ്രായമുള്ളവരെ കുട്ടിയായി കണക്കാക്കിയിരുന്ന ബാലനീതി നിയമം 2015 ൽ ഭേദഗതി ചെയ്തു. 16 മുതൽ 18 വയസ്സ് വരെയുള്ള പ്രായത്തിനിടയിൽ ഹീന കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നവരെ മുതിർന്നവരായി പരിഗണിച്ച് നിയമനടപടികൾ സ്വീകരിക്കാമെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തു. ഈ ഭേദഗതിയുടെ കാരണം കുട്ടികളിൽ വളർന്നുവരുന്ന അക്രമവാസനകൾ അവരുടെ കുട്ടിത്വത്തെയും നിഷ്കളങ്കതയും ഇല്ലാതാക്കുന്നുണ്ട് എന്ന യാഥാർത്ഥ്യമാണ്. 2025 ജനുവരി 21ന് നിയമസഭയിൽ ശ്രീ അൻവർ സാദത്ത് എം.എൽ.എ.യുടെ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിൽ കുട്ടികൾ കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്നതിന്റെ ഒരു കണക്ക് അവതരിപ്പിക്കുന്നുണ്ട്. 2024 ആഗസ്റ്റ് വരെ 8 മാസം കൊണ്ട് കുട്ടികൾ ഉൾപ്പെട്ട 39 മയക്കുമരുന്ന് കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ 741 കേസുകളിലായി 1510 കുട്ടികൾ ഉൾപ്പെട്ട മറ്റു കുറ്റകൃത്യങ്ങൾ. അതിൽ തന്നെ രണ്ട് കൊലപാതക കേസുകളും. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് മയക്കുമരുന്ന് കയ്യിൽ വെച്ചതിന് പിടിക്കപ്പെട്ടത് 1600 കുട്ടികൾ. അധ്യാപകർക്കും കുട്ടികളുമായി ഇടപെടുന്ന ഏതൊരു വ്യക്തിക്കുമറിയാം ഈ കണക്കുകളെക്കാളും എത്രയോ വലുതാണ് റിപ്പോർട്ട് ചെയ്യപ്പെടാതെ കടന്നുപോകുന്ന കുട്ടികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങളെന്ന്.

സമൂഹമാധ്യമങ്ങളിലൂടെ ചില വാർത്തകൾ ആളുകൾ നേരിട്ട് നേരിട്ട് കാണുകയും കേൾക്കുകയും ചെയ്തപ്പോഴാണ് ഈ ദിവസങ്ങളിൽ കുട്ടികളിൽ പെരുകുന്ന അക്രമവാസനയും അച്ചടക്ക രാഹിത്യവും ചർച്ചാവിഷയമായി മാറിയത്. പുതുവർഷ ദിനത്തിൽ 15 വയസ്സുകാരൻ ഒരു കൊലപാതക കേസിൽ പ്രതിയായതും പാലക്കാട് പ്രിൻസിപ്പലിനെതിരെ പ്ലസ് വൺ വിദ്യാർത്ഥി കൊലവിളി മുഴക്കിയതും പാലായിൽ സഹപാഠികൾ ചേർന്ന് സുഹൃത്തിനെ നഗ്നനാക്കി മർദ്ദിച്ചതും പൊതുസമൂഹം ചർച്ച ചെയ്തു. എന്നാൽ ചർച്ചകളൊക്കെ പതിവുപോലെ ബാലാവകാശങ്ങളിലും കുട്ടിയല്ലേ പോട്ടെ, ആട്ടെ എന്ന രീതിയിലും അവസാനിക്കുന്നതാണ് കണ്ടത്. ഒരു നിയമനിർമാണമോ ശുപാർശകളോ നടപടികളോ തിരിച്ചറിവുകളോ ഒരിടത്ത് നിന്നും ഉണ്ടായിട്ടില്ല. പക്ഷേ, ഇക്കാര്യത്തിൽ കാതലായ നടപടികളും പാഠ്യ പദ്ധതിയിലെയും വിദ്യാഭ്യാസ സമ്പ്രദായത്തിലെയും രക്ഷാകർതൃത്വത്തിലെയും പരിഷ്കരണങ്ങളുമുണ്ടായില്ലെങ്കിൽ വലിയ ഒരു ദുരന്തമാണ് കേരളത്തെ കാത്തിരിക്കുന്നത് എന്നതിൽ സംശയമില്ല. ഒരു മോറൽ റെഡ് അലർട്ടിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.



കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കത്തീഡ്രൽ ഇടവക കുറ്റിവയലിൽ പ്രീതിഷ് ദേവസ്യ എബ്രഹാം - നീന മരിയ ജോർജ് ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞ് ഡേവിഡ് മാനുവൽ എബ്രഹാമിന്റെ മാമ്മോദീസ മാർ ജോസ് പുളിക്കലിന്റെ കാർമികത്വത്തിൽ നടന്നപ്പോൾ. സഹോദരങ്ങളായ ആൻഡ്രി സെബാൻ എബ്രഹാം, കാതറിൻ ലിസ് എബ്രഹാം, ജോൺ ജോർജ് എബ്രഹാം, ആഗ്നസ് സെലിൻ എബ്രഹാം എന്നിവർ സമീപം.



പൂവത്തിങ്കൽ ഡോ. അമിത്ത് സെബാസ്റ്റ്യൻ - നീതു കുര്യൻ ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് സാം കുര്യൻ അമിത്തിന്റെ മാമ്മോദീസ മാർ ജോസ് പുളിക്കലിന്റെ കാർമികത്വത്തിൽ നടന്നപ്പോൾ. സഹോദരങ്ങളായ ഇവ മേരി അമിത്ത്, ------------------ എന്നിവർ സമീപം.

## മരിയൻ മംഗളവാർത്താ ധ്യാനം

കുഞ്ഞുങ്ങളെ ഉദരത്തിൽ സ്വീകരിച്ചിരിക്കുന്നവർക്കും സ്വീകരിക്കാൻ ഒരുങ്ങുന്നവരായ ദമ്പതികൾക്കുമായുള്ള ധ്യാനം ഫെബ്രുവരി 22,23,24,25 തീയതികളിലായി ZOOM പ്ലാറ്റ്ഫോം വഴി നടത്തപ്പെടുന്നു. പൈകുന്നേരം 7 മണി മുതൽ 9 മണിവരെയാണ് ധ്യാനം നടത്തപ്പെടുക. രജിസ്റ്റർ ചെയ്യാൻ 9605518984, 7306083692 എന്നീ നമ്പരുകളിൽ വിളിക്കുക.

# കേരള കത്തോലിക്കാ സഭയ്ക്ക് ചരിത്ര നിമിഷം; അൾത്താരയിലേക്ക് ഈ വർഷം 289 നവവൈദികർ

സഭാശുശ്രൂഷയ്ക്കും സമൂഹത്തിന്റെ നന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിക്കുന്നവരാകണം വൈദികരെന്നു മേജർ ആർച്ചു ബിഷപ് മാർ റാഫേൽ തട്ടിൽ. സീറോ മലബാർ സഭയിൽ ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കന്മാരുടെ സംഗമം സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സീറോ മലബാർസഭയിലെ എല്ലാ രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽ നിന്നുമായി 289



വൈദിക വിദ്യാർഥികളാണ് ഈ വർഷം പൗരോഹിത്യം സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ 221 ഡീക്കന്മാർ സംഗമത്തിൽ പങ്കെടുത്തു. മാർ റാഫേൽ തട്ടിൽ കുർബാനയർപ്പിച്ച് സന്ദേശം നൽകി. സീറോ മലബാർ കമ്മീഷൻ ഫോർ ക്ലെർജി ചെയർമാൻ മാർ ടോണി നീലങ്കാവിലും, കൂരിയാ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കലും പൗരോഹിത്യ ശുശ്രൂഷയിലെ വെല്ലുവിളികളെപ്പറ്റി പ്രസംഗിച്ചു.

## പ്രഥമ ഫാ. ഫെലിക്സ് മെമ്മോറിയൽ അവാർഡ് ആശാനിലയം സ്കൂളിന്

പൊൻകുന്നം ചെങ്കലിൽ പ്രവർത്തിക്കുന്ന കാഞ്ഞിരപ്പള്ളി രൂപതയുടെ ആശാനിലയം സ്പെഷ്യൽ സ്കൂൾ വീണ്ടും അവാർഡ് തിളക്കത്തിൽ. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പരിശീലനത്തിനും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ ഏറ്റവും മികച്ച സ്ഥാപനമായി 'ഓൾ കേരള അസോസിയേഷൻ ഫോർ ദ മെന്റലി റിട്ടാർഡഡ്' എന്ന സംഘടനയുടെ പ്രഥമ ഫാ. ഫെലിക്സ് മെമ്മോറിയൽ അവാർഡാണ് ഇപ്പോൾ ആശാനിലയം സ്കൂളിന് നൽകപ്പെട്ടിരിക്കുന്നത്. ജനുവരി 11 ന് തിരുവനന്തപുരത്തു നടന്ന ചടങ്ങിൽ ബഹു. വെസ്റ്റ് ബംഗാൾ ഗവർണർ ഡോ. സി. വി. ആനന്ദ് ബോസിൽനിന്നാണ് ആശാനിലയം സ്പെഷ്യൽ സ്കൂൾ ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ, പ്രിൻസിപ്പൽ സിസ്റ്റർ ലിറ്റി സേവ്യർ, വിദ്യാർത്ഥികൾ, അധ്യാപകർ, മാതാപിതാക്കൾ എന്നിവരുടെ പ്രതിനിധികളും ചേർന്ന് അവാർഡ് ഏറ്റുവാങ്ങിയത്. അൻപതിനായിരം രൂപയും പ്രശംസാപത്രവും അടങ്ങിയതാണ് അവാർഡ്.



*'ഓൾ കേരള അസോസിയേഷൻ ഫോർ ദ മെന്റലി റിട്ടാർഡഡ്' സംഘടനയുടെ പ്രഥമ ഫാ. ഫെലിക്സ് മെമ്മോറിയൽ അവാർഡ് വെസ്റ്റ് ബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദ് ബോസിൽനിന്ന് ആശാനിലയം സ്പെഷ്യൽ സ്കൂൾ ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ, പ്രിൻസിപ്പൽ സിസ്റ്റർ ലിറ്റി സേവ്യർ, വിദ്യാർത്ഥികൾ, അധ്യാപകർ, മാതാപിതാക്കൾ എന്നിവരുടെ പ്രതിനിധികൾ ചേർന്ന് ഏറ്റുവാങ്ങിയപ്പോൾ.*

കഴിഞ്ഞ നാൽപത്തിയാറ് വർഷങ്ങളായി സ്പെഷ്യൽ എഡ്യുക്കേഷൻ മേഖലയിൽ നൂതനമായ പാഠ്യപരിശീലന പദ്ധതികളിലൂടെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് താങ്ങും തണലും വഴികാട്ടിയുമായി പ്രവർത്തിക്കുന്ന ആശാനിലയം സ്പെഷ്യൽ സ്കൂളിൽ ഇപ്പോൾ 350 കുട്ടികൾ പരിശീലനം നേടുന്നുണ്ട്. അമ്മയുടെ ഉദരത്തിൽ ഇങ്ങനെ ഒരു കുഞ്ഞ് ജനിക്കുന്നതു മുതൽ ആ കുഞ്ഞ് വളർന്ന് വലുതായി അവന്റെ / അവളുടെ മരണംവരെ (womb to tomb) ആ കുഞ്ഞിന് ആവശ്യമായ എല്ലാ സപ്പോർട്ടും നൽകി കൂടെ നില്ക്കുക എന്ന ലക്ഷ്യത്തോടെ നാലുവർഷംമുമ്പ് എയ്ഞ്ചൽസ് വില്ലേജ് എന്ന പേരിൽ പത്ത് ഏക്കർ കാമ്പസിൽ ഭിന്നശേഷി മേഖലയിലെ സമഗ്രമായ സേവനങ്ങൾ നൽകി വരുന്നു.

പഠനത്തിനും തെറാപ്പി സേവനങ്ങൾ ഉൾപ്പെടെയുള്ള പരിശീലനത്തിനുമായി 45 സ്പെഷ്യൽ എഡ്യുക്കേറ്റേഴ്സ് ഉൾപ്പെടെ 80 സ്റ്റാഫ് അംഗങ്ങൾ ഇവിടെ സേവനം ചെയ്യുന്നു. കുട്ടികൾക്ക് ബോർഡിംഗ് സൗകര്യവും ഉണ്ട്.

# ഭിന്നശേഷി മികവുത്സവം; എയ്ഞ്ചൽസിനൊപ്പം കുട്ടികളും പൊതുജനവും

പൊൻകുന്നം: ചെങ്കൽ 19ാം മൈൽ എയ്ഞ്ചൽസ് വില്ലേജിൽ ഭിന്നശേഷി മികവുത്സവം സദ്ഗമയ 25 എയ്ഞ്ചൽസ് എബിലിറ്റി ഫെസ്റ്റ് നടന്നു. കുട്ടിയുടെ വളർച്ച വികാസ വ്യതിയാനം കണ്ടെത്തുന്നത് മുതൽ നൽകേണ്ട പരിചരണങ്ങളും പരിശീലനങ്ങളുമാണ് മേളയിൽ പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. സർക്കാർ മേഖലയിലും അല്ലാതെയും ഇവർക്കും മാതാപിതാക്കൾക്കും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചുള്ള വിശദവിവരങ്ങൾ, ഭിന്നശേഷിയുടെ കാരണങ്ങൾ, മാതാപിതാക്കൾ അറിഞ്ഞിരിക്കേണ്ട പരിചരണ രീതികൾ എന്നിവ മേളയിൽ വിവരിച്ചു. ഇതോടൊപ്പം എയ്ഞ്ചൽസ് വില്ലേജിലെ കുട്ടികൾ നിർമിച്ച വിവിധ തരം ബാഗുകൾ, വസ്ത്രങ്ങൾ, മെഴുകുതിരികൾ, കരകൗശല വസ്തുക്കൾ, പാവകൾ തുടങ്ങിയവയും മേളയിലെ പ്രധാന ആകർഷണങ്ങളാണ്. ഭിന്നശേഷിക്കാരുടെ കലാസന്ധ്യകൾ, എബിലിറ്റി കാർണിവൽ, ഫുഡ് ഫെസ്റ്റ്, ഫാം വിസിറ്റ്, വിനോദപരിപാടികൾ, ഗെയിംമുകൾ എന്നിവ മേളയുടെ മാറ്റ് കൂട്ടി.



*ഭിന്നശേഷി മികവുത്സവം സദ്ഗമയ 25 എയ്ഞ്ചൽസ് എബിലിറ്റി ഫെസ്റ്റ് വീക്ഷിക്കുന്ന കുട്ടികൾ.*

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ സർഗാത്മകതയും ക്രിയാശേഷിയും വിളിച്ചോതുന്ന പ്രദർശനമാണ് ഒരുക്കിയിരുന്നത്. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർ ഇവിടെ ഒത്ത് കൂടി. സംസ്ഥാനതലത്തിൽ ആദ്യമായിട്ടാണ് ഇത്തരമൊരു മേള നടക്കുന്നതെന്ന് എയ്ഞ്ചൽസ് വില്ലേജ് ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ പറയുന്നു.

## ഭിന്നശേഷി മികവുത്സവം അറിവുകളും സന്ദേശവും നൽകുന്നു; മാർ ജോസ് പുളിക്കൽ

**ഭി**ന്നശേഷി മികവുത്സവം സദ്ഗമയ ഒത്തിരിയേറെ അറിവുകളും സന്ദേശവും നൽകുന്നതാണെന്ന് കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ. പലതരത്തിലും ജീവിത്തിൽ അവഗണിക്കപ്പെട്ട മക്കൾ, ഭിന്നശേഷിക്കാരായ വ്യക്തികൾ ഒരുപാട് സാധ്യതകൾ ഉള്ളവരാണെന്നും കുഞ്ഞുങ്ങൾ വിലപ്പെട്ടവരാണെന്നുള്ള കാര്യം പലപ്പോഴും പൊതുസമൂഹം മറന്നു പോകുന്നുണ്ട്. ഇങ്ങനെയുള്ളവർക്ക് അവരുടെ ശേഷി എന്താണെന്ന് കണ്ടെത്തി അവരെ വളർത്തിയെടുത്ത് മുഖ്യധാരയിലേക്ക് കൊണ്ടുവരാനുള്ള ത്രീവമായ, ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ പരിശീനപദ്ധതിയാണ് ഇവിടെ നടക്കുന്നത്. എയ്ഞ്ചൽസ് വില്ലേജിലെ കുഞ്ഞുങ്ങളെ ജനനം മുതൽ മരണം വരെ സംരക്ഷിക്കുന്നു. അവരുടെ മാതാപിതാക്കളെ കൂടെ താമസിപ്പിച്ച് പരിശീലിപ്പിക്കുന്നതിൻറെ സാധ്യതകളും ഇവിടെയുണ്ട്. സ്കൂൾ കുട്ടികൾക്ക് വലിയൊരു സന്ദേശമാണ് ഭിന്നശേഷി മികവുത്സവം നൽകുന്നത്. ഭിന്നശേഷിക്കാരായ കുട്ടികളെ ചേർത്തുപിടിക്കേണ്ടവരാണെന്നും സമൂഹത്തിൽ ഇവർ പ്രധാനപ്പെട്ടവരാണെന്നുമുള്ള കാര്യം പൊതുസമൂഹത്തിൽ പ്രത്യേകിച്ച് കുട്ടികൾക്ക് തന്നെ തിരിച്ചറിയാനുള്ള അവസരമാണ് ഇവിടെ ഒരുക്കിയിരിക്കുന്നതെന്നും മാർ ജോസ് പുളിക്കൽ കൂട്ടിച്ചേർത്തു.



*മികവുത്സവം സദ്ഗമയ 25 എയ്ഞ്ചൽസ് എബിലിറ്റി ഫെസ്റ്റിൽ പങ്കെടുക്കാൻ കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ എത്തിയപ്പോൾ.*

# അതിജീവനത്തിന്റെ പാഠങ്ങൾ

ലൂസി തണ്ണിപ്പാറയിൽ

**എന്റെ അനുഭവം മറ്റുള്ളവർക്ക് പ്രചോദനമാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കാൻസർ എന്ന രോഗം ഒരു വ്യക്തിയെ മാത്രമല്ല, ഒരു കുടുംബത്തെ മുഴുവൻ ബാധിക്കുന്ന ഒന്നാണ്. എന്നാൽ വിശ്വാസത്തിലും പ്രതീക്ഷയിലും അധിഷ്ഠിതമായ ഒരു സമീപനം കൊണ്ട് നമുക്ക് ഇതിനെ നേരിടാൻ കഴിയും.**



ഞാൻ ഇപ്പോൾ പ്രത്യാശ കാൻസർ സെന്ററിലെ കിടക്കയിൽ ഇരുന്നുകൊണ്ട് കഴിഞ്ഞ കുറച്ച് മാസങ്ങളിലേക്ക് തിരിഞ്ഞുനോക്കുകയാണ്. ജീവിതത്തിൽ ഒരിക്കലും പ്രതീക്ഷിക്കാത്ത ഒരു വഴിത്തിരിവായിരുന്നു അത്. കാഞ്ഞിരപ്പള്ളി വിമല ബുക്സിൽ വർഷങ്ങളായി ജോലി ചെയ്തുകൊണ്ടിരുന്ന എന്റെ സാധാരണ ജീവിതത്തിലേക്ക് 2024 ഓഗസ്റ്റ് 18-നാണ് ആ വാർത്ത കടന്നുവന്നത്.

സ്തനാർബുദം! ആ വാക്ക് കേട്ടപ്പോൾ തന്നെ എന്റെ ഹൃദയം നിലച്ചു പോയ പോലെ തോന്നി. എന്റെ 59 വർഷത്തെ ജീവിതത്തിൽ ഇത്തരമൊരു വെല്ലുവിളി ഞാൻ നേരിട്ടിട്ടില്ല. എന്റെ കുടുംബം – എന്റെ ഭർത്താവും മൂന്നു മക്കളും – മറ്റ് കുടുംബാംഗങ്ങൾ – അവരുടെ മുഖത്തെ ആശങ്ക എന്നെ കൂടുതൽ വേദനിപ്പിച്ചു. എന്നാൽ അതേ നിമിഷം തന്നെ ഞാൻ തീരുമാനിച്ചു, ഈ രോഗത്തെ ഞാൻ ദൈവത്തിന്റെ ഒരു പരീക്ഷണമായി, അനുഗ്രഹമായി കാണും.

പാലാ മാർ സ്ലീവാ ആശുപത്രിയിലേക്കുള്ള ആദ്യയാത്ര എനിക്ക് ഇന്നും ഓർമ്മയുണ്ട്. ശസ്ത്രക്രിയയും കീമോതെറാപ്പിയും എന്നെ ശാരീരികമായി തളർത്തിയെങ്കിലും, എന്റെ ആത്മബലം കൂടുതൽ ശക്തമായി. ഓരോ ദിവസവും ഞാൻ കുരിശിലെ ക്രിസ്തുവിനെ നോക്കി ആവർത്തിച്ചു പ്രാർത്ഥിച്ചു, 'കർത്താവേ, നിന്റെ ഇഷ്ടം പോലെ'.

ഈ കാലഘട്ടത്തിലാണ് ഞാൻ ജീവിതത്തിന്റെ യഥാർത്ഥമൂല്യം മനസ്സിലാക്കിയത്. നമ്മൾ എത്ര തിരക്കിട്ട് ജീവിക്കുന്നു! എത്ര കാര്യങ്ങൾ വെറുതെ ചിന്തിച്ച് വിഷമിക്കുന്നു!രോഗാവസ്ഥയിലാണ് ജീവിതത്തിന്റെ ഓരോ നിമിഷവും എത്ര വിലപ്പെട്ടതാണെന്ന് തിരിച്ചറിഞ്ഞത്. ഓരോ ശ്വാസവും ദൈവത്തിന്റെ അനുഗ്രഹമാണെന്ന് മനസ്സിലാക്കിയത്.

എന്റെ ജീവിതത്തിലെ ഏറ്റവും അത്ഭുതകരമായ കാര്യം, ഈ രോഗം എന്നെ പഠിപ്പിച്ച പാഠങ്ങളാണ്. എനിക്ക് ചുറ്റും എത്രമാത്രം സ്നേഹമുണ്ടെന്ന് ഞാൻ മനസ്സിലാക്കി. പുരോഹിതർ, സന്ന്യസ്തർ, ബന്ധുക്കൾ, സുഹൃത്തുക്കൾ, സഹപ്രവർത്തകർ, അയൽക്കാർ – എല്ലാവരും സന്ദർശിക്കാൻ വന്നു. അവരുടെ പ്രാർത്ഥനകളും, ആശ്വാസവാക്കുകളും എന്നെ കൂടുതൽ ശക്തയാക്കി. ചിലർ ഫോണിൽ വിളിച്ചു, മറ്റു ചിലർ വീട്ടിൽ വന്നു, ചിലർ ആശുപത്രിയിൽ വന്നു – ഓരോ സന്ദർശനവും എനിക്ക് പുതിയ ഊർജ്ജം പകർന്നു.

ഇപ്പോൾ ചേർത്തലയിലെ പ്രത്യാശ കാൻസർ സെന്ററിൽ റേഡിയേഷൻ ചികിത്സ നടക്കുമ്പോൾ, എന്റെ ജീവിതം പൂർണ്ണമായും മാറിയിരിക്കുന്നു. മുമ്പ് ഞാൻ എന്റെ ആരോഗ്യത്തിൽ എത്ര അശ്രദ്ധയായിരുന്നു ! ഇപ്പോൾ കൃത്യമായ ഭക്ഷണക്രമം, വ്യായാമം, വിശ്രമം – എല്ലാം ഞാൻ പാലിക്കുന്നു. എന്റെ ആത്മീയജീവിതവും കൂടുതൽ ആഴത്തിലായി. പ്രഭാത പ്രാർത്ഥന, വിശുദ്ധ കുർബാന, ജപമാല – ഇവയെല്ലാം എന്റെ ദൈനംദിന ജീവിതത്തിന്റെ അവിഭാജ്യഭാഗമായി മാറി.

കഴിഞ്ഞ കുറച്ച് മാസങ്ങൾ എനിക്ക് ഒരു വലിയ പാഠശാലയായിരുന്നു. ജീവിതത്തിൽ നമ്മൾ എത്ര കാര്യങ്ങൾ ഗ്രാന്റഡ് ആയി എടുക്കുന്നു! ഒരു ചെറിയ തലവേദന വരുമ്പോൾ പോലും നമ്മൾ പരാതിപ്പെടുന്നു. എന്നാൽ ഈ രോഗം എന്നെ പഠിപ്പിച്ചത് കൃതജ്ഞതയോടെ ജീവിക്കാനാണ്. ഓരോ ദിവസവും ഒരു സമ്മാനമാണ്. എനിക്ക് ചുറ്റുമുള്ള എല്ലാവരും – എന്റെ കുടുംബം, സുഹൃത്തുക്കൾ, ആരോഗ്യപ്രവർത്തകർ – എല്ലാവരും ദൈവത്തിന്റെ സ്നേഹത്തിന്റെ പ്രതിഫലനമാണ്.

പാസ്റ്ററൽ സെന്റർ കുടുംബവും വിശിഷ്യാ വിമല ബുക്സിലെ എന്റെ സഹപ്രവർത്തകരും എത്ര സ്നേഹത്തോടെയാണ് എന്നെയും എന്റെ കുടുംബത്തെയും പിന്തുണച്ചത്! എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ഇത്രയും നല്ല മനുഷ്യരെ എനിക്ക് ചുറ്റും നൽകിയ ദൈവത്തോട് എനിക്ക് എത്ര നന്ദി പറഞ്ഞാലും മതിയാകില്ല.

ഇന്ന് ഈ ഹോസ്പിറ്റൽ കിടക്കയിൽ കിടന്നുകൊണ്ട് ഞാൻ ആലോചിക്കുന്നു – ഈ രോഗം എന്റെ ജീവിതത്തിലേക്ക് വന്നത് ഒരു ശാപമായിട്ടല്ല, മറിച്ച് ഒരു അനുഗ്രഹമായിട്ടാണ്. എന്റെ ജീവിതത്തിന് ഒരു പുതിയ അർത്ഥം ലഭിച്ചു. മറ്റുള്ളവരുടെ വേദനകൾ മനസ്സിലാക്കാൻ എനിക്ക് കഴിയുന്നു. രോഗികളോട് കൂടുതൽ സഹാനുഭൂതി തോന്നുന്നു. എന്റെ പ്രാർത്ഥനകൾ കൂടുതൽ ആത്മാർത്ഥമായി.

ഈ അനുഭവം എന്നെ പഠിപ്പിച്ച ഏറ്റവും വലിയ പാഠം, ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും ദൈവം നമ്മോടൊപ്പമുണ്ട് എന്നതാണ്. നമ്മൾ കരുതുന്നതിനേക്കാൾ എത്രയോ കൂടുതൽ ശക്തരാണ് നമ്മൾ. വേദനയും കഷ്ടപ്പാടും നമ്മെ തളർത്താൻ ശ്രമിക്കുമ്പോൾ, നമ്മുടെ വിശ്വാസവും പ്രതീക്ഷയും നമ്മെ മുന്നോട്ട് നയിക്കും.

ഇനി എന്റെ ജീവിതം മുൻപത്തേതുപോലെ ആയിരിക്കില്ല. കൂടുതൽ കൃതജ്ഞതയോടെ, കൂടുതൽ സ്നേഹത്തോടെ, കൂടുതൽ വിശ്വാസത്തോടെ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ ജീവിതത്തിലെ ഈ അധ്യായം അവസാനിക്കുമ്പോൾ, എനിക്ക് ഉറപ്പുണ്ട് – ഇതെല്ലാം ദൈവം എന്റെ നന്മയ്ക്കായി അനുവദിച്ചതാണെന്ന്. എന്റെ രോഗവിവരം അറിഞ്ഞ് എത്രയോ പേർ എനിക്കായി പ്രാർത്ഥിക്കുന്നുണ്ട്. അവരുടെ പ്രാർത്ഥനകളുടെ ശക്തി ഞാൻ അനുഭവിക്കുന്നു. ചിലപ്പോൾ വേദന അസഹ്യമാകുമ്പോൾ, ഞാൻ പരിശുദ്ധ കന്യകാമറിയത്തോട് പ്രാർത്ഥിക്കാറുണ്ട്. 'അമ്മേ, നിന്റെ മകൾക്ക് വേണ്ടി പ്രാർത്ഥിക്കണേ' എന്ന്. ആ നിമിഷങ്ങളിൽ എനിക്ക് അനുഭവപ്പെടുന്ന സമാധാനം വാക്കുകൾക്ക് അതീതമാണ്.

ഇവിടെ പ്രത്യാശ കാൻസർ സെന്ററിൽ എത്തിയതിനുശേഷം, എനിക്ക് മനസ്സിലായി – എന്നെപ്പോലെ എത്രയോ പേർ ഈ രോഗവുമായി പോരാടുന്നുണ്ട്. ചിലർ എന്നെക്കാൾ കഠിനമായ അവസ്ഥയിലൂടെ കടന്നുപോകുന്നു. എന്നാൽ അവരുടെ മുഖത്ത് കാണുന്ന പ്രതീക്ഷയുടെ തിളക്കം എന്നെ അത്ഭുതപ്പെടുത്തുന്നു. നമ്മുടെ വേദനകൾ നമ്മെ കൂടുതൽ മനുഷ്യത്വമുള്ളവരാക്കുന്നു.

ഈ അനുഭവം എന്റെ കുടുംബബന്ധങ്ങളെയും ശക്തിപ്പെടുത്തി. എന്റെ കുടുംബക്കാരും, സഹോദരങ്ങളും, മക്കളും എന്നോട് കാണിക്കുന്ന സ്നേഹവും കരുതലും കണ്ട് ഞാൻ അഭിമാനിക്കുന്നു. അവർ മാറി മാറി എന്നെ നോക്കുന്നു, എന്റെ മരുന്നുകൾ കൃത്യസമയത്ത് തരുന്നു, എന്റെ ഭക്ഷണക്രമം ശ്രദ്ധിക്കുന്നു. എന്റെ ഭർത്താവ് എന്റെ കൂടെ എല്ലാ ചികിത്സകൾക്കും വരുന്നു. അദ്ദേഹത്തിന്റെ സാന്നിധ്യം എനിക്ക് വലിയ ആശ്വാസമാണ്.

ഇപ്പോൾ എനിക്ക് മനസ്സിലാകുന്നു – നമ്മുടെ ജീവിതത്തിലെ വെല്ലുവിളികൾ നമ്മെ തളർത്താനല്ല, മറിച്ച് നമ്മെ ശക്തിപ്പെടുത്താനാണ്. എല്ലാ പ്രഭാതത്തിലും ഞാൻ ദൈവത്തിന് നന്ദി പറയുന്നു – ഈ ദിവസത്തിന്, എന്റെ കുടുംബത്തിന്, എന്റെ ചുറ്റുമുള്ള സ്നേഹത്തിന്, ഈ ജീവിതത്തിന്.

ചികിത്സയുടെ പാർശ്വഫലങ്ങൾ ചിലപ്പോൾ എന്നെ വല്ലാതെ തളർത്താറുണ്ട്. എന്നാൽ അപ്പോഴെല്ലാം ഞാൻ ഓർക്കും – 'ഇതും കടന്നുപോകും'. ഓരോ ദിവസവും ഒരു പുതിയ തുടക്കമാണ്. ഞാൻ എന്റെ റേഡിയേഷൻ റൂമിലേക്ക് കയറുമ്പോൾ, ക്രിസ്തുവിനോട് പ്രാർത്ഥിക്കും – 'കർത്താവേ, നിന്റെ ശക്തി എന്നിൽ നിറയട്ടെ.'

വിമല ബുക്സിലേക്ക് തിരിച്ചുപോകാനുള്ള ദിവസത്തെ ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുന്നു. എന്റെ പുസ്തകങ്ങൾ, എന്റെ സഹപ്രവർത്തകർ, എന്റെ ദൈനംദിന ജോലികൾ – എല്ലാം എനിക്ക് ഇപ്പോൾ കൂടുതൽ വിലപ്പെട്ടതായി തോന്നുന്നു. ഓരോ ചെറിയ കാര്യത്തിലും സന്തോഷം കണ്ടെത്താൻ ഈ രോഗം എന്നെ പഠിപ്പിച്ചു.

എന്റെ അനുഭവം മറ്റുള്ളവർക്ക് പ്രചോദനമാകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കാൻസർ എന്ന രോഗം ഒരു വ്യക്തിയെ മാത്രമല്ല, ഒരു കുടുംബത്തെ മുഴുവൻ ബാധിക്കുന്ന ഒന്നാണ്. എന്നാൽ വിശ്വാസത്തിലും പ്രതീക്ഷയിലും അധിഷ്ഠിതമായ ഒരു സമീപനം കൊണ്ട് നമുക്ക് ഇതിനെ നേരിടാൻ കഴിയും.

ഇന്ന്, എന്റെ ജീവിതത്തിലെ ഈ പരീക്ഷണഘട്ടത്തിലൂടെ കടന്നുപോകുമ്പോൾ, എനിക്കുറപ്പുണ്ട് – ദൈവം എന്നെ കൈവിടില്ല. ഓരോ വേദനയും ഒരു പാഠമാണ്, ഓരോ കണ്ണീരും ഒരു പ്രാർത്ഥനയാണ്. നാളെയുടെ പ്രതീക്ഷയിൽ, ഞാൻ ഇന്നിന്റെ വെല്ലുവിളികളെ നേരിടുന്നു. എന്റെ ജീവിതം ഒരു സാക്ഷ്യമാകട്ടെ – വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും, സ്നേഹത്തിന്റെയും സാക്ഷ്യം.

സർവ്വശക്തനായ ദൈവത്തിന് സ്തുതി. അവിടുത്തെ കരുണയ്ക്ക് നന്ദി. ഈ അനുഭവങ്ങളിലൂടെ എന്നെ നയിച്ച എന്റെ നല്ല ദൈവത്തിന് സ്തോത്രം.

## നിലയ്ക്കൽ തീർഥാടനം നടത്തി




കാഞ്ഞിരപ്പള്ളി: കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പ മിഷൻലീഗിന്റെ നേതൃത്വത്തിൽ നിലയ്ക്കൽ തീർഥാടനം നടത്തി. തുലാപ്പള്ളി പള്ളിയിലേക്ക് കാഞ്ഞിരപ്പള്ളി രൂപതയിലെ വിവിധ ഇടവകകളിൽ നിന്നെത്തിയ കുഞ്ഞുമിഷനറിമാർ നടത്തിയ വിശ്വാസപ്രഘോഷണ റാലി തുലാപ്പള്ളി മാർത്തോമാശ്ലീഹാ പള്ളി വികാരി ഫാ. ജോസഫ് തട്ടാംപറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്തു. രൂപത മിഷൻ ലീഗ് ജോയിന്റ് സെക്രട്ടറി ദിയ പള്ളിവാതുക്കൽ പതാക ഏറ്റുവാങ്ങി. തീർഥാടകർ തുലാപ്പള്ളി മാർത്തോമാ ശ്ലീഹാ പള്ളിയിലെത്തി തിരുശേഷിപ്പ് വണക്കം നടത്തി. കാഞ്ഞിരപ്പള്ളി രൂപതയിലെ നവവൈദികർ വിശുദ്ധ കുർബാന അർപ്പിച്ചു. രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ തീർഥാടന സന്ദേശം നൽകി. തുടർന്ന് തീർഥാടകർ നിലയ്ക്കൽ എക്യുമെനിക്കൽ പള്ളിയിലേക്ക് ജപമാല റാലി നടത്തി. പള്ളിയിൽ എത്തിച്ചേർന്നപ്പോൾ നിലയ്ക്കൽ എക്യുമെനിക്കൽ പള്ളി അഡ്മിനിസ്ട്രേറ്റർ ഫാ. ഷൈജു മാത്യു ഒഐസി സമാപന പ്രാർഥന നടത്തി. കാഞ്ഞിരപ്പള്ളി രൂപതയിലെ മാതൃകാ മദ്ബഹാ ശുശ്രൂഷകർക്കുള്ള ഫാ. ജോർജ് കാപ്പിലിപ്പറമ്പിൽ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും കാഷ് അവാർഡും നിലയ്ക്കൽ പള്ളിയിൽ ഫാ. ഷൈജു മാത്യു ഒഐസി വിതരണം ചെയ്തു. കട്ടപ്പന സെന്റ് ജോർജ് ഫൊറോന, മുക്കൂട്ടുതറ സെന്റ് തോമസ്, ശാന്തിഗിരി സെന്റ് ജോർജ് എന്നീ ഇടവകകൾ സമ്മാനങ്ങൾ കരസ്ഥമാക്കി. മിഷൻ ലീഗ് രൂപത, ഫൊറോന, ഇടവക ഭാരവാഹികളും തുലാപ്പള്ളി, സീതത്തോട് ഇടവകാംഗങ്ങളും തീർഥാടന പരിപാടികൾക്ക് നേതൃത്വം നൽകി.

ആരോഗ്യം

# യൂറിക് ആസിഡ് ഒരു വില്ലനോ?



പ്രീന ജോയി
ക്ലിനിക്കൽ ഡയറ്റീഷൻ,
ഉഷ ഹോസ്പിറ്റൽ ചെങ്ങന്നൂർ

മാഡം എന്റെ ഹസ്ബന്റിന് യൂറിക്കാസിഡ് കൂടുതലാണ് എന്താണ് കഴിക്കേണ്ടത് എന്ന് അറിയില്ല പേടിച്ചിട്ട് ഒന്നും കഴിക്കുന്നില്ല രണ്ടു മാസം കൊണ്ട് അദ്ദേഹത്തിന്റെ 12 കിലോ കുറഞ്ഞു തളർച്ചയും ക്ഷീണവും കാരണം എപ്പോഴും കിടപ്പിലാണ്. ജോലിക്ക് പോകാനും പറ്റുന്നില്ല ഒ. പി നിന്നും ഒരു അമ്മയുടെ വാക്കുകൾ ആണിത്. യൂറിക്കാസിഡിനെ നമ്മൾ പേടിക്കണോ?

* എന്താണ് യൂറിക്കാസിഡ്
* യൂറിക് ആസിഡ് വരാനുള്ള കാരണങ്ങൾ
* യൂറിക് ആസിഡിന് എങ്ങനെ പ്രതിരോധിക്കാൻ കഴിയും
* ഭക്ഷണക്രമത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

## അറിഞ്ഞിരിക്കാം

ചിട്ടയായ ഭക്ഷണക്രമത്തിലൂടെയും ജീവിതശൈലിയിലൂടെയും മാത്രമേ നമുക്ക് യൂറിക് അസിഡിനെ പ്രതിരോധിക്കാൻ സാധിക്കുകയുള്ളൂ

## എന്താണ് യൂറിക് ആസിഡ്

- നമ്മുടെ ശരീരത്തിലെ രക്തത്തിൽ കാണപ്പെടുന്ന ഒരു മാലിന്യ ഉൽപ്പന്നമാണ് യൂറിക് ആസിഡ്
- ശരീരം പ്യൂറിനെസ് എന്നറിയപ്പെടുന്ന രാസവസ്തുക്കൾ പ്രോസസ് ചെയ്യുകയും വികടിപ്പിക്കുകയും ചെയ്യുമ്പോൾ യൂറിക് ആസിഡ് ഉൽപാദിക്കപ്പെടുന്നു.
- യൂറിക് ആസിഡ് ശരീരത്തിൽ അലിഞ്ഞു ചേരുകയും വൃക്കകളിലൂടെ കടന്നുപോവുകയും മൂത്രത്തിൽ കലരുകയും ശരീരത്തിൽ നിന്ന് പുറന്തള്ളപ്പെടുകയും ചെയ്യുന്നു.
- യൂറിക് ആസിഡ് ശരീരത്തിൽ അവശേഷിക്കുന്നുണ്ടെങ്കിൽ അതിന്റെ സാന്ദ്രത ഹൈപ്പർയൂറിസെമിയ എന്ന അവസ്ഥയിലേക്ക് നയിച്ചേക്കാം ഇത് സന്ധിവാതം, വൃക്ക കല്ലുകൾ, ജോയിന്റ്, ടിഷ്യൂ ഷാതം മുതലായവയ്ക്ക് കാരണമായേക്കാം.

## യൂറിക് ആസിഡ് കാരണങ്ങൾ

* ഭക്ഷണക്രമം
* പരിസ്ഥിതിക ഘടകങ്ങൾ
* ഉയർന്ന രക്തസമ്മർദ്ദം
* പ്രമേഹം
* ഉപാപചായ സിൻഡ്രോം
* അമിതമായ മദ്യപാനം
* അമിത വണ്ണം
* ദീർഘനേരം ഇരുന്നുള്ള ജോലി

## ഭക്ഷണ ക്രമീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### ലോ പ്യൂറൈൻ ഡയറ്റ്

### 1 ഗ്രൂപ്പ് എ കഴിക്കാവുന്നവ

- വിറ്റാമിൻ സി കൂടുതൽ അടങ്ങുന്ന ആഹാര പദാർത്ഥങ്ങൾ

**പഴങ്ങൾ**

ഓറഞ്ച്, കിവി, പാപ്പായ, ആവൊക്കേടോ, ആപ്പിൾ, മോസ്സമ്പി, ലെമൺ, സ്ട്രോബെറി, ബ്ലൂബെറി, പേരക്ക, മുന്തിരി, ചെറീസ്

**പച്ചക്കറികൾ**

ക്യാരറ്റ്, കുക്കുമ്പർ, ബ്രോക്കോലി, മത്തങ്ങാ, പച്ചപ്പായ, വാഴകൂമ്പ്, പീച്ചിങ്ങ, കോവയ്ക്ക, പടവലങ്ങ, ബീൻസ്, ചേന, നെല്ലിക്ക, ക്യാപ്സിക്കം, ഇഞ്ചി, വെളുത്തുള്ളി, കറിവേപ്പില,

**പ്യൂറൈനുകൾ കുറവുള്ള മത്സ്യങ്ങൾ**

സാൽമൺ, തിലാപ്പിയ, മാന്തൾ

**ചെറുധാന്യങ്ങൾ**

ബാർലി, ജോവർ, കിൻവാ, ഗോതമ്പ്, റാഗി, തിന, ബ്രൗൺറൈസ്.

**കൊഴുപ്പ് കുറഞ്ഞ പാൽ**

സ്കിമ്ഡ് മിൽക്ക്, ടോൺഡ് മിൽക്ക്.

**മുട്ട**

**ഗ്രീൻ ടീ**

### 2 ഗ്രൂപ്പ് ബി നിയന്ത്രിച്ച് ഉപയോഗിക്കാവുന്ന (ആഴ്ചയിൽ ഒരിക്കൽ)

- കൊഴുപ്പ് കൂടിയ പാൽ ഉൽപ്പന്നങ്ങൾ
- തൊലികളഞ്ഞ ചിക്കൻ
- പയർ വർഗ്ഗങ്ങൾ
- ഓട്സ്
- സോയാബീൻസ്
- നട്ട്സ് (വാൾനട്ട്സ്, കാഷ്യൂ, ചക്കകുരു, ആൽമണ്ട്സ് ആഴ്ചയിൽ രണ്ടുതവണ)

### 3 ഗ്രൂപ്പ് സി – വർജിക്കേണ്ടവ

- റെഡ് മീറ്റ്സ് (ബീഫ്, മട്ടൻ, പോർക്ക്)
- അവയവ മാംസം (കരൾ, ഹൃദയം, തലച്ചോർ, വൃക്ക)
- ഷെല്ലുകൾ ഉള്ള മത്സ്യങ്ങൾ (ഞണ്ട്, കൊഞ്ച്, കക്ക)
- കൂടുതൽ പ്യൂറൈൻ അടങ്ങിയ മത്സ്യങ്ങൾ (നത്തോലി, കൊഴുവ, കിളി)
- പരിപ്പ് വർഗ്ഗങ്ങൾ
- ഈസ്റ്റ് അടങ്ങിയ ഭക്ഷണങ്ങൾ
- കാർബണേറ്റഡ് പാനീയങ്ങൾ
- ഫാസ്റ്റ് ആൻഡ് ജങ്ക് ഫുഡ്സ്
- റോസ്റ്റഡ് നട്ട്സ്
- മദ്യപാനം
- ഹൈഫ്രക്ടോസ് അടങ്ങിയ ഭക്ഷണം (മധുര പലഹാരങ്ങൾ കേക്ക്)

## നിർദ്ദേശങ്ങൾ

- ശരീര ഭാരത്തിന് അനുസരിച്ച് വെള്ളം കുടിക്കുക
- ശരീരഭാരം ശരിയായ രീതിയിൽ നിലനിർത്തുക
- ജീവിതശൈലി രോഗങ്ങൾ നിയന്ത്രണ വിധേയമാക്കണം (പ്രമേഹം കൊളസ്ട്രോൾ രക്തസമ്മർദ്ദം അമിതവണ്ണം )
- സപ്ലിമെന്റുകൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം എടുക്കുക
- ദിവസവും കുറഞ്ഞത് അരമണിക്കൂർ എങ്കിലും വ്യായാമം ചെയ്യുക (നടക്കുക, നീന്തൽ, കായിക വിനോദങ്ങൾ സൈക്കിളിംഗ്)

---

1-ാം പേജിൽ നിന്നു തുടർച്ച....

**പെരുകുന്ന ആത്മഹത്യകൾ ഉയർത്തുന്ന....**

എന്നാൽ ജന സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ, തെലുങ്കാനയും സംഖ്യാനുപാതികമായി കേരളവുമാണ് മുന്നിൽ. ഭാരതത്തിന്റെ ആകെ ജനസംഖ്യയുടെ 2.75 ശതമാനം മാത്രമാണ് കേരളത്തിൽ ഉള്ളതെങ്കിലും ആത്മഹ തൃകളുടെ 5.8 ശതമാനം കേരളത്തിലാണ് സംഭവിക്കുന്നത്. 2021 -ൽ 9,549 സംഭവങ്ങൾ; ഇപ്പോഴത്തെ ഭരണകക്ഷി, 'എല്ലാം ശരിയാക്കു'മെന്ന വാഗ്ദാനവുമായി അധികാരത്തിലെത്തിയ 2016 മുതൽ 2021 വരെ കേരള ത്തിലുണ്ടായത് 50,417 ആത്മഹത്യകളാണ് (ഭാരത സർക്കാർ പ്രസിദ്ധീകരണമായ ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രസിദ്ധീകരിച്ച ഡേറ്റാ).

**സർക്കാർ നിഷ്ക്രിയത്വം വെടിയണം**

ആത്മഹത്യാ പ്രതിരോധനടപടികൾ എന്നു പറയുവാൻ തക്കവണ്ണം കേരള സർക്കാർ എന്തുചെയ്തു ? കുടുംബകലഹം, സാമ്പത്തിക ക്ലേശം, കടബാധ്യത, കാൻസർ, കിഡ്നിരോഗം തുടങ്ങിയ ഗുരുതര രോഗങ്ങൾ മുതലായവയാണ് ആത്മഹത്യകളുടെ പ്രധാന കാരണങ്ങളായി സാമൂഹ്യശാസ്ത്ര ഗവേഷകർ വിലയിരുത്തുന്നത്. പിഞ്ചുകുട്ടികളെ നിഷ്ക്കരുണം കൊന്നിട്ട്, മാതാപിതാക്കൾ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങളുടെ എണ്ണവും കൂടിവരികയാണ്. ആത്മഹത്യാപ്രതിരോധത്തിനായി ആരോഗ്യപരിപാലനകേന്ദ്രങ്ങളിൽ, സാമൂഹ്യക്ഷേമകേന്ദ്രങ്ങളിൽ, എത്ര 'കൗൺസലിങ്ങ്' സെന്ററുകൾ (സർക്കാർ വക) പ്രവർത്തനമാരംഭിച്ചു? ആഗോള കമ്പോളവ്യവസ്ഥയുടെ ആഘാതംമൂലം തകർന്നടിയുന്ന എത്ര കർഷകകുടുംബങ്ങൾക്ക് താങ്ങും തണലുമായി സർക്കാരിന് ആശ്വാസം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്?




**പ്രതിസ്ഥാനത്ത് ലഹരിയും**

മദ്യാസക്തി, മയക്കുമരുന്നുകളുടെ വ്യാപകമായ വിപണനം എന്നിവയും മാനസികരോഗങ്ങളുടെ ആധിക്യവും തമ്മിലുള്ള പരസ്പരബന്ധം ശക്തമാണ്. 2016 -നു ശേഷം മയക്കുമരുന്നുകേസുകളുടെ എണ്ണത്തിൽ 87.47 ശതമാനം വർധനയുണ്ടായതായും 2022-ൽ മാത്രം 26,629 കേസുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തതായും 'ഇന്ത്യൻ എക്സ്പ്രസ്' (2023 ഫെബ്രുവരി 6) പത്രം റിപ്പോർട്ടു ചെയ്യുന്നു. മദ്യത്തിന്റെ വ്യാപാരത്തിലൂടെ 2022-23 വർഷം കേരളസർക്കാരിന് നികുതിയിനത്തിൽ മാത്രം ലഭിച്ചത് 16,100 കോടി രൂപയായിരുന്നു. 640 ബാർ ഹോട്ടലുകൾ, ബിവറേജസ് കോർപ്പറേഷൻ വക 346 വിൽപ്പനകേന്ദ്രങ്ങൾ, കൂടാതെ 3,500 കള്ളുഷാപ്പുകൾ. കേരളത്തിൽ മദ്യം പുഴയായി ഒഴുകുകയാണ്. ഓരോ ബാർ ഹോട്ടലും പ്രതിവർഷം ലൈസൻസ് ഫീസായി സർക്കാരിലേക്ക് നൽകേണ്ടത് 35 ലക്ഷം രൂപയാണ്. എന്നിട്ടും അവർ ലാഭത്തിൽ പ്രവർത്തിക്കുന്നു!

**ഉത്തരം കിട്ടാത്ത ചോദ്യങ്ങൾ**

ഓരോ ആത്മഹത്യയും കുടുംബങ്ങൾക്കു നൽകുന്ന സാമൂഹികമായ ആഘാതം വളരെ വലുതാണ്. നിരാലംബരാകുന്ന കുട്ടികൾ, ഹൃദയം തകർന്നു ജീവിക്കേണ്ടിവരുന്ന വൃദ്ധരായ മാതാപിതാക്കൾ, ഇവരുടെയൊക്കെ സംരക്ഷണം ആരാണ് ഏറ്റെടുക്കുക? ഏതുവിധേനയും വരുമാനം വർധിപ്പിക്കണം എന്നുമാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു സർക്കാരിനെ ജനക്ഷേമതൽപ്പരമായ ഭരണകൂടം എന്നു പറയുവാനാവുമോ? സർക്കാരിന് ഏറ്റെടുക്കുവാൻ ആവാത്ത സാമൂഹ്യസുരക്ഷാപദ്ധതികൾ മത/സാമൂഹ്യ സംഘടനകൾക്ക് സ്വന്തനിലയിൽ ഏറ്റെടുത്തു നടത്തുവാൻ കഴിയുമോ? ഓരോ വർഷവും പതിനായിരത്തിനടുത്ത് എത്തുന്ന ആത്മഹത്യകളെ ഇനി മേൽ അവഗണിക്കാനാവുമോ? കേരള സമൂഹമനഃസാക്ഷി നേരിടേണ്ട ചോദ്യങ്ങളാണ് ഇവയൊക്കെ...

# എന്തിനാണ് ഈശോ വിശുദ്ധകുർബാന സ്ഥാപിച്ചത്?

ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ

കുരിശിലെ തന്റെ ബലി പുനരാഗമനംവരെ അവിരാമം തുടർന്നുകൊണ്ടുപോകാൻ വേണ്ടിയായിരുന്നു ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചത്. വിശുദ്ധ കുർബാന വഴിയായി സഭയെ തന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സ്മരണ യേശു ഭരമേല്പിച്ചു. വിശുദ്ധ കുർബാന സ്നേഹത്തിന്റെ കൂദാശയും ഐക്യത്തിന്റെ അടയാളവും ഉപവിയുടെ ഉടമ്പടിയുമാണ്. വിശുദ്ധ കുർബാനയിൽ ക്രിസ്തു നമ്മുടെ ഭക്ഷണമായിത്തീരുകയും, നമ്മുടെ ആത്മാവ് ദൈവപ്രസാദവരംകൊണ്ട് നിറയുകയും ഭാവിമഹത്വത്തിന്റെ അച്ചാരമായി ഭവിക്കുകയും ചെയ്യുന്നു (SC 47).

**എന്തുകൊണ്ടാണ് ഈശോ അപ്പവും വീഞ്ഞും ഉപയോഗിച്ചത്?**

ഈശോ ദിവ്യകാരുണ്യം സ്ഥാപിച്ചതിന്റെ പ്രധാനലക്ഷ്യം നമ്മുടെ ഹൃദയങ്ങളിൽ ജീവിക്കുക എന്നതാണ്. അതുകൊണ്ടാണ് തന്റെ സാന്നിദ്ധ്യത്തിന്റെ അടയാളമായി വിലയേറിയ മറ്റു വസ്തുക്കളൊന്നും തിരഞ്ഞെടുക്കാതെ ഭക്ഷണത്തെ തിരഞ്ഞെടുത്തത്. ഇതുവഴി നമ്മുടെ ഉള്ളിലേക്ക് അവിടുന്ന് പ്രവേശിക്കുന്നു. ഈശോയുടെ കാലത്ത് അപ്പവും വീഞ്ഞും യഹൂദരുടെ സാധാരണ ഭക്ഷണക്രമത്തിന്റെ ഭാഗമായിരുന്നു.

**അപ്പത്തിന്റെയും കാസയുടെയും ആശീർവാദത്തിന് നവീനവും സുനിശ്ചിതവുമായ ഒരർത്ഥം നൽകി ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചു**



അപ്പത്തിന്റെയും വീഞ്ഞിന്റെയും അടയാളങ്ങൾക്ക് വിശുദ്ധ ഗ്രന്ഥത്തിൽ അടിസ്ഥാനമുണ്ട്. 'അപ്പം' എന്നത് ഭക്ഷണം മുഴുവനെയും പൊതുവെ പ്രതിനിധാനം ചെയ്യുന്നു. അനുദിനജീവിതം നിലനിർത്താൻവേണ്ടി സ്രഷ്ടാവായ ദൈവം മനുഷ്യനു നൽകുന്നതാണത്. അപ്പം മറ്റുള്ളവരുമായി പ്രത്യേകിച്ച് വിശക്കുന്നവരുമായി പങ്കുവയ്ക്കാനുള്ളതാണ്. അപ്പം യുഗാന്ത്യഭക്ഷണത്തിന്റെകൂടി പ്രതീകമാണ്. ബൈബിളിൽ വീഞ്ഞ് എന്നത് ജീവിതത്തിന്റെ സന്തോഷംനിറഞ്ഞവശം പ്രതിനിധാനം ചെയ്യുന്നു. സ്വർഗ്ഗീയമായ സന്തോഷത്തെയും വീഞ്ഞ് പ്രതിനിധാനം ചെയ്യുന്നുണ്ട്. വീഞ്ഞ് സ്രഷ്ടാവിന്റെ ദാനവും വാഗ്ദത്ത നാടിന്റെ സമൃദ്ധിയുടെ അടയാളവുമാണ് (ആമോസ് 9:14; ഹോസിയ 2:24; ജറെ 31:12).[15]

പഴയ നിയമകാലത്ത് ഭൂമിയുടെ ആദ്യഫലങ്ങളുടെകൂടെ അപ്പവും വീഞ്ഞും സ്രഷ്ടാവിനു സമർപ്പിച്ചിരുന്നു. എന്നാൽ പുറപ്പാടിന്റെ പശ്ചാത്തലത്തിൽ അവയ്ക്കു പുതിയൊരു അർത്ഥം വന്നു. ഓരോ വർഷവും പെസഹായ്ക്ക് ഇസ്രായേൽജനം ഭക്ഷിക്കുന്ന പുളിപ്പില്ലാത്ത അപ്പം അവരെ ഈജിപ്തിൽനിന്നു മോചിപ്പിച്ച പുറപ്പാടിനുള്ള തിടുക്കത്തെ അനുസ്മരിപ്പിച്ചു. പെസഹാഭക്ഷണത്തിന്റെ അവസാനത്തിലുള്ള വീഞ്ഞു നിറച്ച 'ആശീർവാദത്തിന്റെ കാസാ' യുഗാന്തപരമായ മാനം ഉൾക്കൊള്ളുന്നതായിരുന്നു. അപ്പത്തിന്റെയും കാസയുടെയും ആശീർവാദത്തിന് നവീനവും സുനിശ്ചിതവുമായ ഒരർത്ഥം നൽകി ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചു (CCC 1334).

# ക്രിസ്തുവിന്റെ വികാരിക്ക്



ഡാനിയേൽ പൂവണ്ണത്തിൽ
റ

ചരിത്രം കണ്ട മിക്കവാറും എല്ലാ പ്രസ്ഥാനങ്ങളും പദവികളും മൺമറഞ്ഞിട്ടും ക്രിസ്തുവിന്റെ സഭയും വികാരിയും മാത്രം കാലത്തെ അതിജീവിച്ചത് എന്തുകൊണ്ടാണ്? ഇരുളും വെളിച്ചവും സ്നേഹവും സൗന്ദര്യവും വൈരൂപ്യവും ഒരുപോലെ പേപ്പസിയുടെ കൂടാരങ്ങളിൽ കയറിയിറങ്ങിയിട്ടും അതിജീവനത്തിന്റെ മൃതസഞ്ജീവനിയായി പേപ്പസി തുടരുന്നതിന്റെ രഹസ്യമെന്താവും? കൊന്നു കുഴിച്ചുമൂടുവാൻ വന്നവരുടെ ശവസംസ്കാരകർമ്മത്തിൽ പങ്കെടുത്തുകൊണ്ട് ആശീർവാദത്തിന്റെ കരമുയർത്തി നിൽക്കുന്ന പത്രോസിന്റെ പിൻഗാമികളെപ്പറ്റി മെക്കാളെപ്രഭു പറഞ്ഞിട്ടുണ്ട്. നെപ്പോളിയനാണിങ്ങനെ പറഞ്ഞത്: "അലക്സാണ്ടറിന്റെയും ജൂലിയസ് സീസറിന്റെയും സാമ്രാജ്യങ്ങൾ നാമാവശേഷമായി. എന്റെ സാമ്രാജ്യം അസ്തമയത്തോടടുക്കുകയാണിപ്പോൾ. എന്നാൽ ക്രിസ്തുവിന്റെ സാമ്രാജ്യം, അതിനുമാത്രം അവസാനമില്ല." മാനുഷികബലങ്ങൾ മാത്രമായിരുന്നില്ല ദൈവപുത്രന്റെ സഭയുടെ അടിസ്ഥാനം. പത്രോസെന്ന മനുഷ്യന്റെ കഴിവുകളെക്കാളധികം അയാളുടെ കഴിവുകേടുകളെയും കരുത്തിന്റെ പാറയാക്കി മാറ്റുന്ന ദൈവശക്തിയിലാണ് ക്രിസ്തു തന്റെ സഭയെ പണിതത്. മാംസരക്തങ്ങളെക്കാളധികം ഈ വെളിപാടിന്റെ സുകൃതങ്ങൾക്കും നിന്റെ കരുത്തിനുമൊക്കെ നിദാനം സ്വർഗീയപിതാവിന്റെ കനിവല്ലാതെ മറ്റൊന്നുമല്ല എന്ന് ക്രിസ്തു പത്രോസിനോട് പറയുന്നതിന്റെ സൂചനയാണത്. സെന്റ് പോളിത് മനോഹരമായി പറഞ്ഞിട്ടുണ്ട്. ഈ സ്വർഗ്ഗീയനിധിയേൽപ്പിക്കപ്പെട്ട പാവം മനുഷ്യരൊക്കെ വല്ലാതെ ബലഹീനരായിപ്പോകുമ്പോഴും ഉള്ളിലെ നിധിയുടെ മൂല്യഭാരം അവരെ ഒരുപാടു കരുത്തരാക്കിയിരിക്കണം...

ഈ കുറിപ്പ് അവസാനിക്കുംമുമ്പ് ഒരാളെക്കൂടി നമുക്കോർക്കാനുണ്ട്. സജീവമായ ഒരോർമ്മയായി മരണത്തിനുശേഷവും ജനമനസ്സുകളിൽ ജീവിക്കുന്ന ജോൺപോൾപാപ്പാ. കരോൾ വോയ്റ്റീവാ എന്നായിരുന്നു കുട്ടിക്കാലത്ത് അവനു പേര്. ഒരു പാവപ്പെട്ട പട്ടാള ഉദ്യോഗസ്ഥന്റെ മകനായി പിറന്നതുകൊണ്ടാവണം അവശതയനുഭവിക്കുന്ന ജനകോടികൾക്ക് ഉയർച്ചയുണ്ടാവണമെന്ന് പിൽക്കാലത്ത് ഒരുപാടു തവണ അയാൾ ലോകത്തെ ഓർമ്മിപ്പിച്ചത്. ജർമ്മൻ തടങ്കൽപാളയത്തിൽ കല്ലുവെട്ടിയും കെമിക്കൽ ഫാക്ടറിയിൽ തൊഴിലെടുത്തും കഴിഞ്ഞ കൗമാരം ഈ മനുഷ്യനെ ഒരുപാടു രൂപപ്പെടുത്തിയിരിക്കണം. വൈദീകനായി പിന്നെയൊരുനാൾ പോളണ്ടിലെ ക്രാക്കോവ് അതിരൂപതയുടെ ആർച്ചുബിഷപ്പായി ശുശ്രൂഷ ചെയ്യുമ്പോളാണ് അദ്ദേഹത്തെ വത്തിക്കാന്റെ പരമപദം കനിവോടെ തേടിയെത്തുന്നത്.

പോളണ്ട് അന്നവർക്ക് ചതുർത്ഥിയായിരുന്നു! സഭാനേതാക്കന്മാരും പാശ്ചാത്യവാർത്താമാധ്യമങ്ങളും ഇരുമ്പുമുറ എന്ന ഓമനപ്പേരിട്ടു വിളിച്ച കമ്മ്യൂണിസ്റ്റ് രാജ്യം. പോളണ്ടിലിദ്ദേഹം കമ്മ്യൂണിസ്റ്റ് ഭരണകൂടവുമായി ഉണ്ടാക്കിയ പ്രായോഗികബന്ധങ്ങൾ അന്നേ ലോകശ്രദ്ധയാകർഷിച്ചിരുന്നു.

1978-ൽ അദ്ദേഹം വത്തിക്കാൻ കൊട്ടാരത്തിലേയ്ക്കു നടന്നുകയറുമ്പോൾ സഭാചരിത്രത്തിൽ അതൊരു നാഴികക്കല്ലാവുകയായിരുന്നു. മൂന്നാം സഹസ്രാബ്ദത്തിലേയ്ക്ക് ക്രിസ്തുവിന്റെ സഭയെ കൈപിടിച്ചു നടത്താൻ ഒരു മാർപാപ്പാ, ജോൺപോൾ രണ്ടാമൻ എന്ന സ്ഥാനപ്പേരിൽ.

ആ വ്യക്തിയിൽ സകല നേതൃഭാവങ്ങളും സമ്മേളിക്കപ്പെട്ടിരിക്കുന്നതായി അന്നു മുതൽ ലോകം തിരിച്ചറിഞ്ഞു. ഏറ്റവും കൂടുതൽ വിദേശയാത്രകൾ നടത്തിയ, രാജ്യങ്ങൾ സന്ദർശിച്ച പാപ്പായായി അദ്ദേഹം ശ്രദ്ധേയനായത് പെട്ടെന്നായിരുന്നു. ലോകമനഃസാക്ഷിയുടെ സൂക്ഷിപ്പുകാരനെ തിരഞ്ഞ് പലവേള ലോകശ്രദ്ധ വത്തിക്കാൻ കൊട്ടാരത്തിലേയ്ക്കു തിരിഞ്ഞു.

പിന്നെയുമൊരുനാൾ, പ്രപഞ്ചമീ മനുഷ്യന്റെ മുമ്പിൽ ആദരവോടെ ശിരസ്സു നമിച്ചത്, തന്റെ ജീവസ്പന്ദനങ്ങളുടെ നേരെ നിഷ്ക്കരുണം നിറയുതിർത്ത അലി അഗ്ക്ക എന്ന യുവാവിന് നിരുപാധികം മാപ്പുകൊടുക്കാൻ തയ്യാറായ ആ വിശാലഹൃദയന്റെ കനിവിനു മുന്നിലാണ്. ഭൂതകാലങ്ങളിൽ ആ സ്ഥാനചിഹ്നങ്ങൾ വിശ്വമനഃസാക്ഷിയിൽ ചാർത്തിയ പാപക്കറകളെ മറന്നതുപോലെ, അന്നു പ്രപഞ്ചം പേപ്പസിയെ വന്ദിച്ചുനിന്നു. ഇനിയുമുണ്ടായി ഒരു ദിനം. അതൊരു മാപ്പു പറച്ചിലിന്റെ ദിനമായിരുന്നു. ചരിത്രത്തിൽ ക്രിസ്തുവിന്റ പിൻമുറക്കാർ ചെയ്തു കൂട്ടിയ അപരാധങ്ങൾക്കും മതദ്രോഹവിചാരണക്കോടതി ചുട്ടെരിച്ച വിശ്വാസവിരുദ്ധരെന്ന് മുദ്രകുത്തപ്പെട്ടവരുടെ പ്രാണനുവേണ്ടിയുള്ള നിലവിളികൾക്കും, കുരിശുയുദ്ധങ്ങളേല്പിച്ച കളങ്കസ്മൃതികൾക്കും കുരിശുരൂപത്തിൽ ശിരസു മുട്ടിച്ച് ആ വയോധികൻ അന്നു മാപ്പു പറഞ്ഞു. എതിരാളികളിൽ പോലും മനഃചാഞ്ചല്യമുണ്ടാക്കിയ ആ മനുഷ്യസ്നേഹിയെ ലോകമന്ന് വാഴ്ത്തിപ്പാടി.

നീണാൾ വാഴുക പാപ്പാ...

ഇന്നാ പുണ്യാത്മാവിന്റെ ഭൗതികസാന്നിധ്യമില്ല, ഈ ഓർമ്മകളല്ലാതെ... പക്ഷേ, സഭയും പേപ്പസിയും നിലനിൽക്കുന്ന കാലത്തോളം ജോൺപോൾ രണ്ടാമൻ ജനമനസ്സുകളിലുണ്ടാവും, ഒരപൂർവ്വപുഷ്പത്തിൻ സുഗന്ധമായി...

കാലഘട്ടങ്ങളെ അതിജീവിച്ച് പേപ്പസി ഇന്നും തുടരുന്നു. എല്ലാ വിവാദങ്ങൾക്കുമൊടുവിലും വിവിധ സഭകൾക്കിടയിൽ പോലും ഒരു സമാനചിന്താഗതി ഈ വിഷയത്തിൽ രൂപപ്പെടുന്നുമുണ്ട്. ക്രിസ്തുവിന്റെ സഭകളുടെ ഐക്യത്തിന്റെ നിമിത്തമായി പേപ്പസിയെ കാണാനാണ് ഇന്ന് കുറെയധികം പേർക്കിഷ്ടം. ആ കൈയ്യൊപ്പു പോലും സൂചിപ്പിക്കുന്നത് അങ്ങനെയാണല്ലോ. ക്രിസ്തുവിന്റെ ദാസന്മാരുടെ ദാസൻ!

Matrimonial

# നഷ്ടപ്പെടുത്തരുത്



ബിനീഷ് കളപ്പുരയ്ക്കൽ
പൊളിറ്റിക്സ് അധ്യാപകൻ
നെഹ്റു സ്മാരക പഞ്ചായത്ത്
ഹയർ സെക്കൻഡറി സ്കൂൾ പുറ്റടി.



**കുട്ടികളിൽ വളരുന്ന അക്രമത്തിന്റെയും, ആസക്തികളുടെയും പിന്നിൽ അവർ മൊബൈൽ ഫോണിൽ കാണുന്ന കാഴ്ചകളുടെ സ്വാധീനം വളരെ വ്യക്തമാണ്. തിന്മകളെ നന്മകൊണ്ട് ജയിക്കുന്നതിനു പകരം എല്ലാ ഇഷ്ടക്കേടുകളെയും തല്ലിയും കൊന്നും തീർക്കണമെന്നുള്ള ചിന്ത അവരെ പഠിപ്പിച്ചത് സിനിമകളാണ്. കുട്ടികളുടെ കാഴ്ചകൾ വിശുദ്ധീകരിക്കപ്പെടണം.**

'അഭികാമ്യം അല്ല എന്ന് ഇപ്പോഴത്തെ മുതിർന്നവർ കരുതുന്ന കാര്യങ്ങൾ ചെയ്താൽ അത്തരം കുട്ടികളെ ശിക്ഷിച്ച് പ്രശ്നം പരിഹരിക്കാൻ കഴിയില്ല. അത് വിദ്യാഭ്യാസസ്ഥാപനമോ കുട്ടിയോ മാത്രം വിചാരിച്ചാൽ പരിഹരിക്കാൻ കഴിയുന്ന കാര്യമല്ല. അത് സാമൂഹികമായി കൂടി പരിഹരിക്കേണ്ടതാണ്.'

സമൂഹമാധ്യമത്തിൽ കേരളത്തിന്റെ വിദ്യാഭ്യാസമന്ത്രി വി. ശിവൻകുട്ടി എഴുതിയ ഈ കുറിപ്പിൽനിന്ന് തന്നെ തുടങ്ങാം. കുട്ടികളുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരം കുട്ടിയോ ടീച്ചറോ മാത്രം കണ്ടെത്തേണ്ടതല്ല അത് സമൂഹം മുഴുവന്റെയും കൂട്ടുത്തരവാദിത്വമാണ്.

## 1. നല്ല പ്രായം

'കാലം കുഞ്ഞുമനസ്സിൽ ചായം കൂട്ടി
കണ്ണിൽപൂത്തിരി കത്തി ചിറകു മുളച്ചൂ പാറി നടന്നൂ'.

കൗമാരമനസ്സിന്റെ വേഗതയും സന്തോഷവും കാവാലം നാരായണപ്പണിക്കർ ഒരു പാട്ടിൽ വരച്ചു വയ്ക്കുന്നത് ഇങ്ങനെയാണ്. അതെ! കുട്ടികളുടെ പ്രായം തന്നെയാണ് അവരുടെ പ്രശ്നങ്ങളുടെ ഉറവിടവും. തുടിച്ചു തുള്ളിക്കുതിച്ചു പായുന്ന ഈ കൗമാര മനസ്സിന് ഇടയ്ക്കൊന്ന് കാലിടറി പോകും, വീണുപോകും. കുട്ടികളല്ലേ, നടക്കാൻ പഠിക്കുമ്പോൾ വീഴും. എന്നാൽ ആ വീഴ്ചകളും ഇടർച്ചകളും ഇന്ന് ഗൗരവമായ വീഴ്ചകളായി മാറിയതാണ് നമ്മെ ആശങ്കപ്പെടുത്തുന്നത്. കുട്ടി പ്രണയങ്ങൾ പോക്സോ കേസുകളായി മാറുന്നു. കുട്ടികൾ തമ്മിലുള്ള വഴക്ക് കത്തിക്കുത്തുകളും കൊലപാതകവുമായി മാറുന്നു. അധ്യാപകൻ തിരുത്തിയാൽ കുട്ടി കൊലവിളി മുഴക്കുന്നു. കൂട്ടത്തല്ല് സ്കൂളുകളിലെ സ്ഥിരം കലാപരിപാടിയായി. മൊബൈൽ ഉപയോഗം മാനസികരോഗമായി.

**പോംവഴി:** ഒരാളുടെ ബൗദ്ധിക വളർച്ച പൂർത്തിയാകുന്നത് 22– 23 വയസ്സോടുകൂടിയാണെന്നാണ് വളർച്ചാ സിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നത്. തലച്ചോറിലെ വൈകാരികതയുടെ ഇടമായ Amygdala യുടെ വളർച്ച കൗമാരത്തിൽ പൂർത്തിയാവുന്നു. എന്നാൽ തിരിച്ചറിവിന്റെയും വിവേകത്തിന്റെയും ഇടമായ pre-frontal lob ന്റെ വളർച്ചയാവട്ടെ പൂർത്തിയാവുന്നില്ല. ഫലത്തിൽ, ശക്തമായി പ്രവർത്തിക്കുന്ന എൻജിനുള്ള, എന്നാൽ ബ്രേക്കില്ലാത്ത ഒരു വാഹനം പോലെയാണ് കൗമാരക്കാർ. വൈകാരിക ആവേശമുണ്ട്. പക്ഷേ വിവേകമില്ല. അത് അവരുടെ കുറ്റമല്ല. പ്രായം അതാണ്. ഇക്കാര്യം എളിമയോടെ കുട്ടി തിരിച്ചറിയണം. താനൊരു കുട്ടി ആയിരിക്കുന്നിടത്തോളം കാലം തിരുത്തലുകളെ സ്വീകരിക്കണമെന്നും സ്വയം അച്ചടക്കം പരിശീലിക്കണമെന്നും തീരുമാനിക്കണം. കുട്ടികളുമായി ഇടപെടുന്ന മാതാപിതാക്കളും അധ്യാപകരും ഇത് കുട്ടിയാണെന്നും കുട്ടിയുടെ പ്രായം ഇതാണെന്നും മനസ്സിലാക്കി അവനെക്കുറിച്ച് മുൻവിധികളോ വിധികളോ നടത്താതെ ദീർഘക്ഷമയോടെ അവന്റെ മാറ്റത്തിനായി കാത്തിരിക്കണം. 'സ്നേഹം ദീർഘക്ഷമയും ദയയുമുള്ളതാണ്'. 1 കോറിന്തോസ് 13 : 4.



**കുട്ടികളുടെ പ്രശ്നങ്ങളേക്കുറിച്ചുള്ള ഏതൊരമ്വേഷണവും ചെന്നെത്തിനിൽക്കുന്നത് അവൻ ജനിച്ചു വളർന്ന വീട്ടുമുറ്റത്ത് തന്നെയാണ്. കുടുംബ കലഹം, മദ്യപാനികളായ മാതാപിതാക്കൾ, മക്കളെ ഉപേക്ഷിച്ചു പോകുന്ന മാതാപിതാക്കൾ, വിവാഹമോചനം, സിംഗിൾ പേരന്റിംഗ് തുടങ്ങി ഇന്ന് കുടുംബങ്ങളിൽ കുട്ടികൾ കടന്നു പോകേണ്ടി വരുന്ന വേദനകൾ നിരവധിയാണ്.**

## 2. ആശാനക്ഷരമൊന്നു പിഴച്ചാൽ

ആശാനക്ഷരമൊന്നു പിഴച്ചാൽ അമ്പത്തൊന്നു പിഴയ്ക്കും ശിഷ്യന് എന്ന് പാടിയത് കുഞ്ചൻ നമ്പ്യാരാണ്. കുട്ടികളുടെ പെരുമാറ്റ വൈകല്യങ്ങളെ കുറിച്ചുള്ള ഈ ദിവസങ്ങളിലെ ചർച്ചകളിൽ ഉയർന്നുകേട്ട മറ്റൊരു പറച്ചിലായിരുന്നു; 'മോശം വിദ്യാർത്ഥി എന്നൊന്നില്ല, ഉള്ളത് മോശം അധ്യാപകരാണ്' എന്ന്. കൂടാതെ അധ്യാപക സെമിനാറിൽ ആവർത്തിച്ചു കേൾക്കാറുള്ള ഒരു പ്രസ്താവനയുണ്ട്; No Society can rise above the level of their teachers ഒരു സമൂഹത്തിന്റെ നിലവാരം അവിടുത്തെ അധ്യാപകരുടെ നിലവാരമാണ്. കുട്ടികളുടെ പ്രശ്നങ്ങളുടെയൊക്കെ കാരണമായി അധ്യാപകരൊഴികെ എല്ലാവരും വന്നെത്തി നിൽക്കുന്നത് ഏകദേശം ഈ ഒരു തീരുമാനത്തിലാണ്. കാര്യം ശരിയാണ്. പക്ഷേ ചെറിയൊരു തിരുത്തുണ്ട്. ഇവിടെ ടീച്ചർ എന്നാൽ സ്കൂളിൽ കുട്ടിയെ പഠിപ്പിക്കുന്ന ആൾ മാത്രമല്ല. വിശാലർത്ഥത്തിൽ കുട്ടിയെ ഏതെങ്കിലും വിധത്തിൽ സ്വാധീനിക്കുന്ന എല്ലാവരും അധ്യാപകർ തന്നെയാണ്. കുട്ടി തന്റെ ആയുസ്സിലെ ഏതാനും ദിവസങ്ങൾ മാത്രം ക്ലാസ് മുറിയിൽ ഇരുന്ന് പരിചയിക്കുന്ന അധ്യാപകരേക്കാൾ എത്രയോ വലിയ സ്വാധീനം കുട്ടിയുടെ കുടുംബത്തിനും കൂട്ടുകാർക്കും ബന്ധുക്കൾക്കും അവൻ നിത്യേന ഇടപഴകുന്ന മാധ്യമ ലോകത്തിനും അവന്റെ മേലുണ്ടെന്നത് എല്ലാവരും തിരിച്ചറിയേണ്ടതാണ്. അധ്യാപകരെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സംവിധാനങ്ങളെയും കുട്ടികളുടെ പ്രശ്നങ്ങൾക്ക് കുറ്റം പറയുമ്പോൾ മാടമ്പള്ളിയിലെ യഥാർത്ഥ മനോരോഗി സന്തോഷിക്കുകയാണ്. അത് മറ്റാരുമല്ല കുട്ടിക്ക് ജന്മം കൊടുത്ത് അവന്റെ അടിസ്ഥാന ബോധ്യങ്ങളെ വളർത്തിയ കുടുംബം എന്ന അവന്റെ ആദ്യ വിദ്യാലയവും മാതാപിതാക്കളാകുന്ന അവന്റെ ആദ്യ അധ്യാപകരുമാണത്. അധ്യാപകരെ നിയതമായ യോഗ്യതാ മാനദണ്ഡങ്ങൾ വച്ച് റിക്രൂട്ട്മെന്റ് പരീക്ഷകളും അഭിമുഖങ്ങളും നടത്തിയാണ് തെരഞ്ഞെടുക്കുക. എന്നാൽ കുട്ടിയെ സ്വാധീനിക്കുന്ന കുടുംബങ്ങളും മാതാപിതാക്കളും ബന്ധുമിത്രാദികളും ഒരിക്കലും ഓഡിറ്റ് ചെയ്യപ്പെടുന്നില്ല. കുട്ടികളുടെ പ്രശ്നങ്ങളേക്കുറിച്ചുള്ള ഏതൊരന്വേഷണവും ചെന്നെത്തിനിൽക്കുന്നത് അവൻ ജനിച്ചു വളർന്ന വീട്ടുമുറ്റത്ത് തന്നെയാണ്. കുടുംബ കലഹം, മദ്യപാനികളായ മാതാപിതാക്കൾ, മക്കളെ ഉപേക്ഷിച്ചു പോകുന്ന മാതാപിതാക്കൾ, വിവാഹമോചനം, സിംഗിൾ പേരന്റിംഗ് തുടങ്ങി ഇന്ന് കുടുംബങ്ങളിൽ കുട്ടികൾ കടന്നു പോകേണ്ടി വരുന്ന വേദനകൾ നിരവധിയാണ്.

**പോം വഴി:** സമാധാനമുള്ള കുടുംബാന്തരീക്ഷങ്ങൾ സൃഷ്ടിക്കപ്പെടണം. സർക്കാർ അടിയന്തരമായി കുട്ടികൾ കുടുംബങ്ങളിൽ അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെയും അവഗണനയുടെയും മാതാപിതാക്കളുടെ മദ്യപാനം കൊണ്ടുള്ള ക്രൂരതകളുടെയും ഒരു കണക്കെടുക്കുകയും അത്തരം കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് പ്രത്യേക കരുതൽ നൽകുകയും വേണം. വിവാഹബന്ധങ്ങൾക്കും കുടുംബജീവിതത്തിനുമുള്ള പ്രാധാന്യം നഷ്ടപ്പെടുത്തുന്ന ലിവിങ് ടുഗതർ പോലുള്ള പുതിയ പ്രവണതകളെ ശക്തമായി നിരീക്ഷിക്കുകയും നിയന്ത്രണമേർപ്പെടുത്തുകയും ചെയ്യണം.

## 3. നിങ്ങൾ എന്തു കാണുന്നുവോ നിങ്ങൾ അതായിത്തീരുന്നു

ഇന്റർനെറ്റിന്റെ പ്രവാചകനായ ഡേവിഡ് മക് ലൂഹന്റെ വാക്കുകളാണിവ. കുട്ടികളിൽ വളരുന്ന അക്രമത്തിന്റെയും, ആസക്തികളുടെയും പിന്നിൽ അവർ മൊബൈൽ ഫോണിൽ കാണുന്ന കാഴ്ചകളുടെ സ്വാധീനം വളരെ വ്യക്തമാണ്. തിന്മകളെ നന്മകൊണ്ട് ജയിക്കുന്നതിനു പകരം എല്ലാ ഇഷ്ടക്കേടുകളെയും തല്ലിയും കൊന്നും തീർക്കണമെന്നുള്ള ചിന്ത അവരെ പഠിപ്പിച്ചത് സിനിമകളാണ്. കുട്ടികളുടെ കാഴ്ചകൾ വിശുദ്ധീകരിക്കപ്പെടണം. കോവിഡ് കാലത്ത് വിതരണം ചെയ്ത ഫോ



# നമ്മുടെ കൗമാരത്തെ

ണുകൾക്ക് ലക്ഷക്കണക്കിന് കുട്ടികളാണ് അടിമകളായി മാറിയത്. പ്രത്യേകിച്ച് മൊബൈൽ ഗെയിമിന് അടിമകളായത് ആൺകുട്ടികളാണ്. അങ്ങനെ ആൺകുട്ടികളിൽ ഭീകരമായ അലസതയും അരാജകത്വവും ആത്മനിയന്ത്രണമില്ലായ്മയും വളർന്നു. പെൺകുട്ടികളാവട്ടെ സമൂഹമാധ്യമങ്ങളുടെ ചൂണ്ടക്കൊളുത്തുകളിൽ ലോകത്ത് എവിടെയുമുള്ള വേട്ടക്കാരന് അവളിലേക്ക് കടന്നു വരാനുള്ള വാതിലുകൾ അറിയാതെ തുറന്നിട്ടു. പത്തനംതിട്ടയിൽ അമ്പതിലധികം പേർ പീഡിപ്പിച്ച ഒരു പെൺകുട്ടിയുടെ വാർത്ത നമ്മളെ നടുക്കി. പെൺകുട്ടിക്ക് പതിമൂന്നു വയസ്സുള്ളപ്പോൾ ആദ്യമായി ഉപദ്രവിച്ചത് ആൺസുഹൃത്താണ്. പിന്നീട് പല പ്രതികളും ഇൻസ്റ്റാഗ്രാമിലൂടെയാണ് അവളിലേക്ക് കടന്നുവന്നത്. സ്മാർട്ട്ഫോൺ ഉപയോഗിക്കാൻ അറിയാത്ത അച്ഛന്റെ മകൾ!

**പോം വഴി:** അമേരിക്കയിലും ബ്രിട്ടനിലും ശക്തിയാർജിച്ചത് പോലെ സ്മാർട്ട് ഫോൺ ഫ്രീ കൗമാരം എന്നൊരു ക്യാമ്പയിനിന് നമ്മുടെ നാട്ടിലും സമയമായി. അല്ലെങ്കിൽ കുട്ടികൾ ഉപയോഗിക്കുന്ന ഫോണുകളിൽ കൃത്യമായും പേരെന്റ് കൺട്രോളുകൾ ഇൻസ്റ്റാൾ ചെയ്തിരിക്കണം. കൗമാരക്കാരുടെ ഇൻസ്റ്റാഗ്രാം ഉപയോഗം അതിരുവിടുന്നു എന്ന് കണ്ടിട്ടാണ് മെറ്റ കമ്പനി പോലും ഇൻസ്റ്റാഗ്രാം റ്റീൻ അക്കൗണ്ടുകളെക്കുറിച്ചു ചിന്തിക്കാൻ തുടങ്ങിയത്. ഇവിടെ ഒരു കണക്കെടുപ്പ് വേണം. ഞെട്ടിക്കുന്ന ഒരു കണക്കായിരിക്കും ലഭിക്കുക. അത്രമാത്രം കുട്ടികളാണ് മൊബൈൽ ഫോണിന് അടിമകളായിരിക്കുന്നത്. പല കുട്ടികളുടെയും മാനസിക ആരോഗ്യം നഷ്ടപ്പെട്ടു കഴിഞ്ഞു. അത്തരം കുട്ടികൾക്ക് അടിയന്തരമായ കൗൺസിലിംഗും ചികിത്സയും തന്നെയാണ് വേണ്ടത്.

### 4. ബാല്യത്തെ തിന്നുന്ന ലഹരിയെന്ന അർബുദം

വിദ്യാർത്ഥികളുടെ ഇടയിൽ വ്യാപകമായി പ്രചരിക്കുന്ന ലഹരി ഉപയോഗം ഞെട്ടിക്കുന്നതാണ്. പുകവലി മുതൽ രാസലഹരികളും മദ്യപാനവും വിദ്യാർത്ഥികളുടെ ഇടയിൽ അർബുദം പോലെ അതിവേഗം പെരുകുകയാണ്. ഒരു പഠനയാത്രയ്ക്ക് കുട്ടികളെ കൊണ്ട് പോകാൻ അധ്യാപകർ ഭയപ്പെടുകയാണ്. ഒരു സ്കൂൾ വാർഷികമോ യാത്രയയപ്പ് സമ്മേളനമോ നടത്താനുള്ള ധൈര്യം ഇന്ന് സ്ഥാപനങ്ങൾക്കില്ല. ഏത് ആഘോഷവേളകളെയും ലഹരി കൊണ്ട് നിറയ്ക്കുന്നതാണ് ഹീറോയിസം എന്ന് കരുതുന്ന ഒരു തലമുറ വളർന്നുവരുന്നുണ്ട്. 2024 ആഗസ്റ്റ് വരെ 8 മാസം കൊണ്ട് കുട്ടികൾ ഉൾപ്പെട്ട 39 മയക്കുമരുന്ന് കേസുകളാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. കൂടാതെ 741 കേസുകളിലായി 1510 കുട്ടികൾ ഉൾപ്പെട്ട മറ്റു കുറ്റകൃത്യങ്ങൾ. അതിൽ തന്നെ രണ്ട് കൊലപാതക കേസുകൾ. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് മയക്കുമരുന്ന് കയ്യിൽ വെച്ചതിന് പിടിക്കപ്പെട്ടത് 1600 കുട്ടികൾ. ഇത് കേരള പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്കാണെങ്കിൽ ചെറുതും വലുതുമായ ഇത്തരം കേസുകൾ വിദ്യാലയങ്ങളിൽ എത്രമാത്രമുണ്ടെന്ന് സ്കൂളുമായി ബന്ധപ്പെടുന്നവർക്കറിയാം.



കഴിഞ്ഞ രണ്ടുവർഷംകൊണ്ട് മയക്കുമരുന്ന് കയ്യിൽ വെച്ചതിന് പിടിക്കപ്പെട്ടത് 1600 കുട്ടികൾ. ഇത് കേരള പോലീസ് രജിസ്റ്റർ ചെയ്ത കേസുകളുടെ കണക്കാണെങ്കിൽ ചെറുതും വലുതുമായ ഇത്തരം കേസുകൾ വിദ്യാലയങ്ങളിൽ എത്രമാത്രമുണ്ടെന്ന് സ്കൂളുമായി ബന്ധപ്പെടുന്നവർക്കറിയാം.

**പോം വഴി:** ലഹരിയുടെ ഉറവിടവും വരവും ലഭ്യതയും കുറയ്ക്കുക എന്നതാണ് പ്രധാനം. ലഹരി കുരുന്നുകരങ്ങളിൽ എത്തുന്ന വഴികളടയണം. ക്രിമിനൽ മനസോടെ ലഹരി സ്കൂളിലെത്തിച്ച് സഹപാഠികൾക്കിടയിൽ വിതരണം ചെയ്യുന്ന കുട്ടികൾക്ക് തക്കതായ ശിക്ഷയും തിരുത്തലും നൽകിയേ പറ്റൂ. ബാലനീതി നിയമത്തിലെ ഭേദഗതിയിൽ 16 മുതൽ 18 വയസ്സ് വരെയുള്ള പ്രായത്തിൽ ഹീനകുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്ക് കുട്ടി എന്ന പരിരക്ഷ നൽകില്ല എന്ന വ്യവസ്ഥ ഇവിടെയും ബാധകമാകണം. ലഹരിക്കെതിരെയുള്ള ബോധവൽക്കരണം പാഠ്യപദ്ധതിയുടെ ഭാഗമാകണം.



പോക്സോ നിയമത്തെക്കുറിച്ചും പക്വതയുള്ള പ്രണയത്തെക്കുറിച്ചുമുള്ള ബോധവൽക്കരണങ്ങൾ വേണം. എന്നാൽ എത്രയൊക്കെ മുന്നറിയിപ്പുകൾ നൽകിയാലും മാതാപിതാക്കളുടെയും അധ്യാപകരുടെയും സംരക്ഷണ കവചത്തിൽനിന്നും രക്ഷപ്പെട്ട് തന്റെ സുഹൃത്തിനൊപ്പം ഇറങ്ങിപ്പോകാൻ മാത്രമുള്ള അടിമത്തമായി പ്രണയങ്ങൾ മാറുകയാണ്.

### 5. തീക്കളിയായി മാറുന്ന കൗമാരപ്രണയങ്ങൾ

കൗമാരം പ്രണയഭരിതമാണ്. അത് വളർച്ചയുടെയും ഹോർമോൺ പ്രവർത്തനങ്ങളുടെയും ഭാഗമാണ്. എന്നാൽ കൗമാരപ്രണയബന്ധങ്ങൾ ഇന്ന് അനുഭൂതികൾക്കും തോന്നലുകൾക്കുമപ്പുറം ഗാഢമായ ബന്ധങ്ങളിലേക്ക് നീങ്ങുകയാണ്. കുട്ടികൾ തമ്മിലുള്ള പല സംഘർഷങ്ങളുടെയും മൂല കാരണം പലപ്പോഴും ഈ പ്രണയബന്ധങ്ങളെക്കുറിച്ചുള്ള തർക്കങ്ങളാണ്. ബാലാവകാശ കമ്മീഷന്റെ 2023- 24 ലെ റിപ്പോർട്ടനുസരിച്ച് 4663 പോക്സോ കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. അതിൽ തന്നെ അതിജീവിതകളും പ്രതികളും തമ്മിലുള്ള ബന്ധം തിരിച്ചറിഞ്ഞ 3767 കേസുകളിൽ 1169 പ്രതികളും അതിജീവിതകളുടെ കാമുകന്മാരും സുഹൃത്തുക്കളുമായിരുന്നു! പ്രണയമെന്ന മധുരമിഠായിയിൽ പൊതിഞ്ഞുവെച്ച ആസക്തിയുടെ വിഷം!

**പോം വഴി:** പോക്സോ നിയമത്തെക്കുറിച്ചും പക്വതയുള്ള പ്രണയത്തെക്കുറിച്ചുമുള്ള ബോധവൽക്കരണങ്ങൾ വേണം. എന്നാൽ എത്രയൊക്കെ മുന്നറിയിപ്പുകൾ നൽകിയാലും മാതാപിതാക്കളുടെയും അധ്യാപകരുടെയും സംരക്ഷണ കവചത്തിൽനിന്നും രക്ഷപ്പെട്ട് തന്റെ സുഹൃത്തിനൊപ്പം ഇറങ്ങിപ്പോകാൻ മാത്രമുള്ള അടിമത്തമായി പ്രണയങ്ങൾ മാറുകയാണ്. ഇവിടെയും ചെറിയ കുട്ടികളിലേക്ക് വേട്ടക്കാർക്ക് കടന്നു വരാനുള്ള മാർഗമായി സമൂഹമാധ്യമങ്ങൾ മാറുന്നുണ്ട്. ആ വാതിലുകളാണ് അടയ്ക്കപ്പെടേണ്ടത്. കൗമാരക്കാരുടെ കൈകളിലേക്ക് മൊബൈൽവച്ചു കൊടുക്കുംമുമ്പ് ഒരായിരം വട്ടം മാതാപിതാക്കൾ ചിന്തിക്കണം. ഫോൺ ഇല്ലാത്തതിന്റെ പേരിൽ ഒരു കുട്ടിക്കും ഒരു അപകടവും ഇന്നുവരെ ഉണ്ടായിട്ടില്ല. പക്ഷേ ഫോണിലൂടെ വന്ന ബന്ധങ്ങൾ അനേകം കുട്ടികളുടെ ജീവൻ കവർന്നിട്ടുമുണ്ട്.

### 6. ഇരുതല വാൾ മൂർച്ചയുള്ള ബാലാവകാശം

1989 ൽ UNICEF അന്താരാഷ്ട്ര സ്ഥലത്തിൽ കുട്ടികളുടെ അവകാശ പ്രഖ്യാപനം നടത്തിയതോടുകൂടിയാണ് കുട്ടികൾക്ക് ചോദിക്കാനും പറയാനും ആളുണ്ടെന്ന് ലോകത്തിന് ബോധ്യമായത്. ആ പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ച് നമ്മുടെ രാജ്യത്തും ബാലാവകാശ നിയമങ്ങൾ അംഗീകരിക്കപ്പെട്ടു. അതോടെ നമ്മുടെ മക്കളുടെ അവകാശങ്ങൾക്ക് രാജ്യം കാവലായി. ബാലാവകാശ കമ്മീഷൻ നിലവിൽ വന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. എന്നാൽ ബാലാവകാശങ്ങൾ പലപ്പോഴും ഇരുതല വാൾ മൂർച്ചയുള്ള ആയുധമായി മാറാറുണ്ട്. ബലാവകാശത്തെ പേടിച്ച് അധ്യാപകരും മാതാപിതാക്കളും യാതൊരുതരത്തിലും കുട്ടികളെ തിരുത്താനോ കുട്ടികളുടെ കാര്യങ്ങളിൽ ഇടപെടാനോ തയ്യാറാവാതെ നിസംഗരായി പോകുന്നുവെന്ന് കോടതി തന്നെ നിരീക്ഷിക്കുകയുണ്ടായി.

**പോം വഴി:** ബാലാവകാശ നിയമങ്ങളും ബാലസംരക്ഷണ പ്രസ്ഥാനങ്ങളും അതിക്രമങ്ങളെ തടയുന്നതിന് ഒന്നാം സ്ഥാനം നൽകുക. ചൈൽഡ് ലൈൻ, സിഡബ്ല്യു.സി തുടങ്ങിയവ കുട്ടികളെ തിരുത്തുന്നതിനും കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങളെ കണ്ടെത്തി പരിഹരിക്കുന്നതിനും തയ്യാറാവുക. സ്കൂളിന്റെ പാഠ്യഭാരത്തിനിടയിൽ ഓരോ കുട്ടികളെയും വ്യക്തിപരമായി ശ്രദ്ധിച്ച് ഈ ദൗത്യം ചെയ്യാൻ അധ്യാപകർക്കും സ്ഥാപനത്തിനും ബുദ്ധിമുട്ടുണ്ടാകാം. എന്നാൽ എല്ലാ സംവിധാനങ്ങളും കൗൺസിലർമാരും പോലീസും കെയർ ഹോമുകളുമുള്ള ഈ സ്ഥാപനങ്ങൾ പ്രത്യേക പരിഗണന ആവശ്യമുള്ള എല്ലാ വിദ്യാർത്ഥികളെയും ഏറ്റെടുക്കുകയും അവർക്ക് വേണ്ട പരിശീലനം നൽകുകയും ചെയ്യണം.

കുട്ടികളെ തിരുത്തുക എന്നാൽ അധ്യാപകരുടെ കയ്യിൽ പഴയ വടി തിരിച്ചു നൽകുക എന്നുമാത്രം വ്യാഖ്യാനിക്കുന്നത് തെറ്റാണ്. തിരുത്തപ്പെടുക എന്നത് ഏതൊരു പൗരന്റെയും അവകാശം കൂടിയാണ്. ഏതെങ്കിലും ഒരു കലാരൂപമോ കായിക ഇനമോ അഭ്യസിക്കുന്ന ഒരു വ്യക്തിയെ അദ്ദേഹത്തിന്റെ പരിശീലകൻ തിരുത്തുന്നില്ലായെങ്കിൽ എന്നെങ്കിലും അയാൾക്ക് മികച്ച ഒരു കായിക താരമോ കലാകാരനോ ആകാൻ കഴിയുമോ?ഒരിക്കലുമില്ല. ഇതുപോലെ തന്നെയാണ് ഓരോ വിദ്യാർത്ഥിയും. അയാൾ തിരുത്തപ്പെട്ടില്ലെങ്കിൽ എങ്ങനെയാണ് നല്ലൊരു പൗരനാകാൻ സാധിക്കുക! എന്നാൽ ഇന്ന് വിദ്യാലയങ്ങളിൽ കുട്ടികളെ തിരുത്താനുള്ള യാതൊരു സംവിധാനങ്ങളും നിയമപരമായി നിലവിലില്ല. താൻ ചെറിയ ചെറിയ മോഷണങ്ങൾ നടത്തിയപ്പോൾ തിരുത്താതിരുന്ന തന്റെ അമ്മയുടെ ചെവി കടിച്ചെടുത്ത് ജയിലിലേക്ക് പോയ ഒരു മകന്റെ കഥ നമ്മൾ കേട്ടിട്ടുണ്ട്. നാളെ വലിയ കുറ്റകൃത്യങ്ങളിൽപ്പെട്ട് ജീവിതം എന്ന പളുങ്കുപാത്രം തകരുമ്പോൾ 'എന്റെ ടീച്ചറെ അന്ന് ടീച്ചർ എന്നെ എന്തുകൊണ്ട് ശിക്ഷിച്ചില്ല' എന്ന് നിശബ്ദമായി കരഞ്ഞു ചോദിക്കുന്ന അനേകം കുട്ടികളെ ഈ നാട്ടിൽ ഇനി കാണേണ്ടിവരും.

### 7. വടി മാത്രമല്ല തിരുത്തൽ

കുട്ടികളെ തിരുത്തുക എന്നാൽ അധ്യാപകരുടെ കയ്യിൽ പഴയ വടി തിരിച്ചു നൽകുക എന്നുമാത്രം വ്യാഖ്യാനിക്കുന്നത് തെറ്റാണ്. തിരുത്തപ്പെടുക എന്നത് ഏതൊരു പൗരന്റെയും അവകാശം കൂടിയാണ്. ഏതെങ്കിലും ഒരു കലാരൂപമോ കായിക ഇനമോ അഭ്യസിക്കുന്ന ഒരു വ്യക്തിയെ അദ്ദേഹത്തിന്റെ പരിശീലകൻ തിരുത്തുന്നില്ലായെങ്കിൽ എന്നെങ്കിലും അയാൾക്ക് മികച്ച ഒരു കായിക താരമോ കലാകാരനോ ആകാൻ കഴിയുമോ? ഒരിക്കലുമില്ല. ഇതുപോലെ തന്നെയാണ് ഓരോ വിദ്യാർത്ഥിയും. അയാൾ തിരുത്തപ്പെട്ടില്ലെങ്കിൽ എങ്ങനെയാണ് നല്ലൊരു പൗരനാകാൻ സാധിക്കുക!

**പോം വഴി:** കുട്ടികളെ തല്ലുന്നതുമാത്രമല്ല ശിക്ഷ. കുട്ടികളെ തിരുത്തലിനായി കൗൺസിലിംഗ് നൽകുന്നതും ക്ലാസിൽ നിന്നും മാറ്റി നിർത്തി സാമൂഹിക സേവന പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുന്നതും പോലെ പോസിറ്റീവായ ശിക്ഷണ നടപടികൾ സ്കൂളുകളിൽ അവതരിപ്പിക്കണം.

### വേണം ഒരു സമഗ്ര പദ്ധതി.

സമൂഹം ഒറ്റക്കെട്ടായി പരിശ്രമിച്ചാൽ മാത്രമേ നമ്മുടെ കൗമാരത്തെ തിരിച്ചുപിടിക്കാനാവൂ. അക്രമം നിറഞ്ഞ ഒരു സമൂഹത്തിന് എങ്ങനെയാണ് കുട്ടികളെ നേർവഴിക്ക് നയിക്കാൻ സാധിക്കുക. മാതൃഭൂമി ദിനപത്രത്തിൽ എഴുത്തുകാരി ശാരദക്കുട്ടി എഴുതിയതുപോലെ; "കൊന്നുകളയും തട്ടിക്കളയും, കാണിച്ചു തരാം" ഇതൊന്നും നമ്മളാദ്യമായി പാലക്കാട്ടെ 16-കാരൻ കുട്ടിയിൽനിന്നല്ല കേൾക്കുന്നത്. "തല്ലേ കണ്ടു മരിക്കില്ല, കൈയും വെട്ടും കാലും വെട്ടും വേണ്ടിവന്നാൽ തലയും വെട്ടും" എന്നൊക്കെ ഭീഷണിമുഴക്കിയവർ കുട്ടികൾമാത്രമായിരുന്നില്ല. ഉത്തരവാദപ്പെട്ട നേതൃപദവികളിലിരുന്നുകൊണ്ട് ഇത്തരം ഭീഷണികൾ ആവർത്തിക്കുന്നവർ പാലക്കാട്ടെ കുട്ടിയെ എന്തുപറഞ്ഞാകും ഗുണദോഷിക്കുക? സിനിമാക്കാർക്കുമാത്രമല്ല രാഷ്ട്രീയനേതൃത്വങ്ങൾക്കും, ഒന്നുപറഞ്ഞ് രണ്ടാമത്തേതിന് ഭാര്യയെ ശാസിക്കുകയും താക്കീതുനൽകുകയും ചെയ്യുന്ന കുടുംബസംവിധാനങ്ങൾക്കും ഇത്തരം അപചയങ്ങളിൽ കാര്യമായ പങ്കുണ്ട്. സമൂഹത്തെ മൊത്തം ബാധിക്കുന്ന ജ്വരത്തിന്റെ ഒരു വിഹിതം പുതുതലമുറയ്ക്കും കിട്ടാതിരിക്കില്ല'.

സമൂഹം ഒറ്റക്കെട്ടായി പരിശ്രമിച്ചാൽ മാത്രമേ നമ്മുടെ കൗമാരത്തെ തിരിച്ചുപിടിക്കാനാവൂ. സിനിമാക്കാർക്കുമാത്രമല്ല രാഷ്ട്രീയനേതൃത്വങ്ങൾക്കും, ഒന്നുപറഞ്ഞ് രണ്ടാമത്തേതിന് ഭാര്യയെ ശാസിക്കുകയും താക്കീതുനൽകുകയും ചെയ്യുന്ന കുടുംബസംവിധാനങ്ങൾക്കും ഇത്തരം അപചയങ്ങളിൽ കാര്യമായ പങ്കുണ്ട്. സമൂഹത്തെ മൊത്തം ബാധിക്കുന്ന ജ്വരത്തിന്റെ ഒരു വിഹിതം പുതുതലമുറയ്ക്കും കിട്ടാതിരിക്കില്ല'.

കവർ സ്റ്റോറി

**ചുവടുകളൊന്നു മാറ്റി ചവുട്ടിയിരുന്നെങ്കിൽ!**

1. സിനിമകളിലൂടെയും മറ്റ് ദൃശ്യമാധ്യമങ്ങളിലൂടെയും പ്രചരിപ്പിക്കപ്പെടുന്ന അക്രമദൃശ്യങ്ങൾ, താരാരാധനയുടെ പേരിൽ അനുകരിക്കാനുള്ള പ്രവണത കുട്ടികളിൽ ഇന്ന് കാണുന്നുണ്ട്. വിവേകത്തോടെയും, പക്വതയോടും കൂടി അതിന്റെ നന്മതിന്മകൾ വേർതിരിച്ചെടുക്കാൻ അവരുടെ മനസ്സ് വളരേണ്ടതുണ്ട്. കാണുന്നതപ്പാടെ ചെയ്യുവാനും, കേൾക്കുന്നതപ്പാടെ പറയുവാനുമുള്ള പ്രവണത കുട്ടികളിൽ വർദ്ധിക്കുമ്പോൾ, കുറ്റക്കാർ സമൂഹം തന്നെയാണെന്ന് പറയുന്നതാവും ശരി. അതിനാൽത്തന്നെ സമൂഹത്തിൽ നടക്കുന്ന അക്രമങ്ങളും, എല്ലാ വിധത്തിലുമുള്ള തിന്മയുടെ പ്രവർത്തനങ്ങളും അപ്പാടെ ചിത്രീകരിക്കുകയും, പ്രചരിപ്പിക്കുകയും, ഗുണകരമല്ലാത്ത ചർച്ചകൾക്ക് വിധേയമാക്കുകയും, അത് കുട്ടികളിലേക്ക് എത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തെയാണ് നാം നിയന്ത്രിക്കേണ്ടതും, പിഴുതുമാറ്റേണ്ടതും. സമൂഹത്തിന്റെ പ്രവർത്തികൾ കുട്ടികളെ സ്വാധീനിക്കുമെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട്, എല്ലാ കാര്യങ്ങളിലും സമൂലമായ ഒരു പരിവർത്തനത്തിന് നമുക്ക് തുടക്കം കുറിക്കാം. നന്മയുള്ള മാതൃകകളായി സമൂഹം മാറേണ്ടിയിരിക്കുന്നു. അപ്പോൾ കുട്ടികളും നന്മയുള്ളവരായി മാറും.

കർദിനാൾ മാർ ജോർജ് ആലഞ്ചേരി
(മേജർ ആർച്ച് ബിഷപ്പ് എമരിത്തൂസ്, സീറോ മലബാർ സഭ)

**2. അക്രമം വിതയ്ക്കുന്ന മാധ്യമലോകം**

കൊടുംക്രൂരതയുടെ ഭീകര കാഴ്ചകളും നിഷ്ഠൂരമായ കൊലപാതകദൃശ്യങ്ങളും ചേർത്തുവിളമ്പി പ്രേഷകരെ ഹരംകൊള്ളിക്കുന്ന സിനിമകളും ദൃശ്യാവിഷ്കാരങ്ങളും വർദ്ധമാനമാകുന്നു. പ്രേക്ഷകമനസ്സുകളിൽ, പ്രത്യേകിച്ച് യുവജനങ്ങളിലും കുട്ടികളിലും അക്രമവാസനകൾ വളർത്തുന്നവയാണ് ഇത്തരം സിനിമകളെല്ലാം. അടുത്ത നാളുകളിൽ തീയറ്ററുകളിൽ ആരവമുയർത്തിയ മാർക്കോ, പണി തുടങ്ങി മറ്റനവധി സിനിമകൾ സമൂഹമനസ്സിൽ ചെലുത്തുന്ന വിപരീതസ്വാധീനം ചെറുതല്ല. ഇന്നു കുടുംബങ്ങളിലും വിദ്യാലയങ്ങളിലും പൊതു ഇടങ്ങളിലും പരക്കെ വ്യാപിച്ചുകൊണ്ടിരിക്കുന്ന ഹിംസാത്മകപ്രവർത്തനങ്ങളും ക്രൂരതകളുമെല്ലാം ഇത്തരം സ്വാധീനങ്ങളുടെ തുടർക്കഥകളാണ്. ഫിലിം സെൻസർബോർഡും ശിശുക്ഷേമസമിതിയും സാംസ്കാരിക നായകരും എന്തുകൊണ്ടിവിടെ നിശ്ശബ്ദരാകുന്നു? അപകടകരമായ ഈ നിശ്ശബ്ദത വലിയ സാമൂഹ്യവിപത്തുകൾക്ക് വഴിമരുന്നിടുമെന്നത് തീർച്ച. ഗവൺമെന്റും ഉത്തരവാദിത്തപ്പെട്ട സമിതികളും, മാതാപിതാക്കളും അധ്യാപകരും ഇക്കാര്യത്തിൽ ഉണർന്നു പ്രവർത്തിക്കാനുള്ള സമയം അതിക്രമിച്ചുകഴിഞ്ഞു.

മാർ ജോസ് പുളിക്കൽ
(കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ)

3. നമ്മുടെ കുഞ്ഞുങ്ങളിൽ അക്രമവാസനയും, നിഷേധാത്മക സ്വഭാവവും, വല്ലാത്ത അപകർഷതാബോധവുമൊക്കെ രൂപപ്പെടുന്നത് മുൻകാലങ്ങളിൽ നിന്നും വളരെയേറെ വർധിച്ചിരിക്കുകയാണ്. ഇത് സമൂഹമാകെ ഗൗരവമായി കാണേണ്ട വസ്തുതയാണ്. കുട്ടികൾക്ക് പരിഗണനയും പരിരക്ഷയും സ്നേഹവായ്പും കരുതലും കിട്ടാത്തതാണ് മുഖ്യകാരണം. അതുകൊണ്ടുതന്നെ കുട്ടികളുമായി ഏറ്റവും അടുത്തു നിൽക്കുന്ന മാതാപിതാക്കളും അധ്യാപകരുമൊക്കെ കുട്ടികൾക്ക് സ്നേഹവും കരുതലും ഒപ്പം തന്നെ മാതൃകാപരമായ നിർദ്ദേശങ്ങളും, തിരുത്തലുകൾ നൽകി വളർത്തുക എന്നുള്ളതാണ് ഇതിനൊരു പരിഹാരം.

അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
എം.എൽ.എ പൂഞ്ഞാർ നിയോജക മണ്ഡലം

**4. കൃത്യമായ നിയമനിർമ്മാണം ഉണ്ടാവണം**

കൗമാരക്കാരിൽ അക്രമവാസന വർദ്ധിക്കുന്നു എന്നത് മാധ്യമങ്ങൾ ശ്രദ്ധിക്കുന്ന ആർക്കും മനസ്സിലാകും. സിനിമ അടക്കമുള്ള മാദ്ധ്യമങ്ങളുടെ സ്വാധീനം തങ്ങളുടെ അക്രമപ്രവർത്തനങ്ങൾക്ക് പ്രേരണ നൽകിയിട്ടുണ്ട് എന്ന് ഇവരിൽ പലരും നേരിട്ട് സമ്മതിക്കുന്നുമുണ്ട്. അനുകരണഭ്രമമുള്ള ചെറുപ്പക്കാരെ മാധ്യമങ്ങളിലെ അക്രമരംഗങ്ങൾ സ്വാധീനിക്കുന്നുണ്ട്. തങ്ങളുടെ പ്രവർത്തികളുടെ നന്മ തിന്മകളെയോ കാര്യ കാരണങ്ങളെയോ വിവേചിക്കാതെ, തങ്ങളുടെ ഹീറോകളെ പോലെ പ്രവർത്തിക്കാനുള്ള ആഗ്രഹമാണ് യുവജനങ്ങളെ മിക്കപ്പോഴും അക്രമങ്ങൾക്ക് പ്രേരിപ്പിക്കുന്നത്. മാധ്യമങ്ങൾ മാത്രമല്ല അക്രമസ്വഭാവമുള്ള കാര്യങ്ങളെ ന്യായീകരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ, മുതിർന്നവർ തുടങ്ങിയവരും കുട്ടികളിൽ അക്രമസ്വഭാവം വർദ്ധിക്കുന്നതിന് വളം വച്ചു കൊടുക്കുന്നുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട ചില നിയമങ്ങളെങ്കിലും യാഥാർത്ഥ്യ ബോധമില്ലാതെ നിർമ്മിക്കപ്പെട്ടവയാണ്. മാതാപിതാക്കൾ, അധ്യാപകർ, മുതിർന്നവർ തുടങ്ങിയവർക്ക് കുട്ടികളുടെ മേലുള്ള നിയന്ത്രണവും അവരെ തിരുത്താനുള്ള സാധ്യതകളും പല നിയമങ്ങളും തടയുന്നുണ്ട്. അത്തരം നിയമങ്ങളിൽ തിരുത്തപ്പെടേണ്ടവ തിരുത്തപ്പെടുക തന്നെ ചെയ്താലേ കുട്ടികളുടെയും കൗമാരക്കാരുടെയും അക്രമങ്ങളെ ഒരു പരിധി വരെയെങ്കിലും നിയന്ത്രിക്കാൻ സാധിക്കൂ എന്നത് നിസ്തർക്കമാണ്.

ഫാ. ഫിലിപ്പ് വട്ടയത്തിൽ
(സൺഡേസ്കൂൾ ഡയറക്ടർ, കാഞ്ഞിരപ്പള്ളി രൂപത)

**5. പരിഹരിക്കാൻ പല പ്രശ്നങ്ങളുണ്ട്**

സിനിമകളിലും സമൂഹ മാധ്യമങ്ങളിലും കാണുന്ന അക്രമങ്ങളും, സാമൂഹ്യ വിരുദ്ധപ്രവർത്തികളും സാധാരണമാണെന്നുള്ള ചിന്ത ഇന്നത്തെ കുട്ടികൾക്കുണ്ട്. സിനിമകൾ പലപ്പോഴും അക്രമാസക്തമായ പ്രവൃത്തികളെ സ്വീകാര്യവും, 'ഹീറോയിസ'ത്തിന് ആവശ്യവുമായ ഒന്നായാണ് ചിത്രീകരിക്കുന്നത്. അതുകൊണ്ടുതന്നെ തങ്ങൾ ഇഷ്ടപ്പെടുന്ന താരങ്ങൾ ചെയ്യുന്ന എന്തും അനുകരിക്കാനുള്ള പ്രവണത കുട്ടികളിലുണ്ട്. "നാം കാണുന്നതെന്തോ നാം അത് ആയിത്തീരുന്നു" എന്ന ഉദ്ധരണി ഈ യാഥാർഥ്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. മാധ്യമങ്ങളിൽനിന്ന് യുവമനസ്സുകൾ ഉൾക്കൊള്ളുന്നവ, പ്രത്യേകിച്ചും അക്രമാസക്തമായവ, പലപ്പോഴും അവരുടെ ലോകവീക്ഷണത്തെയും പ്രവർത്തനങ്ങളെയും രൂപപ്പെടുത്തുന്നു.

ഇതിന് സമാന്തരമായി, ഫോൺ അഡിക്ഷൻ കുട്ടികളിലെ അക്രമണ വാസനക്ക് ആക്കം കൂട്ടുന്ന ഒന്നാണ്. കോവിഡാനന്തര കാലഘട്ടത്തിൽ സ്മാർട്ട്ഫോണുകൾ പലർക്കും ഒരു അവയവം പോലെയായി മാറിയിരിക്കുന്നു. അൽപ്പനേരത്തേക്കെങ്കിലും ഫോൺ മാറ്റിവയ്ക്കുക ബുദ്ധിമുട്ടേറിയ കാര്യമാണ്.

മുൻകാലങ്ങളിൽ കുട്ടികളുടെ ശരിയായ ശിക്ഷണം കുടുംബങ്ങളിലും വിദ്യാലയങ്ങളിലും നടന്നിരുന്നു. ഇന്ന് നമ്മുടെ ചില നിയമങ്ങളെങ്കിലും അതിന് വിലങ്ങുതടിയാവുന്നുണ്ട്. കുട്ടികളോട് സ്വതന്ത്രമായി ഇടപെടാനും അവരെ തിരുത്താനും മാതാപിതാക്കൾക്കും അധ്യാപകർക്കും ഇന്ന് ഭയമാണ്. തിരുത്തൽ നൽകിയാൽ പ്രതിയാകുമോയെന്ന ഭയം നിമിത്തം അദ്ധ്യാപകർ കുട്ടികളെയെല്ലാം സ്വന്തമായി കണ്ടിരുന്നിടത്തുനിന്ന് 'വല്ലവന്റെയും കുട്ടി എനിക്കെന്ത്' എന്ന മനോഭാവത്തിലേക്ക് ചുവട് മാറ്റി. നിയന്ത്രിക്കാൻ ആരുമില്ലാത്ത, ശരിയും തെറ്റും തിരിച്ചറിയാൻ കഴിയാത്ത, ഇത്തരം കുട്ടികൾ അക്രമത്തിലേക്ക് തിരിയുന്നതിൽ സമൂഹത്തിന് കൂട്ടുത്തരവാദിത്വമുണ്ട്.

ഫാ. ഡൊമിനിക് അയലൂപറമ്പിൽ
(കോർപ്പറേറ്റ് മാനേജർ, കാഞ്ഞിരപ്പള്ളി രൂപത)

**6. കുഞ്ഞുങ്ങളെ പഴിച്ചിട്ട് കാര്യമില്ല**

ചിലയിടങ്ങളിൽ മാത്രം സംഭവിക്കുന്ന ഒറ്റപ്പെട്ട കാര്യമായി മാറ്റി നിർത്തേണ്ടതല്ല ഇതുപോലെയുള്ള സംഭവങ്ങൾ. ബാല്യ- -കൗമാര - യൗവന ഘട്ടങ്ങളിലൂടെ കടന്നുപോകുന്ന പുതുതലമുറയിൽ ഏറിയും കുറഞ്ഞും ഇത്തരത്തിലുള്ള പ്രവണതകൾ കാണാം. ഇത്തരത്തിൽ പുതുതലമുറയെ രൂപപ്പെടുത്തുന്ന ഘടകങ്ങൾ നിരവധിയാണ്. ചുറ്റുവട്ടത്ത് കാണുന്ന സിനിമകൾ, അവരെ പ്രചോദിപ്പിക്കാൻ കടന്നുവരുന്ന മനോനിലതെറ്റിയ വ്ളോഗർമാരുടെ വീഡിയോകൾ, സാമൂഹ്യവിരുദ്ധ കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്ന ഇൻഫ്ളുവൻസാർമാർ, കാതു തകർക്കുന്ന സംഗീതം കേട്ടും കണ്ണഞ്ചിപ്പിക്കുന്ന ലൈറ്റ് ഷോ കണ്ടും വളർത്തിയെടുക്കുന്ന ആസ്വാദനശൈലി, മൊബൈൽ ഫോണിൽ മാത്രം കണ്ണുംനട്ടുണ്ടാക്കിയെടുക്കുന്ന അന്തർമുഖമായ വ്യക്തിത്വം, സമൂഹത്തിന്റെ ഭാഗമാക്കാതെ സ്വകാര്യ സ്വത്തെന്ന പോലെ കുഞ്ഞുങ്ങളെ അടക്കിപ്പിടിച്ച് വളർത്തുന്ന മാതാപിതാക്കൾ, ശിക്ഷണം കൊടുക്കണമെന്ന് ഉള്ളിൽ ആഗ്രഹമുണ്ടെങ്കിലും കൈയും നാവും കെട്ടപ്പെട്ട അധ്യാപകർ, സത്യത്തെ തമസ്കരിച്ച് വാർത്തയ്ക്ക് എതിർമൂല്യം നൽകി പ്രചരിപ്പിക്കുന്ന മാധ്യമപ്രവർത്തകർ, അതിഗുരുതരമായ രീതിയിൽ കുഞ്ഞുങ്ങളിൽ പോലും വളർന്നുവരുന്ന മാനസിക വൈകല്യങ്ങൾ, കെട്ടുറപ്പ് നഷ്ടപ്പെട്ട കുടുംബബന്ധങ്ങൾ, ലഹരിയുടെ മാരകമായ വകഭേദങ്ങൾ ഇങ്ങനെ സങ്കീർണ്ണ പ്രശ്നങ്ങളാൽ കെട്ടിമറിയപ്പെട്ട ഒരു പൊതു സംസ്കാരത്തിലാണ് പുതുതലമുറ വളർന്നുവരുന്നത്. പ്രശ്നം പരിഹരിക്കണമെങ്കിൽ എല്ലാ പ്രശ്നങ്ങളെയും അഭിമുഖീകരിക്കാൻ മലയാളി സമൂഹം തയ്യാറാകണം.

കുഞ്ഞുങ്ങളെ പഴിച്ചിട്ട് യാതൊരു കാര്യവുമില്ല. തലമുറയുടെ ദുരന്തമെന്നോർത്ത് തള്ളിക്കളഞ്ഞിട്ടും കാര്യമില്ല. ചേർത്തുപിടിക്കാൻ നിയോഗിക്കപ്പെട്ടവർ അവരുടെ ദൗത്യം മറന്നു പോകരുത്. കരുണയോടും സ്നേഹത്തോടുംകൂടെ ഓരോ കുഞ്ഞിന്റെയും പ്രശ്നങ്ങളെ പരിഹരിക്കാൻ മാതാപിതാക്കളും അധ്യാപകരും മുന്നോട്ട് വരണം. പ്രതിസന്ധികൾ വരുമ്പോൾ പരസ്പരം ശത്രുക്കളായി നിന്ന് പോരടിക്കുന്നതിനാണ് ഇന്ന് പലപ്പോഴും മാതാപിതാക്കളും അധ്യാപകരും മാധ്യമപ്രവർത്തകരും പോലീസുകാരും രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും പരിശ്രമിക്കുക. ഒത്തൊരുമയോടെ ഇത്തരം പ്രവണതകളെ അഭിസംബോധന ചെയ്യാൻ തയ്യാറാകുന്ന ഒരു സമൂഹത്തിനെ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ. ഇല്ലെങ്കിൽ ഇത്തരം വൈകല്യങ്ങൾ പുതിയ രൂപത്തിലും പുതിയ ഭാവത്തിലും ഉണ്ടാകും. ഓരോന്നും സോഷ്യൽ മീഡിയയിൽ പുതിയ സംഭവമായി നാം ആഘോഷിക്കും. അടുത്തത് വരുമ്പോൾ പഴയതിന്റെ ഭീകരതയെ നിസ്സാരമാക്കും. റെക്കോർഡ് ചെയ്യപ്പെടാത്തതുകൊണ്ട് മാത്രം വൈറലാകാത്ത എത്രയോ സംഭവങ്ങൾ ഓരോ ദിവസവും നടക്കുന്നു.

ഫാ.ഡോ. മനോജ് ജെ. പാലക്കുടി
(അധ്യാപകൻ, ബർസാർ, സെന്റ് ഡോമിനിക്സ് കോളേജ് കാഞ്ഞിരപ്പള്ളി)

**7. മാറ്റത്തിന്റെ വക്താക്കളാകണം**

കരുണയില്ലാത്ത സമൂഹം അപരനോട് കരുണ കാണിക്കാൻ കിതക്കുന്ന പുതുതലമുറയ്ക്ക് ജന്മം കൊടുക്കുമെന്ന് കേരളത്തിലെ അതിദാരുണമായ സമകാലീന സംഭവങ്ങൾ സൂചിപ്പിക്കുന്നു. കുട്ടികൾ അവരുടെ വളർച്ചയുടെ ആദ്യനാളുകളിൽ കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതുമായ കാര്യങ്ങൾ അവബോധമനസ്സിൽ ആഴത്തിൽ രൂപപ്പെടുകയും അവരുടെ വ്യക്തിത്വവികസനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നു. കുട്ടികൾക്കിടയിലുള്ള വൈരം നിറഞ്ഞതോ വിനാശകരമോ ആയ ഇത്തരം പ്രവണതകളെ തിരിച്ചറിയാനും അവയുടെ നിഷേധാത്മകമായ ഊർജ്ജത്തെ ഭാവാത്മകമായ കാര്യങ്ങളിലേക്ക് വഴിതിരിച്ചുവിടാനും കുടുംബവും സമൂഹവും ഒരേപോലെ പരിശ്രമിക്കണം. ഇത്തരം സംഭവങ്ങൾ പത്രമാധ്യമങ്ങളിലൂടെ അറിയുമ്പോൾ കുട്ടികളെയും മാതാപിതാക്കളെയും അന്യായമായി വിധിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നതിനുപകരം, സമൂഹത്തിലെ ഘടനാപരമായ ഇത്തരം തിന്മകളിൽ ഒരുവന്റെ ഉത്തരവാദിത്വം വിവേചിച്ചു തിരിച്ചറിയാനും, മാറ്റത്തിന്റെ ചാലകശക്തിയായി പ്രവർത്തിക്കാനും കഴിയണം.

ഫാ. അനിഷ് ഈറ്റക്കക്കുന്നേൽ
(ഡെപ്ത് സൈക്കോളജിസ്റ്റ്, ഡയറക്ടർ ദനഹാലയ കൗൺസിലിങ് സെന്റർ, പുന്നപ്ര)

**8. കെട്ടുറപ്പുള്ള കുടുംബങ്ങളുണ്ടാവണം**

മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റി സോഷ്യൽ മീഡിയയിൽ താരമാകാൻ സാമൂഹ്യവിരുദ്ധ വഴികളാണ് യുവത സ്വീകരിക്കുന്നത്. കുറ്റകൃത്യങ്ങളെ മഹത്വവത്കരിക്കുന്ന സിനിമകൾ കുട്ടികളുടെ വ്യക്തിത്വ വികസനത്തെ ബാധിക്കും. കെട്ടുറപ്പില്ലാത്ത കുടുംബങ്ങളിൽ വളരുന്ന കുട്ടികൾക്ക് ശരിയായ സ്നേഹവും, പരിഗണനയും കിട്ടാത്തതും അവരെ അക്രമത്തിലേക്ക് നയിക്കും. കുടുംബബന്ധങ്ങൾ ദൃഢമാക്കുകയും, ലഹരിയുപയോഗവും സാമൂഹ്യ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുന്ന അക്രമദൃശ്യങ്ങളും നിയന്ത്രിക്കുകയും ചെയ്യുന്നതാവും ഇതിനുള്ള പരിഹാരം.

ശ്രീ. രാരിച്ചൻ നീർണാകുന്നേൽ
(ഇടുക്കി ജില്ല പഞ്ചായത്ത് പ്രസിഡന്റ് )

**9. കുട്ടികൾ കെണിയിൽപെടുന്നുണ്ട്**

മയക്കുമരുന്ന് മാഫിയ കച്ചവടത്തിനായി യുവാക്കളെയും കുട്ടികളെയും സമർത്ഥമായി ഉപയോഗപ്പെടുത്തുന്നുണ്ട് എന്നത് പല കേസുകളിലും ഞാൻ കണ്ടിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം ഏത് അക്രമവും ചെയ്യാൻ കുട്ടികൾക്ക് പ്രേരണ നൽകുന്ന ഒന്നാണ്. മയക്കുമരുന്ന് വാങ്ങുന്നതിന് പണം കണ്ടെത്തുന്നതിന് വേണ്ടിയും അക്രമമാർഗം തിരഞ്ഞെടുക്കുന്ന പതിവ് ഇന്നത്തെ കുട്ടികളിൽ കണ്ടുവരുന്നുണ്ട്. നിയമപാലകർക്കൊപ്പം നിന്നുകൊണ്ട് ഇതിനെതിരെ പോരാടാൻ സമൂഹത്തിന് ബാധ്യതയുണ്ട്. എങ്കിൽ മാത്രമേ ഇത്തരം തെറ്റായ പ്രവണതകളിൽ നിന്ന് നമ്മുടെ യുവ തലമുറയെ പിന്തിരിപ്പിക്കാൻ കഴിയൂ.

ശ്രീ. ജോർജ്കുട്ടി കുരുവിള
(റിട്ടയേർഡ് സബ് ഇൻസ്പെക്ടർ)

**10. മാലാഖ ജന്മങ്ങളെ മാലിന്യമേറ്റരുതേ!**

ബാല്യ കൗമാരക്കാരോട് കൂട്ടുകൂടുന്ന കൂടെയിരിക്കുന്ന സംസാരിക്കുന്ന, അവരെ കേൾക്കുന്ന, തിരുത്തലുകൾ നൽകുന്ന, ചർച്ചകൾ ചെയ്യുന്ന, വിശ്വാസം ജീവിക്കുന്ന, അപ്പനും അമ്മയും ഉള്ള കുട്ടികൾ ഒരിക്കലും വഴി തെറ്റില്ല. കള്ളിനെ പ്രണയിക്കുന്ന അച്ഛനും

ഫോണിനെ പ്രണയിക്കുന്ന അമ്മയും MDMA ഡിഗ്രി എടുത്ത മകനും /മകളുമാണ് ഉള്ളതെങ്കിൽ എങ്ങനെ നന്നാവും. കുഞ്ഞുങ്ങളുടെ മേലുള്ള മാതാപിതാക്കളുടെ ശ്രദ്ധ മരിക്കുമ്പോൾ അപകടം ജനിക്കുകയാണ്. നല്ലത് പറഞ്ഞു കൊടുത്തും, പള്ളിയിൽ കൊണ്ടുപോയും, വിശ്വാസജീവിത മോഡൽ ആയും, ബന്ധ ങ്ങളുടെ കണ്ണികൾ കൂട്ടിച്ചേർത്ത് കൂടെ കൊണ്ടു നടന്നും, ഗുരുവിനെ ദൈവമായി കാണാൻ പഠിപ്പിക്കേണ്ടവരും, ആദരിക്കാൻ പഠിപ്പിക്കേണ്ടവരും അടുത്തു നിൽക്കുന്നവന്റെ ഉള്ളിലെ ദൈവത്തെ കാണാൻ വെളിച്ചം നൽകേണ്ട വ്യക്തികളുമാണ് മാതാപിതാക്കൾ. ഉള്ളിൽ ദൈവം മരിക്കുമ്പോഴാണ് അവർ നഗ്നരാണെന്നറിയുക. മറ്റുള്ളവരുടെ നഗ്നതയെ കണ്ടെത്താൻ ശ്രമിക്കുക. ഈ മാലാഖ ജന്മങ്ങളെ മാലിന്യ മേറ്റതാക്കരുതേ... അവർ അധർമ്മങ്ങളുടെ ഏജന്റും, ആസക്തികളുടെ അടിമകളുമാകും. ഒരു സംശയവും വേണ്ട, നാളെയവർ ജനിപ്പിച്ചതിന് മാത്രമല്ല, പഠിപ്പിച്ചതിനും, പഠിപ്പിക്കാത്തവയ്ക്കും പറഞ്ഞു കൊടുക്കാത്തവയ്ക്കും വേണ്ടി കഴുത്തിൽ കത്തിവയ്ക്കും തീർച്ച.

സി. ഫിൽസി സി.എം.സി
(പ്രിൻസിപ്പൽ, ഇൻഫന്റ് ജീസസ് പബ്ലിക് സ്കൂൾ, കാഞ്ഞിരപ്പള്ളി)

### 11. അതിരുകൾ ലംഘിക്കപ്പെടുന്നു

അനിയന്ത്രിതമായ കോപം, മര്യാദയുടെ അതിരുകൾ ലംഘിക്കുന്ന പെരുമാറ്റം ഇവ വരുത്തിവയ്ക്കുന്ന പ്രശ്നങ്ങൾ ഗുരുതരമാണ്. ഏതൊരു പ്രശ്നത്തിന്റെയും പരിഹാരം അക്രമമാണ് എന്നൊരു ചിന്താഗതി അടുത്തിടെ രൂപപ്പെട്ട ഒരു പ്രത്യേകതയാണ്. ഇഷ്ടമില്ലാതെ വരുന്നിടത്ത് നശിപ്പിക്കൽ ഒരു പരിഹാരമായി കാണുന്നു. സാങ്കേതികവിദ്യയുടെ സദ്ഫലങ്ങൾ അവരെ ഏറെ വളർത്തുന്നുവെങ്കിലും ഇതിന്റെ ദൂഷ്യവശങ്ങൾ വിലയിരുത്തപ്പെടേണ്ടതാണ്.

അരുൺ പോൾ കോട്ടക്കൽ
(അധ്യാപകൻ, സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, എരുമേലി)

### 12. നെഗറ്റീവ് ഹീറോയിസം

സ്കൂൾ കുട്ടികളെ പോലും ലഹരി മാഫിയ എളുപ്പം വശത്താക്കുന്നു. തിരിച്ചറിവ് ഇല്ലാത്ത പ്രായത്തിൽ തന്നെ ലഹരിയുടെ മായികലോകത്തിലേക്ക് അവർ അറിയാതെ തന്നെ വീണുപോകുന്നു. സ്കൂൾ കുട്ടികളെയടക്കം ബോധവത്കരിക്കാനുള്ള ശക്തമായ ശ്രമം ഉണ്ടാകണം. ശരിയായ ശിക്ഷണം നൽകാൻ മാതാപിതാക്കൾ സമയം കണ്ടെത്തണം. പോലീസും, വിദ്യാഭ്യാസവകുപ്പും, എക്സ്സൈസ് വകുപ്പുമൊക്കെ ഉണർന്ന് പ്രവർത്തിക്കണം. വീടിനകത്ത് ഒതുക്കാതെ കളിക്കളങ്ങളിലേക്ക് കുട്ടികളെ പറഞ്ഞുവിടണം. അവരുടെ ഒഴിവ് സമയങ്ങൾ പോസിറ്റീവായി ഉപയോഗിക്കാൻ മാതാപിതാക്കൾ റിസ്ക് എടുത്തേ മതിയാവു...

അലൻ ജിയോ മൈക്കിൾ
(കെ. എസ്.യു ജില്ലാ പ്രസിഡന്റ്, പത്തനംതിട്ട)

### 13. അടിസ്ഥാന ബന്ധങ്ങൾ ഇല്ലാത്ത തലമുറ

ജീവിതവിജയത്തിനു വേണ്ടുന്ന നാല് അടിസ്ഥാന ബന്ധങ്ങളുടെ കുറവാണ് നമ്മുടെ കുട്ടികളുടെ ഇന്നത്തെ അവസ്ഥയ്ക്ക് കാരണം. ഈ നാല് ബന്ധങ്ങൾ സ്ഥാപിച്ചടുക്കുവാൻ നാം അവരെ പരിശീലിപ്പിക്കണം. 1) ദൈവത്തോട്, 2) സഹോദരരോട്, 3) മന:സാക്ഷിയോട്, 4) പ്രപഞ്ചത്തോട്. ഈ നാല് ബന്ധങ്ങൾ സ്ഥാപിച്ചെടുത്ത് വളരുന്ന കുട്ടികൾ എല്ലാ കാലത്തും കുടുംബത്തിനും സമൂഹത്തിനും ലോകത്തിനും അനുഗ്രഹമായിരിക്കും. അവരുടെ ജീവിതങ്ങൾ വലിയ വിജയമായിരിക്കും. ഈ ബന്ധങ്ങളിൽ ആഴപ്പെടുത്താതെ അവരെ എങ്ങനെ തിരുത്താൻ ശ്രമിച്ചാലും നമ്മൾ പരാജയപ്പെടുകയേയുള്ളൂ.

അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ
(അഭിഭാഷകൻ, കോഓർഡിനേറ്റർ ചർച്ച് വോൾ മിനിസ്ട്രി)

നോവൽ

അദ്ധ്യായം – 8

# സ്നേഹനിലാവ്



എം.ജെ. ജിൻസ്



ഹോളി ഫാമിലി ഓർഫനേജിൽനിന്നും ബാംഗ്ലൂരിലെ എയ്ഞ്ചൽസ് ഹോമിലേക്ക് സ്നേഹ സിസ്റ്റർക്ക് സ്ഥലം മാറ്റമായി. ഉണ്ണിക്കുട്ടനും ദിയ സിസ്റ്റർക്കും മദറമ്മയ്ക്കുമെല്ലാം ഏറെ വിഷമം ഉണ്ടാക്കി ഈ യാത്ര പറച്ചിൽ. എന്നാൽ അധികാരികളുടെ നിർദ്ദേശത്തെ അവഗണിക്കുക സാധ്യമല്ലല്ലോ. പരിശുദ്ധാത്മാവിനാൽ പ്രചോദിതരായാണ് അവർ ഓരോ തീരുമാനവും കൈക്കൊള്ളുക. ദൈവത്തിനായി ജീവിതം സമർപ്പിച്ച മനുഷ്യർ ഒരിടത്തു മാത്രമായി എക്കാലവും കഴിച്ചുകൂട്ടാൻ നിയോഗിക്കപ്പെട്ടവരല്ല.

അവരുടെ സ്നേഹസാന്ത്വനങ്ങൾ ആവശ്യമുള്ള അനേകർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്.

എയ്ഞ്ചൽസ് ഹോമിൽ മുൻപ് രണ്ടുതവണ പോയിട്ടുണ്ട് സ്നേഹ സിസ്റ്റർ. ഒരിക്കൽ മദറമ്മയും ഒപ്പം ഉണ്ടായിരുന്നു. പന്ത്രണ്ട് വയസ്സിൽ താഴെയുള്ള എയ്ഡ്സ് രോഗബാധിതരായ കുഞ്ഞുങ്ങളാണ് അവിടെ ഉള്ളത്. ഒരു തെറ്റും ചെയ്യാതെ ഒരുപാട് അപമാനങ്ങൾക്ക് നടുവിലേക്ക് പിറന്നു വീണവർ. അവരുടെ കണ്ണീരൊപ്പാനും ആ ചുണ്ടുകളിൽ ഒരു പുഞ്ചിരി വിരിയിക്കാനും കഴിഞ്ഞാൽ അതിനേക്കാൾ വലിയ എന്ത് സുകൃതമാണുള്ളത് ! താൻ തിരഞ്ഞെടുത്ത വഴിയിലും താൻ ചെയ്യുന്ന ശുശ്രൂഷകളിലും വലിയ സംതൃപ്തിയുണ്ട് സ്നേഹ സിസ്റ്റർക്ക്.

എങ്കിലും ഒരേ മനസ്സോടും ഒരേ ഹൃദയത്തോടും കൂടി ഒരേ ഇടത്ത് ജീവിക്കുന്നവർക്ക്, കൂട്ടത്തിൽ ഒരാളുടെ പെട്ടെന്നുള്ള യാത്രപറച്ചിൽ വലിയ വേദന തന്നെയാണ്. വേർപിരിയുംവരെ സ്നേഹം അതിന്റെ ആഴം അറിയുന്നില്ലല്ലോ. ഹോളി ഫാമിലിയുടെ പടികൾ ഇറങ്ങുമ്പോൾ സ്നേഹ സിസ്റ്റർ ദിയ സിസ്റ്ററെ കെട്ടിപ്പിടിച്ച് കരഞ്ഞു. മറ്റൊരമ്മയുടെ ഉദരത്തിലാണ് പിറവിയെങ്കിലും സ്നേഹ സിസ്റ്റർക്ക് സ്വസഹോദരി തന്നെയായി മാറിയിരുന്നു ദിയ സിസ്റ്റർ. തന്റെ കണ്ണുനിറയാതിരിക്കാൻ മദറമ്മയും നന്നായി പാടുപെട്ടു. ഇന്ന് സ്കൂളിൽ പോകുന്നില്ലെന്ന് ഉണ്ണിക്കുട്ടൻ വാശി പിടിച്ചെങ്കിലും സ്നേഹ സിസ്റ്റർ തന്നെയാണ് നിർബന്ധപൂർവ്വം അവനെ സ്കൂളിലേക്കയച്ചത്. താൻ ഇറങ്ങുന്ന സമയം കരഞ്ഞുകൊണ്ട് നിൽക്കുന്ന ഉണ്ണിക്കുട്ടനെ കാണാൻ സ്നേഹ സിസ്റ്റർ ഒട്ടും ആഗ്രഹിച്ചില്ല. എത്ര നിയന്ത്രിച്ചാലും കുഞ്ഞുങ്ങളുടെ സ്നേഹം നെഞ്ചിൽവന്നു തൊടുമ്പോൾ ഏതൊരാളുടെ കണ്ണും നിറയും.

ജോണച്ചനും സജി ചേട്ടനും സൂസന്നയും ഉൾപ്പെടെ ഹോളി ഫാമിലിയുമായി ബന്ധമുള്ള നിരവധി ആളുകൾ സ്നേഹ സിസ്റ്ററിനെ യാത്രയയയ്ക്കാനായി എത്തിയിരുന്നു. വിശുദ്ധ നാട് സന്ദർശനം കഴിഞ്ഞു വന്നപ്പോൾ കൊണ്ടുവന്ന ലൂർദ് മാതാവിന്റെ ചെറിയൊരു രൂപം ജോണച്ചൻ സ്നേഹ സിസ്റ്റർക്ക് സമ്മാനിച്ചു. 'എവിടെപ്പോയാലും അമ്മ കാത്തുകൊള്ളും' എന്ന് അനുഗ്രഹിക്കുകയും ചെയ്തു.

സ്നേഹ സിസ്റ്റർക്കു പകരം ഹോളി ഫാമിലിയിലേക്ക് എത്തുന്നത് കൊൽക്കത്ത പ്രൊവിൻസിൽ സേവനമനുഷ്ഠിച്ചു കൊണ്ടിരുന്ന സിസ്റ്റർ അന്നയാണ്. ദിയ സിസ്റ്ററിന്റെ ബാച്ച്മേറ്റ് കൂടിയാണ് അന്ന സിസ്റ്റർ. പത്ത് ദിവസത്തെ ധ്യാനം കഴിഞ്ഞ് ഫെബ്രുവരി പതിനൊന്നാം തീയതി അന്ന സിസ്റ്റർ ഹോളി ഫാമിലിയിൽ എത്തിച്ചേരും. പുതുതായി എത്തുന്ന അന്ന സിസ്റ്റർക്കും പുതിയ കർമ്മപഥത്തിലേക്ക് യാത്രയാകുന്ന സ്നേഹ സിസ്റ്റർക്കുമായി ഹോളി ഫാമിലിയിലെ കുഞ്ഞുങ്ങളും സിസ്റ്റേഴ്സുമെല്ലാം എപ്പോഴും പ്രാർത്ഥിക്കുന്നുണ്ട്.

പ്രാർത്ഥനയോളം ശക്തിയുള്ള മറ്റൊന്നും ഇല്ലല്ലോ ഈ ലോകത്ത്. 'എന്റെ സ്നേഹാന്റിയ്ക്ക് ഒരാപത്തും വരുത്തരുതേ', ഹൃദയത്തിൽ ഇപ്രകാരം പ്രാർത്ഥിച്ചുകൊണ്ട് ഉണ്ണിക്കുട്ടൻ കണ്ണുകൾ അടച്ച് കർത്താവിനു മുന്നിൽ മുട്ടുകുത്തി.

# നല്ല സുഹൃത്ത് ദൈവത്തിന്റെ പ്രതിരൂപമാണ്

ഫാ. ജോയി സി മാത്യു

'നമ്മെ സ്നേഹിക്കുവാനാരുമില്ലെങ്കിലും സകലരെയും സ്നേഹിതരാക്കുവാനുള്ള കഴിവ് ദൈവം നമ്മുടെയുള്ളിൽ നിക്ഷേപിച്ചിട്ടുണ്ടെന്നോർക്കണം.'

അമേരിക്കൻ പ്രസിഡന്റായിരുന്ന റൂസ്വെൽറ്റിന് ഒരു ആത്മാർത്ഥസുഹൃത്തുണ്ടായിരുന്നു, ജീംഫാർലി. അദ്ദേഹത്തിന് ഒരു പ്രത്യേക കഴിവുണ്ട്. അനേകമായിരം ആളുകളുടെ പേരുകൾ ഓർത്തുവയ്ക്കുന്ന കഴിവ്. റൂസ്വെൽറ്റ് അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്കു മത്സരിച്ചപ്പോൾ ജീംഫാർലി തന്റെ സുഹൃത്തിനുവേണ്ടി വോട്ടു ചോദിച്ചു. അതും വ്യക്തിപരമായി. ഓരോരുത്തരുടെയും പേരു വിളിച്ചുകൊണ്ടു തന്നെ പാടത്തും പറമ്പിലും പണിയെടുക്കുന്ന സാധാരണക്കാരെ പേര് ചൊല്ലി വിളിച്ചപ്പോൾ അവർക്ക് ആശ്ചര്യമായി. തങ്ങളെ അറിയുന്ന ഒരു പ്രസിഡന്റിനെ അവർ തിരഞ്ഞെടുത്തു. അങ്ങനെ ജനനായകനായ പ്രസിഡന്റായി മാറി റൂസ്വെൽറ്റ്.

ഇവിടെ എന്താണ് സംഭവിച്ചത്? തങ്ങളെ വ്യക്തിപരമായി അറിയാവുന്ന ഒരാളിന്റെ സ്നേഹപൂർവ്വമായ അഭ്യർത്ഥനയെ സിരസ്സിക്കാൻ ജനങ്ങൾക്ക് സാധിച്ചില്ല. ഒരു സുഹൃത്തിന്റെ സ്വാധീനം മഹത്തായ വിജയത്തിന് കാരണമായി.

"നല്ല സുഹൃത്ത് ദൈവത്തിന്റെ പ്രതിരൂപമാണ്."

നമ്മുടെ ജീവിതത്തിലും നല്ല സുഹൃത്തുക്കൾ ആവശ്യമാണ്. വാക്കിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും സ്നേഹം സ്ഫുരിക്കുന്ന ഒരു ആത്മാർത്ഥസുഹൃത്തിനെ എല്ലാവർക്കും ആവശ്യമാണ്. കാരണം 'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട' എന്ന ചൊല്ല് എത്രയോ മനോഹരം. ഓരോ സുഹൃത്തും ഓരോ പാഠപുസ്തകമാണ്. ഒരു നല്ല സുഹൃത്തിന് പലതുമാകാൻ കഴിയും. കർക്കശക്കാരനായ അച്ഛൻ, വാത്സല്യനിധിയായ അമ്മ, പ്രണയതുരയായ ഭാര്യ, കുറുമ്പുകാരനായ മകൻ, തമ്മിൽ ഭേദമില്ലെന്ന് തോന്നിപ്പിക്കുന്ന സഹോദരൻ, വഴിനടത്തുന്ന ഗുരു. നന്മമാത്രം കാംക്ഷിക്കുന്ന സന്തതസഹചാരി ഓർക്കുക. ഒരു സൗഹൃദവും വെറുതെയാകുന്നില്ല.

**സുഹൃത്തിനെ സമ്പാദിക്കുവാനുള്ള 10 വഴികൾ**

1. സുഹൃത്തിനെ പേര് ചൊല്ലി വിളിക്കുക.
2. സുഹൃത്തിന്റെ ഏറ്റവും നല്ലതിനെ കണ്ടെത്തി അഭിനന്ദിക്കുക.
3. സുഹൃത്തിനോടെല്ലാം പങ്കുവയ്ക്കുന്ന മനോഭാവം വളർത്തുക.
4. സുഹൃത്തിന്റെ സേവനം വിലപ്പെട്ടതാണെന്ന് അംഗീകരിക്കുക.
5. സുഹൃത്തിന്റെ കഴിവുകളെ പ്രോത്സാഹിപ്പിക്കുക.
6. സുഹൃത്തിനെ പോസിറ്റീവായി കാണണം.
7. സുഹൃത്തിന്റെ ഹൃദയരഹസ്യങ്ങൾ സൂക്ഷിക്കുക.

4 സുഹൃത്തിൽനിന്നും എന്തുകിട്ടുമെന്ന് ചിന്തിക്കരുത്. എന്ത് കൊടുക്കാമെന്ന് ചിന്തിക്കുക.

9 സുഹൃത്തിന്റെ സന്തോഷത്തിലും ദുഃഖത്തിലും ഒരുപോലെ പങ്കുചേരുക.

10. സൗഹൃദം വിശുദ്ധമാണെന്ന ധാരണയുണർത്തുക.



"നല്ല ചങ്ങാതി ഒരഭയം. ഭാരമുള്ളവന് അവൻ അത്താണി. അന്ധന്റെ പുഴയ്ക്ക് അവൻ പാലം. അവൻ വിതയ്ക്കുന്നത് പക്ഷികൾക്ക്. അവൻ അവനുവേണ്ടി കൊയ്യുന്നത് ഒരേ ഒരു നെല്ല് മാത്രം"

"ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരാളെ വേദനിപ്പിക്കാം. പരാതികൾ പറഞ്ഞ് ശല്യപ്പെടുത്താം, പിണങ്ങാം. പക്ഷേ ഒരിക്കലും ഉപേക്ഷിക്കാനാവില്ല."

## നല്ല നിലം വചന പഠന മത്സരം

ഈശോയുടെ മനുഷ്യാവതാരത്തിന്റെ 2025 -ാം ജൂബിലി വർഷത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിൽ മാതൃവേദി പിതൃവേദി സംഘടനകൾ സ്ഥാപിതമായതിന്റെ ജൂബിലിയോട് അനുബന്ധിച്ച് തിരുവചനം വായിക്കുക ധ്യാനിക്കുക പഠിക്കുക എന്ന ലക്ഷ്യത്തോടെ ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന വചന പഠന മത്സരം നല്ല നിലം.

**പഠനഭാഗങ്ങൾ:**

സുവിശേഷങ്ങൾ, ശ്ലീഹന്മാരുടെ നടപടികൾ

**മത്സര നിർദ്ദേശങ്ങൾ**

മത്സരങ്ങൾ സംഘടിപ്പിക്കേണ്ട വിധം

**കൂട്ടായ്മതലം – മാർച്ച് 9, 2025**

ഒരു കുടുംബത്തിൽ നിന്നും 2 പേരിൽ കുറയാതെയും മൂന്ന് പേരിൽ കൂടാതെയുമുള്ള ടീം പങ്കെടുക്കുന്നു. മത്സരസമയം 30 മിനിട്ട് ആണ്. എഴുത്ത് മത്സരമായിരിക്കും.

**ഇടവകതലം – മെയ് 4, 2025**

ഓരോ കൂട്ടായ്മയിൽ നിന്നും 25 തിരുവചനങ്ങളിൽ കൂടുതൽ മനഃപാഠമാക്കി വചനഭാഗങ്ങൾ തെറ്റുകൂടാതെ (അധ്യായവും, വാക്യവും സഹിതം) എഴുതുന്ന എല്ലാ കുടുംബങ്ങളും ഇടവക തല മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യരാണ്. മത്സര സമയം 2 മണിക്കൂറായിരിക്കും. എഴുത്ത് മത്സരമായിരിക്കും. 200 മാർക്കിൽ കൂടുതൽ ലഭിക്കുന്ന എല്ലാ കുടുംബങ്ങൾക്കും നല്ലനിലം മെഗാ സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

**ഫൊറോനതലം – ജൂലൈ 6, 2025**

ഇടവകയിൽ നിന്നും 200 മാർക്കിൽ അധികം ലഭിച്ച ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് ഫൊറോനതല മത്സരത്തിൽ പങ്കെടുക്കാം. മത്സര സമയം 2 മണിക്കൂറായിരിക്കും. എഴുത്ത് മത്സരമായിരിക്കും.

**മേഖലാതലം – സെപ്റ്റംബർ 13, 2025**

ഓരോ ഫൊറോനായിൽ നിന്നും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്ക് മേഖലാതല മത്സരത്തിൽ പങ്കെടുക്കാം. ഹൈറേഞ്ച്, ലോറേഞ്ച്, തെക്കൻമേഖല എന്നിങ്ങനെ മൂന്നായി മേഖലാതല മത്സരം നടത്തപ്പെടും. മത്സരസമയം 3 മണിക്കൂറായിരിക്കും.

**ഗ്രാന്റ് ഫിനാലെ നവംബർ 15**

ഹൈറേഞ്ച്, ലോറേഞ്ച് മേഖലാതല മത്സരത്തിലെ വിജയികളായ ഒന്നും, രണ്ടുംസ്ഥാനക്കാരായ ടീമുകളും, തെക്കൻ മേഖലാതല മത്സരത്തിലെ ഒന്നാം സ്ഥാനക്കാരായ ടീമിനും ഗ്രാന്റ് ഫിനാലെയിലേയ്ക്ക് യോഗ്യത ലഭിക്കുന്നതാണ്. രൂപതാതല മത്സരത്തിൽ ആദ്യ അഞ്ച് സ്ഥാനം ലഭിക്കുന്ന ടീമിന് യഥാക്രമം 25000, 15000, 10000, 5000, 3000 രൂപ ക്യാഷ് അവാർഡ് ലഭിക്കും. ഓരോ വിഭാഗത്തിനും ഏറ്റവും കൂടുതൽ ആളുകളെ സംബന്ധിപ്പിക്കുന്ന ഇടവകകൾക്ക് കുടുംബങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക സമ്മാനങ്ങൾ ലഭിക്കുന്നതാണ്. A വിഭാഗം – 601 നു മുകളിൽ വീടുകളുള്ള ഇടവകകൾ. B വിഭാഗം – 301 മുതൽ 600 വരെ വീടുകൾ ഉള്ള ഇടവകകൾ. C വിഭാഗം – 201 മുതൽ 300 വരെ വീടുകൾ ഉള്ള ഇടവകകൾ. D വിഭാഗം – 76 മുതൽ 200 വരെ വീടുകൾ ഉള്ള ഇടവകകൾ. E വിഭാഗം – 75 വരെ വീടുകൾ ഉള്ള ഇടവകകൾ

# വിശുദ്ധ വാലന്റൈൻ

റ്റോബിൻ ഏർത്തുകുന്നേൽ

ഈ ലോകത്തുള്ള എല്ലാ ആഘോഷങ്ങളുടെയും ആചാരങ്ങളുടെയും പിന്നിൽ സങ്കടത്തിന്റേതോ, സന്തോഷത്തിന്റേതോ, ത്യാഗത്തിന്റേതോ ആയ കഥകൾ ഉണ്ടാവും. ചരിത്രത്തിൽ എപ്പോഴോ സംഭവിച്ചുവെന്ന് കരുതപ്പെടുന്ന അത്തരം കഥകളാണ് ഓരോ ആഘോഷങ്ങളും ആചാരങ്ങളുമൊക്കെ മഹത്തരമാക്കുന്നത്. ഫെബ്രുവരി 14 ലോകം മുഴുവൻ പ്രണയദിനമായി ആഘോഷിക്കപ്പെടുമ്പോൾ, ആ ദിവസത്തിനും ഒരു മഹത്തായ ജീവത്യാഗത്തിന്റെ കഥ പറയുവാനുണ്ട്. അത് വിശുദ്ധ വാലന്റൈന്റെ കഥയാണ്!

3-ാം നൂറ്റാണ്ടിൽ റോമാസാമ്രാജ്യം ഭരിച്ചിരുന്ന ചക്രവർത്തിയായിരുന്നു ക്ലോഡിയസ് രണ്ടാമൻ. ക്രൂരനായ ഒരു ഏകാധിപതിയായിരുന്നു ക്ലോഡിയസ്. അതുകൊണ്ടു തന്നെ 'കോഡിയസ് ദ ക്രുവൽ' എന്ന പേരിലാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്. കൊടിയ മർദ്ദന മുറകളും, വിചിത്രമായ നിയമങ്ങളും അദ്ദേഹത്തിന്റെ ഭരണത്തെ ദുഷിച്ചതാക്കി മാറ്റി. റോമൻ സൈനികരെ അടക്കി വാണിരുന്ന ക്ലോഡിയസ് രണ്ടാമന് നിരന്തരം യുദ്ധത്തിൽ ഏർപ്പെടുക എന്നത് ഒരു ഹരമായിതീർന്നു. തുടർച്ചയായുള്ള യുദ്ധങ്ങൾ മൂലം സൈനികർ യുദ്ധത്തെയും, രാജാവിനെയും ഒരുപോലെ വെറുത്തു. സ്വന്തം കുടുംബത്തിൽനിന്നും, പ്രിയപ്പെട്ടവരിൽനിന്നും അധികനാൾ പിരിഞ്ഞിരിക്കുന്നത് അവർക്ക് അസ്സഹനീയമായിരുന്നു. അതുകൊണ്ടുതന്നെ, റോമൻ സൈന്യത്തിൽ ചേരാൻ എല്ലാവരും മടി കാണിച്ചു. ക്ലോഡിയസ് നടത്തിയിരുന്ന നിരന്തരമായ യുദ്ധങ്ങൾ തങ്ങളെ, തങ്ങളുടെ പ്രിയപ്പെട്ടവരിൽനിന്ന് അകറ്റി കളയുമെന്ന് അവർ ഭയന്നു. ഇത് മനസ്സിലാക്കിയ ക്ലോഡിയസ് വളരെ വിചിത്രമായ ഒരു തീരുമാനത്തിലാണ് എത്തിച്ചേർന്നത്. അദ്ദേഹം റോമാ സാമ്രാജ്യത്തിൽ സൈനികരുടെ വിവാഹവും, വിവാഹത്തോടനുബന്ധിച്ചുള്ള എല്ലാ ചടങ്ങുകളും നിരോധിച്ചു.

ഈ കാലഘട്ടത്തിലാണ് വാലന്റൈൻ എന്ന പുരോഹിതൻ റോമാ സാമ്രാജ്യത്തിൽ ജീവിച്ചിരുന്നത്. ഇറ്റലിയിലെ ടെർനിയിൽ ജനിച്ച അദ്ദേഹത്തിന്റെ മുഴുവൻ പേര് 'വാലന്റൈൻ ഓഫ് ടെർനി' എന്നാണ്. ക്രിസ്ത്യാനികൾക്ക് കൊടിയ പീഡനം ഏറ്റുവാങ്ങിയിരുന്ന സാഹചര്യമാണ് അന്ന് റോമിൽ ഉണ്ടായിരുന്നത്. എന്നാൽ അവയ്ക്കൊന്നും ധീരനായ വാലന്റൈനെ തളർത്താൻ കഴിഞ്ഞില്ല. എല്ലാ കാര്യങ്ങളും ക്രിസ്തുവിനുവേണ്ടി അദ്ദേഹം തികഞ്ഞ ആത്മാർത്ഥതയോടെ ചെയ്തു. വിവാഹബന്ധത്തിന്റെ പവിത്രതയും, കുടുംബബന്ധത്തിന്റെ പ്രാധാന്യവും, സ്നേഹത്തിന്റെ ആഴവും കൃത്യമായി മനസ്സിലാക്കിയിരുന്ന വാലന്റൈന് വിവാഹം നിരോധിച്ചുകൊണ്ടുള്ള ക്ലോഡിയസ് രണ്ടാമന്റെ ഉത്തരവ് ഒട്ടും സ്വീകാര്യമായിരുന്നില്ല. അതുകൊണ്ടുതന്നെ സ്നേഹിക്കുന്നവരെയെല്ലാം ഒരുമിപ്പിക്കുവാൻ അദ്ദേഹം തീരുമാനിക്കുകയും, രഹസ്യമായി അവരുടെ വിവാഹം നടത്തികൊടുക്കുകയും ചെയ്തു. അധികം വൈകാതെ ക്ലോഡിയസ് രണ്ടാമൻ ഈ വിവരം അറിയാൻ ഇടയായി. ക്രിസ്ത്യാനികളെ വേട്ടയാടുന്നതിൽ ഹരം കണ്ടെത്തിയിരുന്ന ചക്രവർത്തി ഒരു പുരോഹിതനെത്തന്നെ തന്റെ ഇരയായി വീണുകിട്ടിയതിൽ സന്തോഷിച്ചു. വാലന്റൈനുമായുള്ള സംസാരത്തിൽ അദ്ദേഹത്തിന്റെ വിശുദ്ധി മനസിലാക്കിയ ക്ലോഡിയസ് രണ്ടാമൻ അനുനയ ശ്രമങ്ങളൊക്കെ നടത്തി നോക്കുന്നുണ്ട്. ചക്രവർത്തി മുന്നോട്ടുവച്ച ഉപാധി ഇതായിരുന്നു. വാലന്റൈൻ നടത്തികൊടുത്ത വിവാഹങ്ങളെല്ലാം അദ്ദേഹം തന്നെ വേർപെടുത്തണം! താൻ ചെയ്യുന്ന നന്മയിൽ ഉത്തമബോധ്യം ഉണ്ടായിരുന്ന വാലന്റൈൻ രാജാവിന്റെ അനുനയ ശ്രമങ്ങളോട് നിസ്സഹകരിക്കുകയാണുണ്ടായത്. തന്റെ ഉത്തരവ് ലംഘിച്ച വാലന്റൈനെ കഠിനമായി തന്നെ ശിക്ഷിക്കണമെന്ന് രാജാവ് തീരുമാനിച്ചു.




വളരെ കഠിനമായ ശിക്ഷയാണ് ക്ലോഡിയസ് വാലന്റൈന് വിധിച്ചത്. ആദ്യം ചാട്ടവാറടിയും കല്ലേറും, പിന്നെ വധശിക്ഷ! വാലന്റൈനെ പാർപ്പിച്ചിരുന്ന തടവറയുടെ അധികാരി അസ്റ്റീരിയസ് എന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ മകൾ ജൂലിയ, ജന്മനാതന്നെ അന്ധയായിരുന്നതിനാൽ അദ്ദേഹം കടുത്ത സങ്കടം അനുഭവിച്ചിരുന്നു. തന്റെ മകൾക്ക് ജ്ഞാനം പകർന്നു കൊടുക്കുവാൻ അസ്റ്റീരിയസ് കണ്ടെത്തിയത് പണ്ഡിതനായ വാലന്റൈനെയാണ്. സ്നേഹനിധിയായ വാലന്റൈൻ ആ ഉത്തരവാദിത്വം സന്തോഷത്തോടെ ഏറ്റെടുക്കുകയും ജൂലിയയ്ക്ക് പ്രകൃതിയെക്കുറിച്ചും, ദൈവത്തെക്കുറിച്ചും, അവിടുത്തെ സ്നേഹത്തെക്കുറിച്ചുമൊക്കെ പറഞ്ഞുകൊടുക്കുകയും ചെയ്തു. അധികം താമസിക്കാതെ തന്നെ അവർ തമ്മിൽ വളരെ ഗാഢമായ ഒരു സൗഹൃദം ഉടലെടുത്തു. വാലന്റൈന്റെ കണ്ണുകളിലൂടെ ജൂലിയ ലോകം കണ്ടു. അത് മനോഹരവും, ദൈവസ്നേഹം അലയടിക്കുന്നതുമായ ഒരു ലോകമാണെന്ന് അവൾ തിരിച്ചറിഞ്ഞു.

തന്റെ വധശിക്ഷ നടപ്പിലാക്കുന്ന ദിവസത്തിന്റെ തലേന്ന്, വാലന്റൈൻ ജൂലിയയ്ക്ക് ഹൃദയസ്പർശിയായ ഒരു കത്തെഴുതി. അവൾക്ക് കാണാനോ, വായിക്കാനോ കഴിയില്ല എന്നറിയാമായിരുന്നിട്ടും, വൈലറ്റ് പൂക്കളുടെ ചാറുകൊണ്ടാണ് ആ കത്ത് വാലന്റൈൻ എഴുതിയത്. കത്തിന്റെ അവസാനം, പിന്നീട് വളരെ പ്രശസ്തമായ ആ വാചകം വാലന്റൈൻ കുറിച്ചിട്ടു. "ഫ്രം യുവർ വാലന്റൈൻ" (നിന്റെ വാലന്റൈനിൽനിന്നും). പിറ്റേദിവസം, ഫെബ്രുവരി 14, AD 269. അന്നാണ് വാലന്റൈന്റെ വധശിക്ഷ നടപ്പിലാക്കിയത്. അന്നേ ദിവസം തന്നെയാണ് ജൂലിയ, തന്റെ പ്രിയപ്പെട്ട വാലന്റൈൻ തനിക്കെഴുതിയ കത്ത് തുറക്കുന്നതും. അത് തുറന്നതും ജൂലിയയ്ക്ക് അത്ഭുതകരമായി കാഴ്ച്ച ലഭിച്ചുവെന്നാണ് വിശ്വസിക്കപ്പെടുന്നത്.

പിറ്റേന്ന് ഫെബ്രുവരി 15, അന്നാണ് ബി.സി. നൂറ്റാണ്ടുകൾ മുതൽ പുരാതന റോമിൽ കൊണ്ടാടിയിരുന്ന ലൂപ്പർ കാലിയ ഉത്സവദിനം. അനവധി അന്ധവിശ്വാസങ്ങളുടെയും, കിരാതമായ മതാചാരങ്ങളുടെയും ദിവസം! പേഗൻമതത്തിലെ ലൂപ്പർക്കസ് എന്ന പുത്രസൗഭാഗ്യത്തിന്റെ ദേവനെ പ്രീതിപ്പെടുത്താനായിട്ടാണ് ഈ ദിവസം കൊണ്ടാടിയിരുന്നത്. ലൂപ്പർക്കാൾ എന്ന ഗുഹയിൽ വച്ചാണ് ഇതിന്റെ കർമങ്ങൾ നടത്തിയിരുന്നത്. ലൂപ്പർ കാലിയ ദിവസത്തിൽ അർദ്ധ നഗ്നരായ റോമൻ യുവാക്കന്മാർ ലൂപ്പർക്കാൾ ഗുഹയിൽ ഒത്തുചേർന്ന് മൃഗബലി നടത്തിയിരുന്നു. പ്രജനനശേഷി ഏറ്റവുമധികമുള്ള ആട്, നായ, തുടങ്ങിയ മൃഗങ്ങളെയാണ് അവർ ബലികഴിച്ചിരുന്നത്. ബലി കൊടുത്ത മൃഗങ്ങളുടെ രക്തം തങ്ങളുടെ ശരീരത്തിൽ പുരട്ടി, അവയുടെ തോലും കൂർത്ത മുള്ളുകളും ചേർത്തുണ്ടാക്കിയ ചാട്ടവാറുമായി ഗുഹയ്ക്ക് പുറത്തെത്തുന്ന യുവാക്കളെ വരവേൽക്കുന്നത് അർദ്ധനഗ്നരായ കന്യകകളായിരിക്കും. തങ്ങളുടെ പക്കലുള്ള ചാട്ടവാറുപയോഗിച്ച് യുവാക്കൾ ഈ പെൺകുട്ടികളെ രക്തം ചിതറുവോളം പ്രഹരിക്കും. തങ്ങൾക്ക് മികച്ച ഭർത്താക്കന്മാരെ ലഭിക്കുമെന്നും, ആരോഗ്യമുള്ള കുഞ്ഞുങ്ങൾ പിറക്കുമെന്നുമുള്ള മിഥ്യാ ധാരണയിൽ ആ കന്യകമാർ യുവാക്കളുടെ പ്രഹരങ്ങൾ സന്തോഷത്തോടെ ഏറ്റുവാങ്ങും. ലൂപ്പർ കാലിയ ഉത്സവത്തിൽ യുവാക്കൾ കന്യകകമാരുടെ പേരുകൾ നറുക്കിട്ടെടുക്കുകയും, അവരുമായി ലൈംഗിക വേഴ്ച്ചയിൽ ഏർപ്പെടുകയും ചെയ്തിരുന്നതായി പറയപ്പെടുന്നു.

ഏതാനം വർഷങ്ങൾക്കുശേഷം ക്രിസ്തുമതം റോമിൽ ശക്തി പ്രാപിച്ചപ്പോൾ, സ്നേഹമെന്ന പുണ്യത്തെ വികൃതമാക്കുന്ന, ദുരാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടെയും കേന്ദ്രമായ, പേഗൻമതത്തിന്റെ പ്രധാന ഉത്സവമായ ലൂപ്പർ കാലിയ നിർത്തലാക്കണമെന്ന ആശയം മുന്നോട്ടു വന്നു. വികൃത സ്നേഹത്തിന്റെ പ്രതിരൂപമായ ലൂപ്പർക്കാലിയയ്ക്ക് പകരം കൊണ്ടാടുവാൻ വിശുദ്ധ സ്നേഹത്തിന്റെ ആൾരൂപമായ ഒരു പുരോഹിതന്റെ ഓർമ്മ റോമിൽ ഉയർന്നു വന്നു. ലൂപ്പർക്കാലിയ ദിനത്തിന്റെ തലേന്ന്, ഫെബ്രുവരി 14-ന്, സ്നേഹിക്കുന്നവർക്കുവേണ്ടി ജീവത്യാഗം ചെയ്ത വി. വാലിന്റൈന്റെ ഓർമ്മ പ്രണയദിനമായി കൊണ്ടാടുവാൻ സഭ തീരുമാനിച്ചു. ഇന്നും ലോകമെമ്പാടും അത് തുടർന്നു പോരുന്നു. എ.ഡി. 496-ൽ പോപ്പ് ജലേസിയസ് വാലന്റൈനെ വിശുദ്ധനായി പ്രഖ്യാപിച്ചു. സ്നേഹിക്കുന്നവർക്കുവേണ്ടി നിലകൊണ്ട വാലന്റൈൻ സ്നേഹിക്കുന്നവരുടെ മധ്യസ്ഥനായി ഇന്നറിയപ്പെടുന്നു. പീഡിപ്പിക്കപ്പെട്ട ക്രിസ്ത്യാനികളെ ശുശ്രൂഷിച്ച റോമൻ സാമ്രാജ്യത്തിലെ വൈദികൻ എന്നറിയപ്പെടുന്ന അദ്ദേഹം അപസ്മാര രോഗികളുടെയും, തേനീച്ച വളർത്തുന്നവരുടെയും മധ്യസ്ഥൻ കൂടിയാണ്.

ഇന്ന് പ്രണയഓർമ്മകൾക്കായി വാലന്റൈൻ ദിനം ലോകമെമ്പാടും ആഘോഷിക്കപ്പെടുമ്പോൾ ഏവരും വിസ്മരിക്കുന്ന ചില ചരിത്രസത്യങ്ങളുണ്ട്. ഈ വിശുദ്ധൻ വിവാഹമെന്ന പവിത്രമായ കൂദാശയ്ക്കുവേണ്ടിയും, സ്നേഹിക്കുന്നവരെ ക്രിസ്തുവിനോടൊത്ത് ചേർത്തുനിറുത്തുന്നതിനുവേണ്ടിയും വഹിച്ച അപാരമായ പീഡനങ്ങളും, സഭാമക്കൾക്കു വേണ്ടി സധൈര്യം വരിച്ച രക്തസാക്ഷിത്വവും നമ്മുടെ യുവതലമുറ അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇന്ന് വാലന്റൈൻ ദിനം പ്രണയസന്ദേശങ്ങളുടെ കൈമാറ്റവും, ചില കുത്തക കമ്പനികളുടെ ഉല്പന്നങ്ങളുടെ വിപണനവും മാത്രം ലക്ഷ്യം വയ്ക്കുമ്പോൾ, സ്നേഹത്തിനും നീതിക്കും വേണ്ടി ജീവത്യാഗം ചെയ്ത വി. വാലന്റൈന്റെ മഹത്തായ മാതൃക നാം വിസ്മരിക്കുന്നുണ്ട്. ഇക്കാലഘട്ടത്തിലെ അവിശുദ്ധമായ പ്രണയങ്ങളുടെ ദുരനുഭവങ്ങളെ ദൂരെയകറ്റി നിസ്വാർത്ഥ സ്നേഹം മുറുകെ പിടിക്കുവാൻ വി. വാലന്റൈന്റെ തീക്ഷണമായ ജീവിതം നമുക്ക് സഹായകമാണ്. സ്നേഹം കൊതിക്കുന്നവരെ ചേർത്തുനിർത്തി, അവരെ ക്രിസ്തുസ്നേഹത്തിന്റെ പവിത്രതയിലേക്ക് ആനയിക്കാൻ വി. വാലന്റൈൻ നമുക്ക് പ്രചാദനമാകട്ടെ.

## എസ്എച്ച് യുപി സ്കൂളിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്തു

**പൊൻകുന്നം:** എസ്എച്ച് യുപി സ്കൂളിൽ പുതിയതായി നിർമിച്ച സെന്റിനറി ബ്ലോക്ക് കെട്ടിടത്തിന്റെ ഉദ്ഘാടനം ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിച്ചു. നവീകരിച്ച സയൻസ് ലാബിന്റെ ഉദ്ഘാടനം ചീഫ് വിപ്പ് ഡോ.എൻ. ജയരാജും വാർഷികാഘോഷം കാഞ്ഞിരപ്പള്ളി രൂപത കോർപ്പറേറ്റ് മാനേജർ ഫാ. ഡൊമിനിക് അയിലൂപ്പറമ്പിലും ഉദ്ഘാടനം ചെയ്തു. സ്കൂൾ മാനേജർ ഫാ. ജോണി ചെരിപുറം അധ്യക്ഷത വഹിച്ചു. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തി. ചിറക്കടവ് പഞ്ചായത്ത് പ്രസിഡന്റ് സി.ആർ. ശ്രീകുമാർ, ജില്ലാ പഞ്ചായത്തംഗം ടി.എൻ. ഗിരീഷ് കുമാർ, ഡിഇഒ ഡോ.ഇ.ടി. രാകേഷ്, എഇഒ എസ്. സുൾഫിക്കർ എന്നിവർ പ്രസംഗിച്ചു. തുടർന്ന് എൻഡോവ്മെന്റ് വിതരണം, സമ്മാനദാനം, കലാസന്ധ്യ എന്നിവ നടത്തി. 12,500 ചതുരശ്ര അടി വിസ്തീർണത്തിലാണ് ഇരുനില മന്ദിരം പൂർത്തിയാക്കിയത്. സയൻസ് ലാബ്, കംപ്യൂട്ടർ ലാബ്, ഓഫീസ് റൂം, സ്റ്റാഫ് റൂം എന്നിവയെല്ലാം കാലത്തിന് അനുസൃതമായ രീതിയിൽ പുതിയ കെട്ടിടത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.



*പൊൻകുന്നം എസ്എച്ച് യുപി സ്കൂളിന്റെ പുതിയതായി നിർമിച്ച സെന്റിനറി ബ്ലോക്ക് കെട്ടിടത്തിന്റെ ഉദ്ഘാടനം ജലവിഭവ മന്ത്രി റോഷി അഗസ്റ്റിൻ നിർവഹിക്കുന്നു.*






കൂട്ടുകാരെ, സുവിശേഷം അധ്യായം
വരെയുള്ള വാക്യങ്ങൾ വായിക്കുമല്ലോ.




സൺഡേസ്കൂളിൽ പഠിക്കുന്ന വിദ്യാർഥികൾക്കായുള്ള ദർശകന്റെ പുതിയ മത്സര പരിപാടിയാണിത്. നറുക്കെടുപ്പിലൂടെ 5 വിജയികൾക്കു സമ്മാനങ്ങൾ നൽകും. അയക്കുന്ന കുട്ടിയുടെ പേര്, വീട്ടുപേര്, ക്ലാസ്, ഇടവക എന്നിവ വ്യക്തമായി നൽകേണ്ടതാണ്. ഈ മാസം 20ന് മുമ്പായി ഉത്തരങ്ങൾ അയക്കേണ്ടതാണ്. തന്നിരിക്കുന്ന സുവിശേഷം വായിച്ച് അതിൽ നിന്ന് നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഒരു വാക്യംകൂടി അയക്കുമല്ലോ. കൂടാതെ തഴെതന്നിരിക്കുന്ന ചിത്രം നിറം നൽകി മനോഹരമാക്കൂ. ശേഷം ഫോട്ടോ എടുത്ത് 7025466111 എന്ന വാട്ട്സ് അപ്പ് നമ്പരിലേക്ക് അയക്കുക.

**കഴിഞ്ഞ ലക്കത്തിലെ വിജയികൾ**

1)

നിറം നൽകി മനോഹരമാക്കൂ

## മനസ്സലിവുള്ള അമ്മ

**വി**ധവ





## അമൂല്യമായി കരുതുന്ന നസ്രാണി പാരമ്പര്യം പരിചയപ്പെടുത്തുന്ന പ്രത്യേക പംക്തി

# വിവാഹദിവസത്തെ ക്രമീകരണങ്ങൾ



ഫാ. റോബർട്ട്
ചവറനാനിക്കൽ വി.സി.




കല്യാണദിവസം നിശ്ചയിക്കപ്പെട്ട സമയത്തിനുമുമ്പായി പള്ളിയിൽ എത്തണം. തിരക്കിനിടയിൽ സമയക്ലിപ്തത പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ കുടുംബത്തിൽപ്പെട്ട നേതൃത്വവാസനയും പക്വതയുമുള്ള ഒരു കാരണവർ സമയകാര്യങ്ങൾ ക്രമീകരിച്ച് എല്ലാവരെയും ഓർമ്മപ്പെടുത്താൻ ഉണ്ടാകും. ചെറുക്കന്റെ ഇടവകയിലാണ് സാധാരണ വിവാഹം ആശീർവ്വദിക്കുക. പെൺവീട്ടുകാർ പള്ളിയിൽ എത്തിയിട്ടേ ചെറുക്കൻ വീട്ടിൽനിന്ന് ഇറങ്ങുകയുള്ളൂ. കുടുംബത്തിലെ മുതിർന്ന കാരണവർ വീട്ടിൽ തിരുഹൃദയരൂപത്തിനു മുമ്പിൽ പ്രാർത്ഥിക്കുന്നു. 1 സ്വർഗ്ഗ. 1 നന്മ 1 ത്രിത്വ. ചൊല്ലി കുരിശു വരയ്ക്കുന്നു. വിവാഹം കഴിക്കുന്നയാൾ ഈശോയ്ക്ക് സ്തുതി ചൊല്ലി വല്യപ്പൻ, വല്യമ്മ, അപ്പൻ, അമ്മ, ... ഇങ്ങനെ പ്രായക്രമത്തിൽ സ്തുതി ചൊല്ലി കൈമുത്തുന്നു. ഇത് വീട്ടുകാർക്കു പ്രാധാന്യം കിട്ടുന്ന സമയമാണ്.

**ദേവാലയത്തിൽ ചെയ്യേണ്ട കാര്യങ്ങൾ**

ചെറുക്കന്റെ വിവാഹം കഴിച്ച അവസാനത്തെ പെങ്ങളുടെ അവകാശമാണ് ചടങ്ങുകൾ കഴിയുന്നതുവരെ ചെറുക്കനെ അനുഗമിക്കുക എന്നുള്ളത്. പെണ്ണിനും ഇതുപോലെ നാത്തൂർ (ആങ്ങളയുടെ ഭാര്യ) കൂടെയുണ്ടാകും. പള്ളിയിൽ എത്തിയാൽ ആദ്യം തന്നെ പെണ്ണിന്റെ അമ്മാച്ചൻ വിവാഹത്തിന്റെ അനുമതിക്കുറി വികാരിയച്ചനെ ഏല്പിക്കേണ്ടതാണ്.

താലിയിൽ കുരിശു നിർബന്ധമാണ്. സാധാരണയായി അതിൽ മുകളിൽനിന്നു താഴേക്ക് നാലും ഇടത്തുനിന്നു വലത്തേക്ക് മൂന്നും ഇങ്ങനെ ഏഴ് കുത്തുകളാണുള്ളത്. താല കോർക്കുന്നത് മന്ത്രകോടിയിൽനിന്നു വലിച്ചെടുത്ത ഏഴു നൂലുകൾ പിരിച്ചെടുത്ത ചരടിലാണ്. ഏഴ് പൂർണ്ണതയുടെ സംഖ്യയാണ്. ഇത് ഏഴു കൂദാശകളുടെ പ്രതീകമാണ്. മന്ത്രകോടി ആത്മാർപ്പണം, മൂടുക, സംരക്ഷിക്കുക, സ്വർഗ്ഗത്തിൽ ധരിക്കുന്ന മഹത്വത്തിന്റെ വസ്ത്രം, ഇവയുടെ പ്രതീകമാണ്. മന്ത്രകോടിയും താലിയും മോതിരവും വധൂവരന്മാർ ദേവാലയത്തിൽ പ്രവേശിക്കുന്നതിനു തൊട്ടുമുമ്പായി മാത്രമാണ് അതിനായി സജ്ജീകരിച്ചിട്ടുള്ള വയ്ക്കുന്നത്. ജനക്കൂട്ടത്തിൽ അവ മാറിയോ നഷ്ടപ്പെട്ടോ പോകാതിരിക്കാനാണത്.

പള്ളിയുടെ ആനവാതിലിൽക്കൂടി ചെറുക്കനും പെണ്ണും പള്ളിയുടെ അകത്തേയ്ക്ക് വരുന്നു. വിവാഹവേളയിൽ വൈദികൻ വെഞ്ചരിച്ച താലി ചെറുക്കന്റെ കൈയിൽ കൊടുക്കുന്നു. ചെറുക്കൻ അത് പെണ്ണിന്റെ കഴുത്തിൽ 'ആൺകെട്ട്' (അഴിച്ചെടുക്കാൻ പറ്റാത്തവിധം) കെട്ടുന്നു.



വധൂവരന്മാരുടെ ഏറ്റവും അടുത്ത ബന്ധത്തിൽപ്പെട്ട അച്ചനാണ് വിവാഹം ആശീർവ്വദിക്കുക. പ്രത്യേകം ക്ഷണിക്കപ്പെട്ട വൈദികർ ഇല്ലെങ്കിൽ മാത്രമേ സാധാരണയായി ഇടവകവികാരി വിവാഹം ആശീർവ്വദിക്കുകയുള്ളൂ. കൂടുതൽ വൈദികരുണ്ടെങ്കിൽ കുടുംബത്തിൽപെടാത്ത വൈദികർ ആഘോഷത്തിനു മാത്രമായി കുർബ്ബാനയിൽ പങ്കെടുക്കാറില്ല.

**വിവാഹശേഷം**

സാക്ഷി നിൽക്കുന്ന അളിയനാണ് വിവാഹശേഷം ദമ്പതിമാരെ കൂട്ടിക്കൊണ്ടു വരേണ്ടത്. വിവാഹം കഴിഞ്ഞാൽ ഉടനെതന്നെ ദമ്പതിമാർ ഇടവകമദ്ധ്യസ്ഥന്റെ രൂപത്തിനുമുമ്പിൽ നേർച്ചയിട്ട് മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുന്നു. ഇടവകയിലെ വിവാഹരജിസ്റ്ററിൽ ദമ്പതിമാരും വിവാഹം ആശീർവ്വദിച്ച വൈദികനും സാക്ഷികളും ഒപ്പുവയ്ക്കുന്നു.

വീട്ടിൽ വരുമ്പോൾ മണവാളന്റെ അമ്മ പ്രധാനവാതിൽ പടിക്കൽവച്ച് കൊന്തയിലെ കുരിശുകൊണ്ട് ദമ്പതിമാരുടെ നെറ്റിയിൽ കുരിശുവരച്ച് വീട്ടിൽ കയറ്റുന്നു. തിരി തെളിച്ച് വലതുകാൽ വച്ച് വീട്ടിൽ പ്രവേശിക്കുന്നു. പഞ്ചസാര ചേർത്ത പാൽ, മധുരം വയ്ക്കുന്നു. പരസ്പരം കൈമാറി കുടിക്കുന്നു / സ്ട്രോ ഇട്ട് കുടിക്കുന്നു. ഭാര്യാഭർത്താക്കന്മാർ ഇനി രണ്ടല്ല, ഒന്നാണ് (എഫേ. 5:31) എന്നു സൂചിപ്പിക്കാനാണ് ഇവർ ഒരേ പാത്രത്തിൽനിന്ന് കുടിക്കുന്നത്. ഇത് തലേദിവസത്തെ മധുരംവയ്പ്പിന്റെ ഒറിജിനൽ ആണ്. മധുരംവയ്പു കഴിഞ്ഞ് നവദമ്പതിമാരെ മണവറയിലേക്കു കൂട്ടിക്കൊണ്ടു പോയി മുടി മാറ്റിവച്ചിട്ട് ഭക്ഷണത്തിനു വരുന്നു. പോകുന്നതിനു മുമ്പായി / ചിലപ്പോൾ ഭക്ഷണത്തിനു മുമ്പായി മണവാട്ടി മന്ത്രകോടി അണിഞ്ഞ് വരും. വിരുന്നുകാർ (പെൺവീട്ടുകാർ) ആദ്യം ഭക്ഷണം കഴിക്കുന്നു. അതിനുശേഷം നാട്ടുകാരും, ഏറ്റവും അവസാനം വീട്ടുകാരും ഭക്ഷണം കഴിക്കുന്നു. വൈദികർ പന്തലിൽ ഭക്ഷണത്തിനു പോകാറില്ല. കാരണം, ഇത് ദമ്പതിമാർക്കു പ്രാധാന്യമുള്ള സമയമാണ്. വൈദികർക്ക് പള്ളിമേടയിലാണ് ഭക്ഷണം വിളമ്പുക.

പോകുന്നതിനുമുമ്പായി വരൻ അമ്മായിയമ്മയ്ക്ക് കച്ച (പുടവ) കൊടുക്കുന്നു. അമ്മ വളർത്തിയ മകളെ ഭാര്യയായി തന്നതിന് അമ്മയ്ക്കു കൊടുക്കുന്ന സമ്മാനമാണത്. അമ്മായിയമ്മ മരുമകന്റെ വിരലിൽ മോതിരം ഇടും. തന്റെ മകളുടെ ഭർത്താവാകുന്നതിനുള്ള സമ്മാനമാണത്. കട്ടൻകാപ്പി കുടിച്ച് എല്ലാവരും പിരിയുന്നു. വധുവിന്റെ അമ്മ തന്റെ മകളെ കൈപിടിച്ച് വരന്റെ അമ്മയെ ഏൽപ്പിക്കുന്നു. ഇതുവഴി പുതിയ മാതാപിതാക്കളും പുതിയ വീട്ടുപേരും ഈ മകൾക്ക് കൈവരുന്നു. ദമ്പതിമാർ വധുവിന്റെ വീട്ടിലേക്കു പോകുന്നു.

വിവാഹത്തിന്റെ നാലാം ദിവസം മണവാളന്റെ അളിയനും മറ്റു ചിലരും വധുവിന്റെ വീട്ടിൽ ചെന്ന് നവദമ്പതിമാരെ കൂട്ടിക്കൊണ്ടു വരും. അന്ന് വരന്റെ വീട്ടിൽ സദ്യയുണ്ടാകും. മണവാട്ടിയുടെ മാതാപിതാക്കൾ വസ്ത്രം വയ്ക്കാനുള്ള പെട്ടിയും പെട്ടിയ്ക്കുള്ളിൽ പണം (101 / 1001 ഈ ക്രമത്തിൽ രൂപ), സോപ്പ്, ചീപ്പ്, എണ്ണ, വസ്ത്രങ്ങൾ മുതലായവയും കൊടുത്തുവിടും. കാരണം, ഭർത്താവിന്റെ വീട്ടിൽ വന്ന് ഉടനെതന്നെ മറ്റുള്ളവരോട് ഒന്നും ചോദിച്ചുവാങ്ങേണ്ട കാര്യമില്ല.

നവവധൂവരന്മാരെ അടുത്ത ബന്ധുക്കൾ തങ്ങളുടെ വീടുകളിൽ വിളിച്ച് സൽക്കരിക്കുന്നു. പിന്നീട് ഏതാനും ദിവസങ്ങൾ / ആഴ്ചകൾ കഴിയുമ്പോൾ വധുവിന്റെ അമ്മ (അമ്മായിയമ്മ) മകളുടെ അടുക്കള കാണാൻ നവവരന്റെ വീട്ടിൽ പോകുന്നു. അപ്പോൾ പലഹാരവുമായിട്ടാണ് പോകുന്നത്.

---

## ബാങ്ക് നിക്ഷേപങ്ങൾക്ക് എത്ര നോമിനികളെ വയ്ക്കാം? ബാങ്ക് നിക്ഷേപത്തിൽ നോമിനികളെ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് വന്ന പുതിയ മാറ്റങ്ങൾ എന്തൊക്കെ?

**കെ.എ ബാബു**




ബാങ്കിൽ നിക്ഷേപങ്ങൾ നടത്തുമ്പോൾ നിങ്ങൾ ആരുടെ പേരാണ് നോമിനിയായി (അവകാശി) വയ്ക്കാറുള്ളത്? അമ്മ, അച്ഛൻ, ഭാര്യ അല്ലെങ്കിൽ മറ്റ് ആരെയെങ്കിലും ആയിരിക്കില്ലേ? ആരായാലും ഒരാളുടെ പേര് മാത്രമേ നോമിനിയായി നൽകാൻ സാധിച്ചിരുന്നുള്ളൂ. പുതിയ നിയമം അനുസരിച്ച് ബാങ്കിൽ നടത്തുന്ന നിക്ഷേപങ്ങൾക്ക് ഒന്നിൽ കൂടുതൽ പേരെ നോമിനിയായി വയ്ക്കാവുന്നതാണ്.

ഒരു അക്കൗണ്ടിന് ഒരു നോമിനി എന്ന രീതി മാറി ബാങ്ക് നിക്ഷേപങ്ങൾക്ക് ഒന്നിലധികം നോമിനികളെ വെയ്ക്കാം എന്ന നിയമമാണ് വന്നിരിക്കുന്നത്. ഒരു നോമിനിയെ മാത്രം വെയ്ക്കുമ്പോൾ ഇടപാടുകാരന്റെ മരണശേഷം തുക മുഴുവനും ഈ നോമിനിക്ക് നൽകുന്ന രീതിയായിരുന്നു. എന്നാൽ ഈ നോമിനിക്ക് ബാങ്കിൽ നിന്ന് പണം സ്വീകരിക്കാൻ കഴിയാതെ വന്നാൽ, അല്ലെങ്കിൽ നോമിനി മരണപ്പെട്ടാൽ, മരണപ്പെട്ട ഇടപാടുകാരന്റെ അക്കൗണ്ടിലെ പണം ലഭിക്കാൻ ജീവിച്ചിരിക്കുന്ന നിയമപരമായ അവകാശികൾ (Legal Heirs) അവകാശം തെളിയിക്കുന്നതുമായും മറ്റുമുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. നീണ്ടുനിൽക്കുന്നതും ചിലപ്പോഴെങ്കിലും പൂർത്തീകരിക്കാൻ കഴിയാതെ വരുന്നതുമായ കാരണങ്ങളാൽ ഇത്തരം ബാങ്ക് അക്കൗണ്ടുകളിലെ പണം ആർക്കും ലഭിക്കാതിരുന്ന അവസരങ്ങൾ ഉണ്ട്. ഈ അവസ്ഥയ്ക്ക് പരിഹാരം എന്ന നിലയ്ക്കാണ് പുതിയ നിയമം വരുന്നത്.

---

## പി.എച്ച് ഡി. പൂർത്തിയാക്കി



ഡോ.ജോയിസ് മരിയാ ജോസഫ്, ഇറ്റലിയിലെ കാമെറിനോ സർവ്വകലാശാലയിൽ നിന്ന് കെമിക്കൽ ആൻഡ് ഫാർമസ്യൂട്ടിക്കൽ സയൻസ് ആൻഡ് ബയോടെക്നോളജി വിഷയത്തിൽ പി.എച്ച് ഡി. വിജയകരമായി പൂർത്തിയാക്കി. ലോകമെമ്പാടുമുള്ള പ്രതിഭാധനരായ ഗവേഷകർക്ക് നൽകുന്ന യുറോപ്യൻ യൂണിയന്റെ ഏറ്റവും പ്രശസ്തമായ മേരി ക്ലോഡോവ്സ്കാ- ക്യൂറി പി.എച്ച്.ഡി ഫെലോഷിപ്പ് നേടാൻ ജോയിസ് യോഗ്യത നേടി. ഈ ഫെലോഷിപ്പ് ഫ്രാൻസിലെ Universite Paris- Saclay ൽ നിന്നുള്ള Industrial and medical Applications of Radiations എന്ന വിഷയത്തിൽ മാസ്റ്റേഴ്സ് ബിരുദം പൂർത്തിയാക്കിയതിനുശേഷമാണ് പി.എച്ച്.ഡി. ഗവേഷണകാലത്ത് Mag- netic Resonance Imaging (MRI) നായി പുതുമയുള്ള കോൺട്രാസ്റ്റ് ഏജന്റുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകൃതമാക്കി, മെഡിക്കൽ ഇമേജിംഗ് സാങ്കേതികവിദ്യയുടെ പുരോഗതിയിലേക്ക് ശ്രദ്ധേയമായ സംഭാവന നൽകി. ഗവേഷണം MRI കോൺട്രാസ്റ്റ് ഏജന്റുകളുടെ കാര്യക്ഷമതയും സുരക്ഷിതത്വവും മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടതാണ്. ഇത് കൃത്യമായ രോഗനിർണയത്തിന് നിർണ്ണായകമാണ്. പൊൻകുന്നത്തുള്ള അഡ്വ. ബോബൻ മണ്ണാറാത്തിന്റെയും കൃഷിവകുപ്പ് റിട്ടേർഡ് ഡെപ്യൂട്ടി ഡയറക്ടർ സിസി.പി മാത്യുവിന്റെയും മകളാണ്.

**കംപ്യൂട്ടർ രംഗത്തെ നൂതന വിപ്ലവങ്ങൾ**



**ഡോ. ജൂബി മാത്യു**
HOD കംപ്യൂട്ടർ സയൻസ് & എൻജിനിയറിംഗ്, അമൽജ്യോതി കോളേജ്

# ഗൂഗിൾ ജെൻകാസ്റ്റ്




**15 ദിവസത്തെ കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കാൻ കഴിയുന്ന മെഷീൻ ലേർണിങ് അടിസ്ഥാനമാക്കിയുള്ള ജനറേറ്റീവ് എഐ മോഡലാണ് ജെൻകാസ്റ്റ് (GenCast). കാലാവസ്ഥ വ്യതിയാനങ്ങൾ കൃത്യമായി മുൻകൂട്ടി പ്രവചിക്കാനാകുന്നതോടെ പ്രകൃതി ദുരന്തങ്ങളിൽനിന്നും രക്ഷ നേടാമെന്നുള്ള സാധ്യതയാണ് തെളിയുന്നത്.**

ഇന്ന് മഴ പെയ്യുമോ? കാലാവസ്ഥാ മുന്നറിയിപ്പുണ്ടെങ്കിൽ പെയ്യില്ലെന്ന് ഉറപ്പ്. മലയാളികൾ കഴിഞ്ഞ കുറേ കാലമായി പറഞ്ഞു ശീലിച്ച വാക്കുകളാണിത്. പ്രവചനത്തിൽ കാലാവസ്ഥാകേന്ദ്രം പോലെ പഴിയും പരിഹാസവും കേട്ടവർ വേറെ ഉണ്ടാവില്ല. ഭൂമിയിലെ കാലാവസ്ഥയെക്കുറിച്ചു മനസ്സിലാക്കുന്നതിനും അന്തരീക്ഷസ്ഥിതിയിലെ മാറ്റങ്ങൾ പ്രവചിക്കുന്നതിനുംവേണ്ടിയുള്ള മനുഷ്യന്റെ ശ്രമങ്ങൾക്ക് ഒരുപക്ഷേ, മനുഷ്യരാശിയോളംതന്നെ പഴക്കം കാണും. പ്രാചീനകാല സംസ്ക്കാരങ്ങളിൽ ആകാശത്തെ പ്രത്യേകതകൾ നിരീക്ഷിച്ചും മറ്റും, മഴയുടെ വരവ് മുൻകൂട്ടി പ്രവചിക്കുവാൻ ശ്രമിച്ചിരുന്നതായി കരുതുന്നു. 17-18 നൂറ്റാണ്ടുകളിലായി താപനില അളക്കാൻ തെർമ്മോമീറ്ററും (thermometer) മർദം അളക്കാൻ ബാരോമീറ്ററും (barometer) കാറ്റിന്റെ വേഗത നിർണ്ണയിക്കാൻ അനിമോമീറ്ററും (anemometer) ഈർപ്പത്തിന്റെ അളവ് കണക്കാക്കാൻ ഹൈഗ്രോമീറ്ററും (hygrometer) കണ്ടുപിടിക്കപ്പെട്ടതോടെ ചിലയിടങ്ങളിൽ, വിശേഷിച്ചും പാശ്ചാത്യരാജ്യങ്ങളിൽ, നിരീക്ഷണ ക്യാമ്പയിനുകൾ (observational campaigns) നടന്നുവന്നു.

ലോകത്തെ മുഴുവൻ ആശങ്കപ്പെടുത്തുന്ന ഒരു വിഷയമായി മാറിയിരിക്കുകയാണ് കാലാവസ്ഥ പ്രവചനം. ശാസ്ത്രം വളർന്നെങ്കിലും പലപ്പോഴും കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കുകയെന്നത് പ്രയാസകരമായി മാറിയിരിക്കുകയാണ്. പെട്ടന്നുണ്ടാകുന്ന പ്രകൃതിദുരന്തങ്ങൾ നിരവധി പേരുടെ മരണങ്ങൾക്ക് കാരണമാകാറുണ്ട്. കാലാവസ്ഥ പ്രവചനത്തിനായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നിരവധി പരീക്ഷണങ്ങൾ നടത്തുന്നുണ്ട്. 15 ദിവസത്തെ കാലാവസ്ഥ മുൻകൂട്ടി പ്രവചിക്കാൻ കഴിയുന്ന മെഷീൻ ലേർണിങ് അടിസ്ഥാനമാക്കിയുള്ള ജനറേറ്റീവ് എഐ മോഡലാണ് ജെൻകാസ്റ്റ് (GenCast).

ഗൂഗിളിന്റെ ബ്രിട്ടീഷ്-അമേരിക്കൻ എഐ റിസർച്ച് ലാബായ ഗൂഗിൾ ഡീപ് മൈൻഡ് (Google Deep Mind)ആണ് ജെൻകാസ്റ്റിന് പിന്നിൽ. ലണ്ടൻ ആസ്ഥാനമായാണ് ഈ എഐ റിസർച്ച് ലാബ് പ്രവർത്തിക്കുന്നത്. കാലാവസ്ഥാ പ്രവചനത്തിന് മറ്റെല്ലാ മോഡലുകളേക്കാളും മികച്ചതാണ് ജെൻകാസ്റ്റ് എന്നാണ് ഡീപ് മൈൻഡ് എഐ റിസർച്ച് ലാബ് അവകാശപ്പെടുന്നത്. കാലാവസ്ഥ വ്യതിയാനങ്ങൾ കൃത്യമായി മുൻകൂട്ടി പ്രവചിക്കാനാകുന്നതോടെ പ്രകൃതി ദുരന്തങ്ങളിൽനിന്നും രക്ഷ നേടാമെന്നുള്ള സാധ്യതയാണ് തെളിയുന്നത്. ഗൂഗിളിന്റെ പുതിയ മോഡൽ വരുന്നതോടെ ഗൂഗിളിന്റെ കാലാവസ്ഥ പ്രവചനം (Google weather prediction) കൂടുതൽ കൃത്യത കൈവരിക്കും. ഇത് പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങളെ ഒരു പരിധി വരെ കുറയ്ക്കാൻ സാധിക്കും. മാത്രമല്ല കൃഷി, ഏവിയേഷൻ ഉൾപ്പെടെയുള്ള വിവിധ മേഖലകളിലും ഇത് പ്രയോജനകരമാകും. ഭൂമിയുടെ ആകൃതിയും സമീപകാല കാലാവസ്ഥാ വിവരങ്ങളും വിശകലനം ചെയ്താണ് പ്രവചനം നടത്തുക. ഉപഗ്രഹങ്ങൾ, കാലാവസ്ഥാ സ്റ്റേഷനുകൾ എന്നിവയിൽനിന്നുള്ള കാലാവസ്ഥാ വിവരങ്ങളെ തത്സമയ പാരിസ്ഥിതിക വിവരങ്ങളുമായി സംയോജിപ്പിക്കുന്നതിലൂടെ, ഏറ്റവും പുതിയ കാലാവസ്ഥ മാറ്റങ്ങൾ അറിയാൻ സാധിക്കും.

പരമ്പരാഗത കാലാവസ്ഥാ പ്രവചനം ന്യൂമറിക്കൽ വെതർ പ്രെഡിക്ഷൻ (Numerical Weather Prediction) അൽഗോരിതങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ന്യൂറൽ നെറ്റ്‌വർക്ക് സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയാണ് ജെൻകാസ്റ്റ് പ്രവർത്തിക്കുന്നത്. ഗൂഗിളിന്റെ ടെൻസർ ഫ്‌ലോ (Tensor Flow) പ്ലാറ്റ്ഫോം ഉപയോഗിക്കുന്നത് വഴി, നിമിഷങ്ങൾക്കുള്ളിൽ വലിയ ഡാറ്റാസെറ്റുകൾ പ്രോസസ്സ് ചെയ്യാൻ പ്രാപ്തമാക്കുന്നു. ചുഴലിക്കാറ്റുകൾ, വെള്ളപ്പൊക്കം, ഉഷ്ണതരംഗങ്ങൾ എന്നിവ പോലെയുള്ള കാലാവസ്ഥാ സംഭവങ്ങൾ പ്രവചിക്കുന്നതിലെ ശ്രദ്ധേയമായ കൃത്യതയാണ് ജെൻകാസ്റ്റ്നെ മറ്റുള്ളവയിൽ നിന്ന് വ്യത്യസ്തമാക്കുന്നത്.

ഈർപ്പം, താപനില, കാറ്റിന്റെ വേഗത, വിവിധ ഉയരങ്ങളിലെ മർദ്ദം, പ്രാദേശിക വിവരങ്ങൾ എന്നിവയുൾപ്പെടെയുള്ള ഹൈപ്പർ-ലോക്കൽ വിവരങ്ങളുമായി ആഗോള കാലാവസ്ഥാ വിവരങ്ങളെ സംയോജിപ്പിച്ചാണ് ഇതിന്റെ പ്രവർത്തനം. മുൻകാല പ്രവചനങ്ങളിൽനിന്നും ഫലങ്ങളിൽ നിന്നും ഫീഡ്ബാക്ക് വിശകലനം ചെയ്തുകൊണ്ട് മെഷീൻ ലേണിംഗ് അൽഗോരിതങ്ങൾ ഉപയോഗിച്ച് കൃത്യത ഉറപ്പാക്കുന്നു. ജെൻകാസ്റ്റ്ന്റെ ഏറ്റവും ആകർഷകമായ സവിശേഷതകളിലൊന്ന് അതിന്റെ വേഗതയാണ്. ജെൻകാസ്റ്റ്ന് 15-ദിവസത്തെ പ്രവചനം സൃഷ്ടിക്കാൻ ഒരൊറ്റ Google Cloud TPU v5 ന് വെറും 8 മിനിറ്റ് മതിയാവും. എന്നാൽ പരമ്പരാഗത ഭൗതികശാസ്ത്രത്തെ അടിസ്ഥാനമാക്കിയുള്ള പ്രവചനങ്ങൾക്ക്, പതിനായിരക്കണക്കിന് പ്രോസസ്സറുകളുള്ള ഒരു സൂപ്പർ കമ്പ്യൂട്ടറിൽ മണിക്കൂറുകളെടുക്കും. യൂറോപ്യൻ സെന്റർ ഫോർ മീഡിയം റേഞ്ച് വെതർ പ്രവചനങ്ങളിൽ (ECMWF) 40 വർഷത്തെ ERA5 പുനർവിശകലന ഡാറ്റയിൽ (1979-2018) ജെൻകാസ്റ്റ് പരിശീലിപ്പിച്ചിരിക്കുന്നു.

ജെൻകാസ്റ്റ് പോലുള്ള എഐ മോഡലുകളും പരമ്പരാഗത പ്രവചന സംവിധാനങ്ങളും തമ്മിലുള്ള സഹകരണം കാലാവസ്ഥാ പ്രവചനങ്ങളുടെ കൃത്യതയും വേഗതയും വർദ്ധിപ്പിക്കും. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് പുതിയ കണ്ടുപിടുത്തങ്ങളുടെ പ്രയോജനം ലഭിക്കുമെന്ന് കരുതാം. ജെൻകാസ്റ്റ് നിർമിച്ചിരിക്കുന്ന കോഡ് ഗൂഗിൾ ലഭ്യമാക്കിയിട്ടുണ്ട്. GitHub ( https://github.com/google-deepmind/graphcast)



**പടിയറ ഫലിതങ്ങൾ**

## പയ്യൻ സംസാരിക്കുമോ?

1972-ൽ ചങ്ങനാശ്ശേരി അതിരൂപത വിഭജിച്ചു കാഞ്ഞിരപ്പള്ളി പ്രത്യേകരൂപതയാക്കി മാറ്റിയപ്പോൾ മാർ ജോസഫ് പൗവ്വത്തിലിനെ കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാനായി നിയമിച്ചു.

കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ പിതാവിനു നൽകിയ സ്വീകരണ സമ്മേളനത്തിൽ മാർ ആന്റണി പടിയറ പറഞ്ഞു: ചങ്ങനാശ്ശേരി അതിരൂപത വിഭജിച്ചു കാഞ്ഞിരപ്പള്ളി ഒരു രൂപതയാക്കി. കർത്താവിന്റെ മണവാട്ടിയായ സഭയെ പരിപാലിക്കുന്ന ഒരു നല്ല വരനെ കാഞ്ഞിരപ്പള്ളിയിലെ അജഗണങ്ങൾ പല സ്ഥലങ്ങളിലും പോയി നോക്കി ഒടുവിൽ എന്നോടു ചോദിച്ചു:

'ചങ്ങനാശ്ശേരിയിലെ സഹായമെത്രാൻ എങ്ങനെയുണ്ട്?'

ഞാൻ പറഞ്ഞു: 'കൊള്ളാം നല്ല കുടുംബത്തിൽ പിറന്നവനാ....'

അടുത്ത ചോദ്യം; 'പയ്യനു വിദ്യാഭ്യാസം ഉണ്ടോ?'

എന്റെ മറുപടി; 'എം.എ പാസ്സായി. അതിലുപരി ഓക്സ്ഫോർഡിൽ പഠിച്ചു. കോളേജിലെ ലക്ചറർ, വാർഡൻ എന്നീ നിലയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.'

കാഞ്ഞിരപ്പള്ളിക്കാർ വീണ്ടും ചോദിച്ചു: 'പയ്യൻ സംസാരിക്കുമോ?'

ഞാൻ പറഞ്ഞു: 'ഇല്ല'

വീണ്ടും ചോദ്യം : 'പയ്യൻ ചിരിക്കുമോ?'

എന്റെ മറുപടി: 'ചിരിയേ ഇല്ല.'

അങ്ങനെ ഞാൻ കാഞ്ഞിരപ്പള്ളിക്കാർക്കു നൽകുന്ന ആളാണു മാർ പൗവ്വത്തിൽ.

മറ്റൊരവസരത്തൽ പിതാവു പറഞ്ഞു: 'അവിടെ എത്തിയിട്ട് ഒരു വർഷം കഴിഞ്ഞപ്പോൾ ഒരു വൃദ്ധൻ എനിക്കെഴുതി. അങ്ങു തന്ന പയ്യൻ ഇപ്പോൾ സംസാരിക്കും, വല്ലപ്പോഴും ചിരിക്കും...'



കുടുംബം

# ഉലയാത്ത വിശ്വാസം



ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ

**അനേകപ്രാവശ്യം തന്റെ ദാസനോട് ''മഴക്കാറുണ്ടോ'' എന്നറിയുവാൻ പ്രവാചകൻ പറഞ്ഞയ്ക്കുന്നു. 'വീണ്ടും പോയി നോക്കുക' എന്നാണ് പറഞ്ഞത്. വീണ്ടും വീണ്ടും ദൈവത്തിന്റെ ഇടപെടലിനായി ക്ഷമയോടെ കാത്തിരിക്കുന്നതാണ് വിശ്വാസം.**



വിശ്വസിക്കുന്ന മനുഷ്യർക്കു ജീവിതത്തിൽ ഏതു പ്രതിസന്ധികളെയും അതിജീവിക്കുവാൻ കഴിയും. മോശയും അബ്രാഹവും പ്രവാചകന്മാരുമെല്ലാം ഇതാണു നമ്മെ പഠിപ്പിക്കുന്നത്. വിശ്വാസ ചരിത്രത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വ്യക്തിയാണ് ഏലിയാ പ്രവാചകൻ.

ദൈവത്തിന്റെ വചനത്തിലുള്ള അടിയുറച്ച വിശ്വാസം നാം അദ്ദേഹത്തിൽ കാണുന്നു. നിറവേറുമെന്നു ദൈവം വാഗ്ദാനം ചെയ്തിട്ടുള്ളവയെല്ലാം ദൈവം നിശ്ചയിച്ച സമയത്തു നിറവേറുമെന്ന് ഏലിയാ പഠിപ്പിക്കുന്നു. രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ 17-ഉം 18-ഉം അധ്യായങ്ങളിൽ നാം ഇതു വായിക്കുന്നു. ഒരു പിതാവ് മകനോടു വാഗ്ദാനം ചെയ്യുന്നതുപോലെയാണ് ദൈവത്തിന്റെ വാഗ്ദാനം. അടുത്ത ഞായറാഴ്ച ഒരു സമ്മാനം കൊടുക്കാമെന്നു തിങ്കളാഴ്ച ഒരു പിതാവ് വാഗ്ദാനം ചെയ്താൽ ഞായറാഴ്ചവരെ മകൻ ആ വാഗ്ദാനപൂർത്തികരണത്തിനായി കാത്തിരിക്കും. ബൈബിളിൽ ദൈവം നല്കുന്ന ഓരോ വാഗ്ദാനവും കാലത്തിന്റെ പൂർണ്ണതയിൽ നിറവേറുമെന്ന പ്രത്യാശയോടെ നാം കാത്തിരിക്കണം.

ലോകം കാണാത്തതും ലോകം കേൾക്കാത്തതും വിശ്വസിക്കുന്ന മനുഷ്യർ കണ്ടെത്തും. മഴക്കാറിന്റെ സാധ്യത പോലുമില്ലാത്തിടത്തും മഴയുടെ സാധ്യതയെ ഏലിയാ കണ്ടെത്തി. പരാജയങ്ങളുടെ നടുവിൽ വിജയത്തിന്റെ സാധ്യതയും തകർച്ചയുടെ നടുവിൽ വിടുതലിന്റെ സാധ്യതയും മുൾക്കിരീടങ്ങളുടെയിടയിൽ മഹിമയുടെ കിരീടവും നാം കണ്ടെത്തണം. ലോകത്തിന് ഒരിക്കലും കണ്ടെത്താനാവാത്ത ദൈവത്തിന്റെ അനന്തസാധ്യതകൾ കാണുന്നതാണ് വിശ്വാസം. അങ്ങനെയുള്ള കാത്തിരിപ്പിന്റെ അവസാനം നാം വിശ്വസിച്ചതും പ്രതീക്ഷിച്ചതും കണ്ടെത്തും. വിശ്വസിക്കുന്ന വ്യക്തി തന്റെ പ്രാർത്ഥനയ്ക്കു വ്യക്തമായ ഉത്തരം ലഭിച്ചു കഴിഞ്ഞിട്ടും അദ്ദേഹം പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നമ്മുടെ ജീവിതത്തിൽ കാര്യസാധ്യം നടക്കുന്നതുവരെ പ്രാർത്ഥിക്കും. ആഗ്രഹിച്ച കാര്യം ലഭിച്ചുകഴിഞ്ഞാൽ നാം പ്രാർത്ഥന ഉപേക്ഷിക്കും. ഒരു തെളിവും ഉത്തരവും ദൈവത്തിൽനിന്നു ലഭിക്കാത്തപ്പോഴും വിശ്വസിക്കുന്ന മനുഷ്യൻ ഉറച്ചുനില്ക്കും.

അനേകപ്രാവശ്യം തന്റെ ദാസനോട് "മഴക്കാറുണ്ടോ" എന്നറിയുവാൻ പ്രവാചകൻ പറഞ്ഞയ്ക്കുന്നു. 'വീണ്ടും പോയി നോക്കുക' എന്നാണ് പറഞ്ഞത്. വീണ്ടും വീണ്ടും ദൈവത്തിന്റെ ഇടപെടലിനായി ക്ഷമയോടെ കാത്തിരിക്കുന്നതാണ് വിശ്വാസം. ആത്മാവിന്റെ ഇരുണ്ട രാത്രിയും വരൾച്ചയും ഒക്കെ ആത്മീയജീവിതത്തിന്റെ അനുഭവമാണ്. അവയുടെ നടുവിൽ തളരാതിരിക്കുന്നതിലാണ് വിശ്വാസത്തിന്റെ തിളക്കം. ഒരിക്കലും അനിശ്ചിതത്വത്തിന്റെ നടുവിൽ ദൈവത്തെ വിട്ടുകളയരുത്. പ്രാർത്ഥനയും ദൃഢനിശ്ചയവും വിട്ടുകളഞ്ഞാൽ നാം ഒന്നുമല്ലാതായിത്തീരും. ശരീരത്തിന്റെ രോഗവും വാർദ്ധക്യത്തിന്റെ ഏകാന്തതയും മറ്റുള്ളവരുടെ വിമർശനവും ഒന്നും നമ്മെ തളർത്തരുത്. അവയുടെയെല്ലാം നടുവിൽ ദൈവത്തെ മുറുകെ പിടിക്കുക.

ചെറിയ മഴക്കാറു കണ്ടപ്പോൾ വലിയ മഴയെ സ്വപ്നം കണ്ടവനാണ് ഏലിയാ. ദൈവത്തിന്റെ ചെറിയ വെളിപ്പെടുത്തലുകളുടെ നടുവിൽ അവിടുത്തെ വലിയ ഇടപെടലിനായി കാത്തിരിക്കണം. അതാണ് വിശ്വാസം. ഉണങ്ങിയ വടി ജലത്തിനുമീതെ നീട്ടിയ മോശയും കാഹളമൂതി ജറീക്കോ കോട്ടയ്ക്കു ചുറ്റും നടന്ന ജോഷ്വായും അഞ്ചപ്പത്തിന്റെ മുന്നിൽനിന്ന യേശുവും പിതാവായ ദൈവത്തിന്റെ വലിയ ഇടപെടലുകളുടെ സാധ്യതയെ മുന്നിൽ കണ്ടു. ശൂന്യതയിൽനിന്നാണ് സൃഷ്ടികർമ്മം ആരംഭിച്ചത്. ഒന്നും വ്യക്തമല്ലാത്ത ശൂന്യതയിൽ ദൈവത്തിലാശ്രയിക്കുക. അത്ഭുതകരമായ സൃഷ്ടികർമ്മങ്ങൾ നമ്മുടെ ജീവിതത്തിലും ആരംഭിക്കും.

ദൈവം തന്റെ സന്ദേശങ്ങൾ ഏല്പിക്കുന്നതു വിശ്വസിക്കുന്ന മനുഷ്യരെയാണ്. അബ്രാഹവും മോശയും പ്രവാചകന്മാരും പൂർവപിതാക്കന്മാരുമെല്ലാം അതിന്റെ തെളിവുകളായി നില്ക്കുന്നു. ബാലനായ സാമുവേലിനെയും ഇടയനായ ദാവീദിനെയുമൊക്കെ തന്റെ ദൗത്യമേൽപ്പിച്ചത് അവരുടെ വിശ്വസവും വിശ്വസ്തതയും കണ്ടതുകൊണ്ടാണ്. ഇടംവലം നോക്കാതെ ദൈവത്തിൽ വിശ്വസിച്ച മറിയത്തെയാണ് രക്ഷകന്റെ അമ്മയായി ദൈവം തെരഞ്ഞെടുത്തത്. ഇന്നല്ലെങ്കിൽ നാളെ നാം ഓരോരുത്തരും മരിക്കും. എങ്കിൽപ്പിന്നെ ദൈവത്തെ വിശ്വസിച്ച് ദൈവത്തോടൊപ്പം യാത്ര ചെയ്ത് ഈ ലോകയാത്ര ധന്യമാക്കി കൂടെ?

# സബ്സിഡിയോടുകൂടി എണ്ണപ്പനകൃഷി

സബ്സിഡിയോടുകൂടി എണ്ണപ്പനകൃഷി ചെയ്യാൻ കർഷകർക്ക് അവസരം സോപ്പ്, സോപ്പ് പൗഡർ, കോസ്മെറ്റിക്സ്, ലൂബ്രിക്കൻസ്, പെയിന്റ്, മെഴുകുതിരി, ഗ്രീസ് മുതലായവയുടെ ഉത്പാദനവും കയറ്റുമതിയുമായും ബന്ധപ്പെട്ട് എണ്ണപ്പന കൃഷി കൂടുതൽ വാണിജ്യ പ്രാധാനമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ദീർഘകാല എണ്ണ ഉത്പാദന വിളകളിൽ ഒരു യൂണിറ്റ് സ്ഥലത്ത് ഏറ്റവും കൂടുതൽ എണ്ണ ഉത്പാദിപ്പിക്കാൻ കഴിവുള്ള ഏകവിള എണ്ണപ്പന മാത്രമാണ്. ഒരു ഹെക്ടർ എണ്ണപ്പനയിൽ നിന്നു 4 ടൺ എണ്ണ ഉത്പാദിപ്പിക്കാൻ കഴിയും. കിലോക്ക് 17.25 രൂപ നിരക്കിലാണ് ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് സംഭരിക്കുന്നത്.

നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽ - ഓയിൽപാം (NMEO-OP) എന്ന പേരിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്താഭിമുഖ്യത്തിൽ എണ്ണപ്പന കൃഷി വ്യാപകമാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം അനുയോജ്യമെന്ന് കണ്ടെത്തിയ സ്ഥലത്തേക്ക് കൃഷി വ്യാപിപ്പിക്കുകയാണ് ലക്ഷ്യം.

**പദ്ധതിയുടെ വിശദവിവരങ്ങൾ**

1. കൃഷിക്കാവശ്യമായ സങ്കരവർഗത്തിൽപ്പെട്ട ടെനിറ തൈകൾ വാങ്ങുന്നതിന് ഹെക്ടറിന് 20000 രൂപ സബ്സിഡി നൽകും.
2. ആദ്യ നാലു വർഷം കൃഷി ചെലവിന്റെ 50 ശതമാനത്തിൽ കവിയാത്ത തുക സബ്സിഡിയായി ഓരോ വർഷവും ഹെക്ടർ ഒന്നിന് 5,250 രൂപ വച്ച് മൊത്തം 21,000 രൂപ നൽകും.
3. ഇടവിളകൃഷിക്കും ആദ്യ 4 വർഷക്കാലം ഹെക്ടറിന് 5250 രൂപ വച്ച് മൊത്തം 21000 രൂപ നൽകും.
4. എണ്ണപ്പന കൃഷിക്കനുയോജ്യമായ സ്ഥലം കണ്ടെത്താനും തൈകൾ നടുന്നതിനും വേണ്ട സാങ്കേതിക ഉപദേശം ലഭ്യമാക്കും.
5. എണ്ണപ്പന കൃഷിയിൽ പരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്ക് സാങ്കേതിക പരിശീലനം നൽകും.
6. ഉത്പാദിപ്പിക്കുന്ന എണ്ണപ്പനക്കുലകൾ ഓയിൽപാം ഇന്ത്യ സംഭരിച്ച് അതിന്റെ വില എണ്ണവിലയുടെ അടിസ്ഥാനത്തിൽ തിട്ടപ്പെടുത്തി കൃഷിക്കാർക്ക് നൽകും.
7. എണ്ണപ്പനക്കുലകൾ ഫാക്ടറിയിൽ എത്തിക്കുന്നതിനു വാഹനകൂലിയുടെ വിഹിതം കുലയുടെ തൂക്കം, കൃഷി സ്ഥലത്തുനിന്നുള്ള ദൂരം എന്നിവയുടെ അടിസ്ഥാനത്തിൽ കർഷകർക്കു നൽകും.
8. കുലവെട്ടുന്നതിന് ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് പദ്ധതി പ്രകാരമുള്ള സഹായം ലഭ്യമാക്കും.
9. ട്രിപ്പ് ഇറിഗേഷൻ, കുഴൽക്കിണർ, തൈകളുടെ സംരക്ഷണ വേലി സ്ഥാപിക്കൽ എന്നിവയ്ക്ക് പദ്ധതി പ്രകാരം സബ്സിഡി അനുവദിക്കും.



RNI Reg. No. KERMAL/2012/45157 Annual Subscription Rs. 150/-
Postal Reg. No. KL/CHC/64/2023-25 Published on February 1




Printed & Published by Fr. Boby Alex Mannamplackal, Diocese of Kanjirapally. Printed at Rashtra Deepika Limited, Vadavathoor. Chief Editor: Fr. Justin Mathiyath. Designed at Divine Graphics KPLY.